കാഞ്ഞിരപ്പള്ളി രൂപതാ മുഖപത്രം

# ദർശകൻ

DARSAKAN

വാല്യം: 14 ലക്കം: 04 | നേരായ ജീവിതം ശരിയായ ദർശനം | ഏപ്രിൽ 2025

## ഇനി കാനഡയിലേക്ക് വരുന്നവർ ശ്രദ്ധിക്കുക

സ്റ്റുഡൻസ് വിസയിൽ തൽക്കാലത്തേക്ക് അല്ലെങ്കിൽ കുറച്ചു വർഷത്തേക്ക് കാനഡയിലേക്ക് വരാതിരിക്കുക. നിലവിലിരിക്കുന്ന കുടിയേറ്റ നയത്തിന്റെ കുറവുകൾ മനസ്സിലാക്കി ഒരു ക്രമാനുഗതമായ നയത്തിന്റെ ആവശ്യം അവർ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇവിടെ വരുന്നവർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും പലപ്പോഴുമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം.

മാർ ജോസ് കല്ലുവേലിൽ
മിസ്സിസാഗ രൂപതയുടെ മെത്രാൻ

PAGE 02

## കുട്ടികളിലെ ആത്മഹത്യാപ്രവണത: മാതാപിതാക്കളറിയാൻ



പഠന റിപ്പോർട്ട്

ഡോ. സിസ്റ്റർ ആനി മരിയ സിഎംസി
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
REIC& AC, ICH, ഗവ. മെഡിക്കൽ കോളജ്, കോട്ടയം

PAGE 03




## തിരുവുത്ഥാനം പകരുന്ന നവസംസ്കൃതി



മാർ ജോസ് പുളിക്കൽ

മിശിഹായുടെ തിരുവുത്ഥാനം പ്രപഞ്ചഗതിയെ മാറ്റിമറിച്ച ചരിത്രസംഭവമാണ്. ഈശോയിലൂടെ പൂർണ്ണത വരിക്കുന്ന ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ കേന്ദ്രമാണ് മിശിഹായുടെ മരണോത്ഥാനങ്ങൾ. മിശിഹാസംഭവം പുതിയ സംസ്കൃതിയിലേക്കും ദർശനങ്ങളിലേക്കുമാണ് ലോകത്തെ നയിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമായ ഈശോയുടെ ഉയിർപ്പ് മനുഷ്യകുലത്തിന് രക്ഷയുടെ കവാടമാണ്.

ഭീകരപ്രവർത്തനങ്ങളും യുദ്ധങ്ങളും നിറഞ്ഞു ഭീഷണമായ സാഹചര്യമാണ് ലോകമെമ്പാടുമുള്ളത്. കാലികകേരളം ദിനംതോറുമുണരുന്നത് അരുംകൊലകളുടെയും ക്രൂരപീഡനങ്ങളുടെയും കണ്ണീർവാർത്തകളറിഞ്ഞുകൊണ്ടാണ്. ഏതോ ദുരന്ത ഭൂമികയിലേക്കാണ് ഈ നാടുനടക്കുന്നത് എന്ന പ്രതീതി എവിടെയുമുണ്ട്. മദ്യവും മയക്കുമരുന്നും ഡിജിറ്റൽ മീഡിയായും തീർക്കുന്ന അടിമത്തം സമൂഹത്തെ പ്രത്യേകിച്ച് യുവതലമുറയെ ആപത്ക്കരമായ പ്രതിസന്ധിയിലാഴ്ത്തിയിട്ടുണ്ട്. വെറുപ്പും നിരാശയും സ്വാർത്ഥമോഹങ്ങളും മനുഷ്യമനസ്സിനെ കീഴ്പ്പെടുത്തുമ്പോഴാണ് അടിമത്തവും ക്രൂരതകളുമുടലെടുക്കുന്നത്. അതു തുറന്നിടുന്നത് മരണസംസ്കാരത്തിന്റെ വാതായനങ്ങളാണ്.

മിശിഹായുടെ ഉയിർപ്പാണ് പ്രത്യാശനിറഞ്ഞ പുതിയ സംസ്കൃതിക്ക് രൂപം നൽകിയതെന്ന സത്യം നാമോർക്കണം. മരണസംസ്കാരത്തിൽ നിന്നും ജീവന്റെ ഉത്സവത്തിലേക്കുള്ള ക്ഷണമാണിത്. സഹനത്തിനും മരണത്തിനും മുമ്പിൽ വഴിമുട്ടി നില്ക്കുന്ന മനുഷ്യന്റെ അന്വേഷണങ്ങൾക്കുമുള്ള ശരിയുത്തരമാണ് നിത്യജീവൻ. നിത്യജീവനിലേക്കുള്ള കവാടമാണ് ഈശോ തന്റെ കുരിശുമരണത്തിലൂടെ തുറന്നത്. സ്വർഗ്ഗത്തിലേക്ക് തുറക്കപ്പെട്ട വിശുദ്ധ വാതായനമാണ് ഉത്ഥിതന്റെ കല്ലറയെന്നത് ഉയിർപ്പുതിരുനാളിന്റെ പ്രഘോഷണമാണ്. മനുഷ്യജീവിതത്തിലെ സഹനത്തിനും മരണത്തിനും വ്യക്തമായ വ്യാഖ്യാനവും അർത്ഥവും നൽകാൻ ക്രൂശിതനും ഉത്ഥിതനുമായ വ്യക്തിക്കു മാത്രമേ സാധിക്കൂ എന്നതാണ് സത്യം. മരണത്തിന്റെ കൊടുംക്രൂരതകളുടെ ഇരുട്ടിൽ അടിപതറുന്ന ലോകത്തിന് പ്രത്യാശ നൽകുന്ന ദൂതാണ് ഉയിർപ്പുതിരുന്നാൾ.

ശേഷം 2-ാം പേജിൽ



## എഡിറ്റോറിയൽ

# പ്രശ്നങ്ങളല്ല പരിഹാരങ്ങളാണ് വേണ്ടത്

ഏലത്തൂരിൽ ലഹരിക്കടിമയായ മകനെ പൊലീസിനു ഏല്പിച്ചുകൊടുക്കേണ്ടി വന്ന അമ്മയും, കളമശേരി പോളിടെക്നിക് കോളേജിൽ നടന്ന വൻ ലഹരിവേട്ടയും അനുദിനം ഉയർന്നുവരുന്ന പരാതികളുടെ എണ്ണവും കേരളത്തിലെ സാമൂഹികാന്തരീക്ഷം ഏറെക്കുറെ വ്യക്തമാക്കുന്നുണ്ട്. ജനുവരി-ഫെബ്രുവരി മാസങ്ങളിലായി സംസ്ഥാനത്തെ ഡി അഡിക്ഷൻ കേന്ദ്രങ്ങളിൽ 18 വയസ്സിനു താഴെയുള്ള, 588 കുട്ടികൾ ചികിത്സ നേടിയെന്ന് മന്ത്രി എം ബി രാജേഷ് നിയമസഭയിൽ പറഞ്ഞത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. 2021 മുതൽ ചികിത്സ നേടിയവരുടെ കണക്ക് പരിശോധിക്കുമ്പോൾ, 2021 ൽ 681 പേർ ആയിരുന്നെങ്കിൽ 2022 ൽ 1238-ഉം 2023 ൽ 1982-ഉം 2024 ൽ 2880 ആയി എണ്ണത്തിൽ വൻ വർദ്ധനവാണ് ഉണ്ടായത്. ഈ കണക്കുകൾ കേരളസമൂഹത്തിൽ ലഹരിമാഫിയകൾ പിടിമുറുക്കുന്നു എന്നതിന്റെ സൂചനയാണ്.

കാര്യമായ ദൂഷ്യഫലങ്ങളുള്ള എം.ഡി.എം.എ പോലുള്ള മയക്കുമരുന്നുകൾ മലയാളി യുവാക്കളുടെ നാശകരമായ ഹരമായി മാറുകയാണെന്ന് നാഷണൽ നാർക്കോട്ടിക് കോ ഓർഡിനേഷൻ പോർട്ടലിന്റെ റിപ്പോർട്ടിലുണ്ട്. വിദേശത്തുനിന്നും ഇന്ത്യയിലേക്ക് കടത്തപ്പെടുന്ന ലഹരിവസ്തുക്കളുടെ അളവ് ഞെട്ടിപ്പിക്കുന്നതാണ്. കഴിഞ്ഞ വർഷം മാത്രം ഇന്ത്യയിൽ പിടികൂടിയത് 25330 കോടി രൂപയുടെ മയക്കുമരുന്നാണ് എന്നതാണ് കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക വെളിപ്പെടുത്തൽ. 2023 നെ അപേക്ഷിച്ച് ഏകദേശം 53 ശതമാനം വളർച്ചയാണ് 2024 ൽ ഉണ്ടായത്.

ലഹരിവിപത്തിനെ ചെറുക്കാൻ ജനങ്ങളെയും വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുള്ള ക്യാമ്പയിൻ സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത് ശ്ലാഘനീയമാണ്. എന്നാൽ മദ്യവ്യാപനത്തിനു നേതൃത്വം കൊടുക്കുന്ന സർക്കാർ തന്നെ ലഹരിവിരുദ്ധ ക്യാമ്പയിനുമായി മുന്നോട്ടു വരുമ്പോൾ അതിനു എത്രത്തോളം വിശ്വാസ്യത ഉണ്ടാവും എന്ന കോൺഗ്രസ് നേതാവായ വി.എം സുധീരന്റെ തുറന്ന കത്തിലെ ചോദ്യം വളരെ പ്രസക്തമാണ്.

എന്നിരുന്നാലും സർക്കാരിന്റെയും മതസംഘടനകളുടെയും മാധ്യമങ്ങളുടെയും പ്രയത്ന ഫലമായി ലഹരിക്കെതിരെ ഒരു പുത്തൻ ഉണർവ് ഇന്ന് സമൂഹത്തിൽ ഉണ്ടായിട്ടുണ്ട്. അതിനുള്ള തെളിവാണ് ലഹരി ഉപയോഗം പൊലീസിനെ അറിയിക്കുന്നവരുടെ എണ്ണത്തിൽ ഉണ്ടായ റെക്കാർഡ് വർദ്ധന. "യോദ്ധാവ്" വാട്സാപ്പ് നമ്പറിലേക്കും ആന്റി ഡ്രഗ്സ് കൺട്രോൾ റൂമിലേക്കും കോളുകൾ വന്നുകൊണ്ടിരിക്കുന്നു. ലഹരി കടത്തുന്നവരെയും വിൽക്കുന്നവരെയും ഉപയോഗിക്കുന്നവരെയും പിടികൂടാൻ ഓരോ സ്റ്റേഷനിലും പ്രത്യേക ലഹരി വിരുദ്ധ സ്ക്വാഡ് രൂപീകരിച്ചുള്ള ഓപ്പറേഷൻ 'ഡി ഹണ്ട്' പോലുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

കാഞ്ഞിരപ്പള്ളി രൂപത കെ സി ബി സി മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ ഡിപ്പാർട്മെന്റുകളുടെയും സംഘടനകളുടെയും സഹകരണത്തോടെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ഒരു വർഷത്തെ തീവ്രകർമ്മ പരിപാടികൾ തയ്യാറാക്കിക്കഴിഞ്ഞു. രൂപത എസ്.എം.വൈ.എം, ദീപിക (ഡി.സി.ൽ), കെ.സി.എസ്.എൽ, ഫാമിലി അപ്പസ്തോലേറ്റ്, മാതൃവേദി, തുടങ്ങിയ സംഘടനകൾ ഇപ്പോൾ കർമ്മരംഗത്തു ഇറങ്ങിക്കഴിഞ്ഞു.

ലഹരിക്കെതിരായി പോരാട്ടം തുടർന്നുകൊണ്ടേയിരിക്കണം. തെറ്റ് ചെയ്തവർക്കും അതിനു പ്രേരകമായവർക്കും നിയമം അനുശാസിക്കുന്ന പരമാവധി ശിക്ഷ നല്കണം. എന്നാലും നാം ഒരു കാര്യം വിസ്മരിക്കരുത് - ചികിത്സയല്ല പ്രതിരോധമാണ് മുഖ്യം. ചികിത്സാകേന്ദ്രം തുടങ്ങിയാൽ പോരാ ചികിത്സ നേടാൻ പ്രേരിപ്പിക്കണം. ഒപ്പം തെറ്റിൽ അകപ്പെട്ടവരെ ഒറ്റപ്പെടുത്തുകയല്ല ചേർത്തു നിർത്തി വീണ്ടെടുക്കുകയാണ് വേണ്ടത്. അവരെ പുനരധിവസിപ്പിക്കാനും വീണ്ടും വീണു പോകാതിരിക്കാനും ആവശ്യമായ ശ്രമങ്ങളും കരുതലുകളും സ്വീകരിക്കുകയും വേണം. നമുക്കുവേണ്ടത് വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുന്ന ആരോപിക്കപ്പെടുന്ന കുറ്റങ്ങളും പ്രശ്നങ്ങളുമല്ല മറിച്ച്, പരിഹാരങ്ങളാണ്. ❖

Darsakan, P.B. No. 22, Kanjirapally-686 507.
Ph: 7025466111 |
E-mail: darsakankply@gmail.com | www.darsakan.in

# ഇനി കാനഡയിലേക്ക് വരുന്നവർ ശ്രദ്ധിക്കുക



**മാർ ജോസ് കല്ലുവേലിൽ**
മിസ്സിസാഗ രൂപതയുടെ മെത്രാൻ

മിസ്സിസാഗ രൂപതയുടെ ചുമതലയേറ്റ ആദ്യദിനം മുതലേ മനസ്സിൽ സൂക്ഷിക്കുന്ന ഒരു ചിന്തയാണ് 'To protect and promote the Church' - 'തിരുസഭയെ സംരക്ഷിക്കുക വളർത്തുക' എന്നത്. ഈ രൂപതയുടെ ഇന്നിന്റെ സാമൂഹിക പശ്ചാത്തലത്തിൽ നിന്നു നോക്കുമ്പോൾ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നൽകിയ നിയമന ഉത്തരവിലെ ഈ ചിന്ത ഏറെ പ്രസക്തമാണ്. രൂപതാധ്യക്ഷൻ എന്ന നിലയിൽ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്നവരുടെ വിശ്വാസം സംരക്ഷിക്കുക, ആത്മീയ സമ്പത്തുകൾ സംരക്ഷിക്കുക എന്നത് ഒരു പ്രധാനപ്പെട്ട ദൗത്യമാണ്. ഇന്ന് ധാർമ്മികമൂല്യങ്ങളെ നശിപ്പിക്കുന്ന അനവധി തിന്മയുടെ ശക്തികൾ ഇവിടെയുണ്ട്. അമിതമായ കടന്നുകയറ്റം സാംസ്കാരിക വൈവിധ്യം എന്നതിന്റെ പേരിൽ ക്രിസ്തീയ വിശ്വാസത്തെ തുടച്ചുനീക്കുന്ന സംവിധാനങ്ങളും രീതികളും ഇവിടെ കടന്നുകൂടിയിരിക്കുന്നു. LGBTQ, സ്വവർഗ്ഗവിവാഹം, ഭ്രൂണഹത്യ, ലിംഗമാറ്റം, ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം എന്നിവ ഉയർത്തുന്ന വെല്ലുവിളികൾ അവയിൽ ചിലത് മാത്രം. ഇത്തരത്തിൽ കാനഡയിലേക്ക് കുടിയേറാൻ നിൽക്കുന്ന കുടുംബങ്ങളും യുവജനങ്ങളും പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും ഇവിടുത്തെ രാഷ്ട്രീയ സാമൂഹിക ആധ്യാത്മിക പശ്ചാത്തലത്തിൽ ചില നിർദ്ദേശങ്ങൾ നൽകുവാൻ ആഗ്രഹിക്കുകയാണ്.

കാനഡയിലേക്ക് പറിച്ചു നടപ്പെടുന്ന കുട്ടികൾക്ക് നഷ്ടപ്പെടുന്ന നന്മകളിൽ ഒന്നാണ് കണക്ടീവിറ്റി (Connectivity) അഥവാ ബന്ധപ്പെടൽ. പലപ്പോഴും കാനഡയിൽ വന്ന് കുറച്ചുനാളുകൾക്കുള്ളിൽ മാതാപിതാക്കളും സഹോദരങ്ങളും ഇവിടുത്തെ സമൂഹവുമായുള്ള ബന്ധങ്ങൾ വിച്ഛേദിക്കുന്നു. ഈ ബന്ധങ്ങളുടെ കുറവ് ദൈവവും സഭയുമായുള്ള ബന്ധത്തിലും പ്രതിഫലിക്കാം. എന്നാൽ പ്രാരംഭത്തിൽ തന്നെ ഇവിടെയുള്ള രൂപതയും ഇടവകകളുമായുള്ള ആത്മീയബന്ധം തുടങ്ങിയാൽ ഈ ബന്ധങ്ങളുടെ വിച്ഛേദനം ഒഴിവാക്കുവാൻ സാധിക്കും. ആദ്യമേ എനിക്ക് പറയാനുള്ളത് സ്റ്റുഡൻസ് വിസയിൽ തൽക്കാലത്തേക്ക് അല്ലെങ്കിൽ കുറച്ചു വർഷത്തേക്ക് കാനഡയിലേക്ക് വരാതിരിക്കുക എന്നതുതന്നെയാണ്. നിലവിലിരിക്കുന്ന കുടിയേറ്റ നയത്തിന്റെ കുറവുകൾ മനസ്സിലാക്കി ഒരു ക്രമാനുഗതമായ നയത്തിന്റെ ആവശ്യം അവർ തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇവിടെ വരുന്നവർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ പോലും പലപ്പോഴുമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. നാട്ടിൽ വച്ച് വാഗ്ദാനം കിട്ടിയ പല പാഠ്യക്രമങ്ങളും പഠനസൗകര്യങ്ങളും ഇവിടെ ഇന്ന് ലഭ്യമല്ല. മറ്റൊരു കാര്യം പാർട്ടൈം ജോലി കിട്ടാനില്ല എന്നതാണ്. ഒപ്പം പഠനത്തിന്റെ ഫീസിൽ വളരെയധികം വർദ്ധനവും ഉണ്ടാവുകയും ചെയ്തു. മറ്റൊരു പ്രശ്നമാണ് താമസസൗകര്യം. കിട്ടുന്ന ജോലി ചെയ്തതിനുശേഷം രാത്രി രണ്ടോ മൂന്നോ മണിക്കൂർ ഉറങ്ങാൻ കിട്ടിയാൽ കാനഡ പോലുള്ള വികസിത രാജ്യത്ത് താമസത്തിനുള്ള സ്ഥലമില്ല എന്ന വാസ്തവം പലർക്കും വിശ്വസിക്കാൻ ബുദ്ധിമുട്ടുള്ളതാണ്. ആഹാരത്തിന് നിർവാഹം ഇല്ലാത്ത അവസ്ഥയും ഇവിടെയുണ്ട്. മുൻപ് ഗവൺമെന്റിന്റെ ഫ്രീ ഫുഡ് ബാങ്ക് ഉണ്ടായിരുന്നെങ്കിൽ ഇന്ന് പ്രവർത്തിക്കുന്നില്ല. മറ്റൊരു പ്രധാന വിഷയം സ്റ്റുഡൻസ് വിസയും പി. ആറും ഉം തമ്മിൽ വേർപ്പെടുത്തുകയും ചെയ്തു എന്നതാണ്. പഠനത്തിനായി വന്ന യുവതി യുവാക്കൾ പഠനകാലം കഴിയുമ്പോൾ തിരികെ പോകേണ്ട അവസ്ഥയും വരുന്നു. വർക്ക് പെർമിറ്റ്, പി.ആർ എന്നിവ കിട്ടണമെന്ന് ഒരു നിർബന്ധവുമില്ല. രണ്ടു വർഷത്തെ ഡിപ്ലോമ കോഴ്സിനു ശേഷം മൂന്നുവർഷത്തെ സ്റ്റേബാക്ക്, പഠനത്തോടൊപ്പം ജോലി തുടർന്ന് മൂന്നുവർഷം ജോലി തുടർന്ന് പി. ആർ എന്ന സാധ്യത നിലച്ചിരിക്കുന്നു. എന്നാൽ പി.ആറിൽ വരാൻ പറ്റുമെങ്കിൽ അതാണ് ഏറ്റവും നല്ലത്. അപ്പോൾ ജോലിക്ക് കുറച്ചുകൂടി ഗ്യാരണ്ടി ഉണ്ട്. ഇതിനുപുറമേ കുട്ടികൾ ചെന്ന് വീഴാൻ സാധ്യതയുള്ള ഒരുപാട് ചതിക്കുഴികളും അപകടങ്ങളും ഉണ്ട്. വിവാഹിതരായിട്ട് വരുന്നവർക്ക് പരസ്പരം സപ്പോർട്ട് ചെയ്യുവാൻ സാധിക്കുമെങ്കിൽ അവിവാഹിതർക്കും കുട്ടികൾക്കും പ്രത്യേകിച്ച് 17-18 വയസ്സ് മാത്രം പ്രായമുള്ളവർക്ക് ഇതിന് സാധിക്കുകയുമില്ല എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. അതുകൊണ്ട് കാനഡയിലേക്ക് വരാൻ ആഗ്രഹിക്കുന്നവർ കുറച്ചുകൂടി ശ്രദ്ധയോടുകൂടി കാര്യങ്ങൾ പഠിച്ചതിനുശേഷം മാത്രം കാനഡയിലേക്ക് വരുവാനായി ശ്രമിക്കുക.

### മാർ ജോസ് കല്ലുവേലിൽ



1955 നവംബർ 15 നു പാലാ രൂപതയിലെ കുറവിലങ്ങാട് ഇടവക കല്ലുവേലിൽ കുടുംബത്തിൽ ജോസഫിന്റെയും അന്നാമ്മയുടെയും ഏറ്റവും ഇളയ മകനായി ജനിച്ചു. പ്രാരംഭപഠനത്തിനുശേഷം തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരി, കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരി എന്നിവിടങ്ങളിൽ വൈദിക പരിശീലനം പൂർത്തിയാക്കി. 1984 ഡിസംബർ 18നു പാലക്കാട് രൂപതയിലെ വൈദികനായി പൗരോഹിത്യപട്ടം സ്വീകരിച്ചു. 2013 ആഗസ്റ്റ് 6 നു കാനഡയിലെ ഓൻഡാറിയോ പ്രോവിൻസിലുള്ള സീറോ മലബാർ വിശ്വാസികളുടെ അജപാലന ശുശ്രൂഷയ്ക്കായി അയ്ക്കപ്പെട്ടു. തുടർന്ന് 2015 സെപ്റ്റംബർ 19നു മെത്രാഭിഷേകം സ്വീകരിച്ച്, പുതുതായി സ്ഥാപിക്കപ്പെട്ട കാനഡയിലെ മിസ്സിസാഗാ രൂപതയുടെ പ്രഥമ മെത്രാനായി ചുമതലയേറ്റു. 'എല്ലാം ദൈവമഹത്വത്തിനായി' എന്നതാണ് പിതാവിന്റെ ആപ്തവാക്യം.

1-ാം പേജിൽ നിന്നു തുടർച്ച.... **തിരുവുത്ഥാനം പകരുന്ന നവസംസ്കൃതി**

ക്രിസ്തുവിന്റെ കണ്ണിലൂടെ സഹജീവികളെ, ചുറ്റുപാടുകളെ നോക്കിക്കാണാനുള്ള വെളിച്ചത്തിന്റെ പേരാണ് വിശ്വാസമെന്നത്. *(Lumen Fidei 18)* സഹോദരങ്ങളുടെ വേദനകളും കണ്ണുനീരും സ്വന്തമായിക്കരുതി ചേർത്തുപിടിക്കാനുള്ള വിശാലമനസ്സിലേക്കാണ് ഉത്ഥിതനായ മിശിഹാ നമ്മെ നയിക്കുന്നത്. കണ്ണീർച്ചാലിന്റെ വിടവിലൂടെ ഉത്ഥിതന്റെ മുഖം ദർശിച്ച മഗ്ദലക്കാരി മറിയത്തിന്റെ ഹൃദയഭാവത്തിലേക്കാണ് നമ്മൾ പ്രവേശിക്കേണ്ടത്. മിശിഹായുടെ മുഖദർശനം യഥാർത്ഥ ഉൾക്കാഴ്ചകളിലേക്കും ബോധ്യങ്ങളിലേക്കും നമ്മെ എത്തിക്കുമെന്നതു തീർച്ച.

ഞായറാഴ്ച്ചയുടെ പ്രഭാതത്തിൽ ദുഃഖഭാരത്താൽ നിറഞ്ഞ മിഴികളോടെ ഈശോയുടെ കബറിടത്തിലേക്ക് നടക്കുന്ന മഗ്ദലേന മറിയം ആനന്ദനിറവിൽ പ്രത്യാശയുടെ ദൂതുമായി കല്ലറയിൽനിന്നു മടങ്ങുന്ന സംഭവം ഉയിർപ്പുതിരുനാളിന്റെ ധ്യാനമാണ്. നിറംകെട്ടുപോയ ഒരു ജീവിതം പതിന്മടങ്ങു ശോഭയോടെ തിളങ്ങുന്ന മനോഹര കാഴ്ച്ചയാണിത്! ഈശോയുടെ ശിഷ്യഗണങ്ങളെപ്പോലും വെളിച്ചത്തിലേക്കു നയിക്കുന്ന സാന്നിധ്യമായി അവൾ മാറുന്നു. എന്നാൽ ആത്മാർത്ഥതയും സ്നേഹവും നിറഞ്ഞ ഒരമ്പേഷണവും സമർപ്പണവുമാണ് അവളുടെ ജീവിതത്തെ മാറ്റിമറിച്ചതെന്ന വസ്തുത നാം മറക്കരുത്.

തിരുവുത്ഥാനത്തിന്റെ വെളിച്ചംസ്വീകരിക്കുന്ന എല്ലാ ഹൃദയങ്ങളിലും പ്രതീക്ഷയും ആനന്ദവും സ്നേഹവും നിറയുന്നതായി സുവിശേഷം വെളിപ്പെടുത്തുന്നു. ഈ ക്രിയാത്മക ഗതിമാറ്റമാണ് പുതിയ സംസ്കൃതിയുടെ സ്വഭാവം നിർണ്ണയിക്കുന്നത്. ഉയിർപ്പിൽ ജനിക്കുന്ന പുതിയ സംസ്കാരം ജീവന്റെയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ആകെത്തുകയാണ്. സ്നേഹവും ജീവനും ഇടകലരുന്ന പുതിയ ആകാശവും ഭൂമിയുമാണ് ലോകത്തെ നന്മയിലേക്കും പുരോഗതിയിലേക്കും നയിക്കുന്നത്.

ഉത്ഥിതനായ മിശിഹായുടെ ശരീരവും തുടർച്ചയുമായ സഭയിലാണ് നമ്മൾ വിശ്വാസം സ്വീകരിക്കുന്നതും ജീവിക്കുന്നതും. സഭയുടെ ആരാധനാകേന്ദ്രമായ വിശുദ്ധ കുർബാനയും കൂദാശകളും സഭയക്കു നൽകപ്പെട്ട ദൈവവചനവുമാണ് വിശ്വാസജീവിതത്തിൽ നമ്മെ പരിപോഷിപ്പിക്കുന്നത്. മനുഷ്യന്റെ അന്വേഷണങ്ങളും കണ്ടെത്തലുകളും നേട്ടങ്ങളുമെല്ലാം വിശ്വാസത്തിലും സ്നേഹത്തിലുമധിഷ്ഠിതമാകുമ്പോൾ അവ സമഗ്രവളർച്ചയിലേക്കും നന്മനിറഞ്ഞ സംസ്കൃതിയിലേക്കും വഴി തുറക്കുന്നു. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾക്കൊപ്പം ഉത്ഥിതനായ മിശിഹാ നൽകുന്ന ശാന്തിയും ആനന്ദവും ഏവർക്കും ആശംസിക്കുന്നു. ❖

# കുട്ടികളിലെ ആത്മഹത്യാപ്രവണത: മാതാപിതാക്കളറിയാൻ





**ഡോ. സിസ്റ്റർ ആനി മരിയ സിഎംസി**
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്
REIC& AC, ICH,
ഗവ. മെഡിക്കൽ കോളജ്, കോട്ടയം

ബംഗളുരുവിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസ് (NIMHANS), ഇന്ത്യയിൽ 9 സംസ്ഥാനങ്ങളിലെ 30 സർവ്വകലാശാലകളിൽനിന്നുള്ള 8542 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി അടുത്തയിടെ നടത്തിയ ഒരു പഠനത്തിൽ വിദ്യാർത്ഥികളിൽ ആത്മഹത്യാപ്രവണത വർധിക്കുന്നു എന്ന് കണ്ടെത്തുകയുണ്ടായി. ലഹരി ഉപയോഗം, വിഷാദരോഗം, അമിതമായ ഉത്കണ്ഠ, മാനസികസമ്മർദ്ദം, മൊബൈൽ ഗെയിം അഡിക്ഷനുകൾ, തൽഫലമായുണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾ, പ്രണയനൈരാശ്യം ഇവയൊക്കെയാണ് ആത്മഹത്യയിലേയ്ക്കു നയിക്കുന്ന പ്രധാന കാരണങ്ങൾ. 2025 തുടങ്ങിയതു മുതൽ കേരളത്തിൽ നടന്നിട്ടുള്ള ആത്മഹത്യകളെക്കുറിച്ചു പഠിച്ചാൽ അവയിൽ കൂടുതലും യുവജനങ്ങളും കൗമാരക്കാരുമാണെന്ന് വ്യക്തമാണ്. വ്യക്തികളും കുടുംബങ്ങളും സമൂഹവും സംഘാതമായി പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ യുവതലമുറയെ നമുക്കു രക്ഷിക്കാനാവൂ. ഇതിനായി പെട്ടെന്ന് സ്വീകരിക്കാവുന്ന ചില മുൻകരുതലുകൾ ചുവടെ ചേർക്കുന്നു.

1. ആത്മഹത്യാപ്രവണത ആരിലെങ്കിലുമുണ്ട് എന്നു മനസ്സിലാക്കിയാൽ അയാളുടെ അടുത്തുനിന്നും ആത്മഹത്യയ്ക്ക് ഉപയോഗിച്ചേക്കാവുന്ന വസ്തുക്കൾ (മൂർച്ചയുള്ള ആയുധങ്ങൾ, മരുന്ന്, കയർ മുതലായവ) മാറ്റിവയ്ക്കുക.
2. ഒറ്റയ്ക്കായിരിക്കാൻ ഇടയാക്കാതെ ആരെങ്കിലും കൂടെയായിരിക്കുക (ആ വ്യക്തിയെ അനുനയിപ്പിച്ച് പിന്തിരിപ്പിക്കാൻ തക്ക സ്വാധീനവും ബന്ധവുമുള്ള ആളാണെങ്കിൽ കൂടുതൽ നല്ലത്).
3. എത്രയും വേഗം ഒരു മനോരോഗ വിദഗ്ധന്റെ സഹായം ലഭ്യമാക്കുക.

ഒരാളെ ആത്മഹത്യയുടെ വക്കിൽനിന്നും രക്ഷിക്കാനല്ല അപ്രകാരമൊരു അവസ്ഥയിലേയ്ക്കെത്താതിരിക്കാനുള്ള മുൻകരുതലുകൾ ചെയ്യുക എന്നതാണ് പരമപ്രധാനം.

1. സ്കൂൾ കാലഘട്ടം മുതൽ ഇടയ്ക്ക് മാനസികാരോഗ്യ വിദഗ്ധരുടെ സേവനം സ്വീകരിക്കുന്ന ഒരു രീതി കുട്ടികളിൽ പ്രോത്സാഹിപ്പിക്കുക.
2. കുടുംബങ്ങളിൽ തുറവിയും കരുതലുമുള്ള അന്തരീക്ഷം സംജാതമാക്കുക.
3. വിഷാദം, ഉത്കണ്ഠ, ലഹരി ഉപയോഗം, മാനസിക സമ്മർദ്ദങ്ങൾ ഇവയുടെ സൂചനകൾ തിരിച്ചറിയുന്നതിനുള്ള പരിജ്ഞാനം മാതാപിതാക്കൾ നേടുക.
4. ആരോഗ്യകരമായ സൗഹൃദങ്ങൾ പ്രോത്സാഹിപ്പിക്കുക.
5. കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള ഭക്ഷണം, യാത്ര, വിനോദങ്ങൾ തുടങ്ങിയവയ്ക്കു നിർബന്ധമായും സമയം കണ്ടെത്തുക. കുട്ടികളിലെ ചെറിയ മാറ്റങ്ങൾ പോലും വേഗം തിരിച്ചറിയുന്നതിന് ഇത് സഹായിക്കും.
6. സന്തോഷം വർദ്ധിപ്പിക്കുന്ന ഹോർമോണുകൾ ഉല്പാദിപ്പിക്കാൻ സഹായിക്കുന്ന വ്യായാമങ്ങൾ, വിനോദം ഇവ ചെറുപ്പം മുതലേ പരിശീലിപ്പിക്കുക.
7. സംഘർഷങ്ങളോ, സമ്മർദങ്ങളോ കുട്ടികളിൽ കണ്ടാൽ നീട്ടിവയ്ക്കാതെ വേഗം തന്നെ ആവശ്യമായ വിദഗ്ധ സഹായം തേടുക.
8. പരാജയങ്ങളിലും വീഴ്ചകളിലും കുറ്റപ്പെടുത്തി ഒറ്റപ്പെടുത്താതെ മുൻവിധിയില്ലാതെ ചേർത്തു നിർത്തുക.
9. കുട്ടികളെ ആയിരിക്കുന്നവിധം മനസ്സിലാക്കാൻ ശ്രമിക്കുക. അവരോട് തുറന്ന് സംസാരിക്കുക.
10. തങ്ങളുടെ നിയന്ത്രണത്തിനതീതമായ കാര്യങ്ങൾ ദൈവത്തിനു സമർപ്പിച്ച് ശാന്തമാകാൻ സാധിക്കുന്ന വിധത്തിൽ ദൈവാശ്രയബോധവും വിശ്വാസ വീക്ഷണവും കുട്ടികൾക്കു പകരുന്നതിൽ ആദ്യം മുതലേ ശ്രദ്ധ വയ്ക്കുക. അപ്പോൾ നമ്മുടെ യുവതലമുറ നിരാശയുടെ പടുകുഴിയിലേയ്ക്ക് കൂപ്പുകുത്തില്ല, തീർച്ച.






പഴകാത്ത പണസഞ്ചി

# സ്നേഹം കൊണ്ടൊരു മാളിക പണിയാം



പുന്നക്കൽ പാപ്പച്ചൻ ലേഖികയോടൊപ്പം

ലിന്റു അൽഫോൻസ് ജോയ്

നരച്ച മുടിയും വിരിച്ച കരങ്ങളുമായി മാതാപിതാക്കൾ ഒപ്പമുള്ളതാണ് ഏറ്റവും വലിയ അനുഗ്രഹം. ഈ അനുഗ്രഹങ്ങളെ തേടിയാണ് ഇനി നമ്മുടെ യാത്ര. കാടിന്റെ ഇരുട്ടിലേക്ക് നാട് പറിച്ച് നട്ടവരോടൊപ്പം ദർശകനും. നീലമലകളും, നീണ്ട വഴികളും കടന്ന് നെടുങ്കണ്ടത്ത് എത്തിയത് സെബസ്ത്യാനോസ് പുണ്യാളന്റെ ചങ്ങാതിയെ കാണാനായിരുന്നു.

തന്റെ തൊണ്ണൂറ്റി ഒന്നാം വയസ്സിലും പറമ്പിൽ പണിതും പണികൾക്ക് മേൽനോട്ടം നൽകിയും ചുറുചുറുക്കോടെ ജീവിതം ആസ്വദിക്കുന്ന പുന്നക്കൽ വീട്ടിലെ വല്യപ്പച്ചൻ ഉലഹന്നാൻ ചാക്കോ പൂത്തുലഞ്ഞ് നിൽക്കുന്ന ബോഗൺവില്ലയുടെ കൊഴിഞ്ഞ് വീണ പൂക്കളെ നോക്കി ഓർമകളുടെ മങ്ങിയ ഇതളുകൾ പെറുക്കിയെടുത്തു.

പത്തു മക്കളുള്ള കുടുംബത്തിലെ മൂത്ത ആളായിരുന്നു, അപ്പനും അമ്മയും വല്യമ്മയും അടങ്ങുന്ന കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമായിരുന്നില്ല. അന്നൊക്കെ എല്ലാവർക്കും ചോറ് വിളമ്പിയ ശേഷം എന്റെ അമ്മ കഞ്ഞി വെള്ളം കുടിച്ച് വിശപ്പ് അകറ്റുമായിരുന്നു. ചോറുണ്ണാൻ അമ്മക്ക് പറ്റിയിരുന്നില്ല. വല്യപ്പച്ചന്റെ നരച്ച കൺപീലികളെ നനച്ചുകൊണ്ട് ഓർമകൾ ഒഴുകിയിറങ്ങി.

പിന്നീട് മുണ്ടക്കയം, മേലോരത്ത് നിന്ന് മലനാട്ടിലേക്ക് എത്തിയപ്പോൾ കഷ്ടപ്പാടുകൾ കുറഞ്ഞു. ആദ്യം പെരുവന്താനത്തും പിന്നീട് എഴുകുംവയലിലും നെല്ലും മറ്റും കൃഷി ചെയ്ത് ഞങ്ങൾ ജീവിതം തുടങ്ങി.

അയ്യപ്പൻകോവിലിൽ നിന്ന് നടന്നാണ് അന്ന് എഴുകുംവയലിൽ എത്തിയിരുന്നത്. കട്ടപ്പനക്ക് അടുത്ത് പാലാകട എന്നൊരു സ്ഥലത്ത് അന്ന് അരയൊപ്പം ചെളി ആയിരുന്നു. ഞാൻ ആ ചെളിയിൽ താഴ്ന്ന് പോയിട്ടുണ്ട്. അന്ന് ദൈവാനുഗ്രഹം കൊണ്ട് രണ്ട് പേർ ചേർന്ന് എന്നെ രക്ഷിച്ചു. അന്നൊക്കെ എല്ലാവരും തമ്മിൽ വലിയ സ്നേഹവും സഹായവും ഒക്കെയായിരുന്നു.

ഈ മൺവഴികളിലും ചെളി നിറഞ്ഞ വഴിയോരങ്ങളിലും വെച്ചെല്ലാം എന്നെ ആന ഓടിച്ചിട്ടുണ്ട്. ആനയെ പേടിച്ച് അന്നൊക്കെ ഞങ്ങൾ ഏറുമാടം കെട്ടിയാണ് ജീവിച്ചത്. ഇന്നത്തെ അപേക്ഷിച്ച് അന്നത്തെ ആനകൾ ഭേദമായിരുന്നു എന്ന് തോന്നുന്നു. എന്റെ ഭാര്യ രണ്ടാമത്തെ കുട്ടിയെ ഗർഭിണിയായിരിക്കെ ഏറുമാടത്തിൽ നിന്നും താഴെ വീണു. അന്ന് ഡോക്ടർ ഇല്ല. ആളുകൾ ഉടൻകൊല്ലി എന്ന് വിളിച്ചിരുന്ന ഒരു വൈദ്യന്റെ അടുത്തേക്കാണ് ഞങ്ങൾ പോയത്. അദ്ദേഹം മുട്ടയിൽ കാന്താരിചീനിയും ഒപ്പം മൂത്രവും ചേർത്ത് ഒരു മരുന്നുണ്ടാക്കി വീട്ടുകാരിക്ക് കൊടുത്തു. ദൈവാധീനം കൊണ്ട് എന്റെ വീട്ടുകാരത്തി രക്ഷപ്പെട്ടു. പക്ഷേ പിന്നീട് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നു.

അന്നൊക്കെ വില കൊടുത്ത് വാങ്ങിയിരുന്ന സാധനങ്ങൾ ആകെ ഉപ്പും ഉള്ളിയും മാത്രമായിരുന്നു. മറ്റെല്ലാം തന്നെ കൃഷിയിടത്തിൽ ഉണ്ടായിരുന്നു.

എഴുകുംവയലിൽ നിന്നും ചെമ്പകപ്പാറയിൽ എത്തി ധാരാളം കാന്താരി മുളക് കൃഷി ചെയ്തു. ഒരു ആഴ്ചയിൽ നൂറു റാത്തൽ കാന്താരി കിട്ടുമായിരുന്നു. അതായത് ഏകദേശം നാൽപത് കിലോ. ഒരു റാത്തലിന് അൻപത് അണ എന്ന നിരക്കിലായിരുന്നു വില. അന്ന് ഒരു മാസം സുഖമായി ജീവിക്കാൻ അത് ധാരാളം മതിയായിരുന്നു. ഒരു ദിവസം ഞാൻ മൂന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കും. പണ്ടൊക്കെ രാത്രി വൈകിയും കപ്പ കൊത്തും മറ്റും ഒക്കെ ഉണ്ടായിരുന്നു. എങ്കിലും പ്രാർത്ഥന ഒഴിവാക്കിയിരുന്നില്ല. പരിശുദ്ധ മാതാവും സെബസ്ത്യാനോസ് പുണ്യാളനും ദൈവത്തോട് എനിക്ക് വേണ്ടി മാദ്ധ്യസ്ഥം വഹിക്കാനുള്ളതാണ് എന്റെ ശക്തി. ദിവസവും



അൻപത്തിമൂന്ന് മണി ജപം ചൊല്ലി പ്രാർത്ഥിക്കും. ഇടയ്ക്കൊക്കെ ശ്വാസം മുട്ടലും ചുമയും ഒക്കെയുണ്ടാകും. അന്നേരം സെബസ്ത്യാനോസ് പുണ്യാളനെ വിളിക്കും, കാണാൻ കഴിയില്ല എങ്കിലും ആ സാമീപ്യം എനിക്കറിയാം. ഞാൻ വിളിക്കുമ്പോൾ ഓടിയെത്തുന്നത് എനിക്ക് അറിയാം. വല്യപ്പച്ചന്റെ കൂട്ടുകാരൻ തന്നെയാകണം പുണ്യാളൻ. ആ വാക്കുകളിൽ നിന്ന് അത് വ്യക്തമാണ്.

ചെമ്പകപ്പാറയിൽ നിന്ന് നെടുങ്കണ്ടത്ത് എത്തിയിട്ട് ഇപ്പോ വർഷം മുപ്പത്തിയെട്ട് കഴിഞ്ഞു. മലനാട്ടിൽ വികസനം കൊണ്ടുവന്നതിൽ അന്നത്തെ വൈദികരുടെ പങ്ക് വലുതായിരുന്നു. നെടുങ്കണ്ടം കട്ടപ്പന റോഡ് കൊണ്ടുവരാൻ കാരണമായ വയലുങ്കൽ അച്ചനും, തങ്കമണി പത്താം മൈൽ റോഡ് കൊണ്ടുവന്ന കുറ്റിയറ അച്ചനും, നെടുങ്കണ്ടത്തിന്റെ വികസനത്തിന് വീഥിയൊരുക്കിയ കക്കുഴി അച്ചനും, ശൗര്യാർ പുൽപ്പറമ്പിൽ അച്ചനും ആ കാലത്തെ വികസന നായകന്മാർ ആയിരുന്നു. കാരണം കുടിയേറിയവരിൽ അധികവും ക്രിസ്ത്യാനികൾ ആയിരുന്നു. എങ്കിലും എല്ലാ മതവിഭാഗങ്ങളിലും ഉള്ളവർ ഐക്യത്തോടെ ജീവിച്ചു. ചേനയും ചേമ്പും കപ്പയും വിളമ്പിയിരുന്ന ആ കാലമാണ് എനിക്കിഷ്ടം. അന്നൊക്കെ എല്ലാവരും സമ്പന്നർ ആയിരുന്നു. എന്ത് സമ്പത്ത് ആയിരുന്നു എല്ലാവർക്കും. പണമോ പണ്ഡമോ ഒന്നുമല്ല മനസ്സ് നിറയെയുള്ള സ്നേഹം ആയിരുന്നു എല്ലാവർക്കും. സ്നേഹം കൊണ്ട് ധനികരായിരുന്നു എല്ലാവരും. ഇന്ന് അങ്ങനെയല്ല. ദരിദ്രരാണ് ഭൂരിഭാഗവും. സ്നേഹിക്കാൻ നേരമില്ലാത്ത ലോകത്താണ് നമ്മളിപ്പോൾ.

കോടികൾ ഉണ്ടാക്കി സമാധാനവും സ്വസ്ഥതയും ഇല്ലാതെ ജീവിക്കുന്നത് അസഹനീയമാണ്. എന്നാൽ മനസ്സ് നിറയെ സ്നേഹവും കരുതലും മാതാപിതാക്കൾക്കും മക്കൾക്കും അദ്ധ്യാപകർക്കും ഈ സമൂഹത്തിലും ഉണ്ടാകണം. അദ്ധ്യാപകരും മാതാപിതാക്കളും തെറ്റിന് ശിക്ഷ കൊടുത്ത് തന്നെ കുട്ടികളെ വളർത്തണം. തെറ്റ് തിരുത്തി വളർന്നാലേ സ്നേഹം ഉണ്ടാകൂ. നല്ല വ്യക്തിത്വങ്ങൾ രൂപപ്പെടൂ. അങ്ങനെയായാൽ എല്ലാവരും സമ്പന്നരാകും. അവർ സ്നേഹം കൊണ്ട് മാളിക പണിയും.

“അറുപത്തിയെട്ട് വർഷങ്ങളായി ദീപിക പത്രത്തിന്റെ സ്ഥിരം വായനക്കാരനായ അപ്പച്ചന് ആനുകാലിക സംഭവങ്ങളെക്കുറിച്ച് വ്യക്തമായ അറിവും കാഴ്ചപ്പാടുകളും ഉണ്ട്. ദീപിക അറിയണം, അറുപത്തി എട്ട് വർഷമായി പത്രത്തിനൊപ്പം ദിവസം തുടങ്ങുന്ന ഉലഹന്നാൻ എന്ന സ്ഥിരം വായനക്കാരനെ.”

ആറ് മക്കളുടെ അപ്പൻ ‘സെബസ്ത്യാനോസ് പുണ്യാളൻ ചങ്ങാതിയായുള്ള കൂട്ടുകാരൻ’, മണ്ണിനെ അറിയുന്ന കർഷകൻ, സ്വസ്ഥമായി പ്രാർത്ഥനയിൽ മുഴുകി സ്വർഗത്തിലുള്ള വീട്ടുകാരത്തിയോട് കുശലം പറഞ്ഞ്, അവർക്കായി പ്രാർത്ഥിച്ച് മകനോടൊപ്പം ജീവിതം ആഘോഷിക്കുകയാണ്.

ഈ സംഭാഷണത്തിലുടനീളം വല്യപ്പച്ചന്റെ തലമുടിയിഴകൾ കിരീടം പോലെ തിളങ്ങിക്കൊണ്ടേയിരുന്നു...

സമൂഹത്തിന് മാതൃകയാകുന്ന പഴയ തലമുറയുടെ ഓർമക്കുറിപ്പുകൾ ദർശകനിൽ പ്രസിദ്ധീകരിക്കുന്നതിന് ഞങ്ങളെ വിളിക്കുക. ഫോൺ: 7025466111



പടിയറ ഫലിതങ്ങൾ

## സ്വർഗത്തിലുണ്ടോ വേർതിരിവ്?

ധനവാനായ ചാക്കോച്ചനും ദരിദ്രനായ ഔസേപ്പും അയൽവാസികളായിരുന്നു. ധനവാൻ ആഢംബരത്തിൽ ജീവിച്ചു. വിലയേറിയ കാറുകൾ, വസ്ത്രങ്ങൾ, സ്വാദിഷ്ടമായ ഭക്ഷണം. ഇവയെല്ലാം ധനവാനുണ്ടായിരുന്നു. എന്നാൽ ഔസേപ്പ് ദാരിദ്ര്യത്തിലും രോഗത്തിലും ജീവിച്ചു. ഇരുവരും മരിച്ചു. വി. പത്രോസ് മാലാഖാമാരോടൊപ്പം ധനവാനായ ചാക്കോച്ചനെ ബാന്റുമേളത്തോടെ സ്വർഗ്ഗത്തിൽ കൊണ്ടുപോയി. ഔസേപ്പിനെ യാതൊരു ആർഭാടവുമില്ലാതെ വി. പത്രോസ് സ്വർഗ്ഗത്തിലേക്കു നടത്തി. അപ്പോൾ ഔസേപ്പ് വി. പത്രോസിനോടു ചോദിച്ചു. ഭൂമിയിൽ ഞാൻ ദരിദ്രനും ആകുലനും രോഗിയുമായി കഴിഞ്ഞു. എന്നാൽ ധനവാനായ ചാക്കോച്ചൻ ആർഭാടത്തിൽ സുഖമായി ജീവിച്ചു. അയാളെ വാദ്യമേളങ്ങളോടെ സ്വീകരിച്ചു. സ്വർഗ്ഗത്തിൽ കയറ്റി. എന്നെ സ്വീകരിക്കാൻ മാലാഖമാരും വാദ്യമേളക്കാരും ഇല്ല. സ്വർഗ്ഗത്തിലും വേർതിരിവുണ്ടോ?

വി.പത്രോസ് പറഞ്ഞു: ഔസേപ്പ്, അൻപതും നൂറും വർഷം കൂടുമ്പോഴാ ഒരു ധനികൻ സ്വർഗ്ഗത്തിൽ വരുന്നത്. എന്നാൽ നിന്നെപ്പോലെ ഭൂമിയിൽ ദാരിദ്ര്യം, ദു:ഖം, രോഗം എന്നിവ അനുഭവിച്ച നിരവധിപേർ എല്ലാ ദിവസവും സ്വർഗ്ഗത്തിൽ വരുന്നുണ്ട്. വല്ലപ്പോഴും വരുന്ന ഒരു ധനികനെ സ്വീകരിക്കേണ്ടേ...?

അമൂല്യമായി കരുതുന്ന നസ്രാണി പാരമ്പര്യം പരിചയപ്പെടുത്തുന്ന പ്രത്യേക പംക്തി

# വണക്കമാസ പ്രാർത്ഥനകൾ



ഫാ. റോബർട്ട് ചവറനാനിക്കൽ വി.സി.

പോർച്ചുഗീസ് പാരമ്പര്യത്തിൽ നിന്നും നാം സ്വീകരിച്ചതാണ് വണക്കമാസം. തിരുഹൃദയ ലുത്തിനിയായ്ക്കുശേഷം ഓരോ മാസത്തിന്റെയും വണക്കമാസ പ്രാർത്ഥനകൾ ചൊല്ലിയിരുന്നു.

1. മാർച്ച് - യൗസേപ്പിതാവിന്റെ വണക്കമാസം
2. മെയ് - മാതാവിന്റെ വണക്കമാസം
3. ജൂൺ - തിരുഹൃദയ വണക്കമാസം
4. നവംബർ - ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം

### പ്രതിഷ്ഠാജപങ്ങൾ

മാസത്തിലെ ആദ്യവെള്ളിയാഴ്ച തിരുഹൃദയ പ്രതിഷ്ഠാജപവും ഗാനവും ആലപിക്കണം. ആദ്യശനിയാഴ്ച മാതാവിന്റെ വിമലഹൃദയപ്രതിഷ്ഠാജപം ചൊല്ലുന്നു.

സന്ധ്യാപ്രാർത്ഥനയുടെ അവസാനം കുരിശു വരച്ച് തിരുഹൃദയരൂപത്തെ നോക്കി ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ എന്നു ചൊല്ലി, തുടർന്ന് മുതിർന്നവർക്ക് പ്രായക്രമത്തിൽ / സ്ഥാനക്രമത്തിൽ സ്തുതി ചൊല്ലി വലതുകൈ മുത്തുന്നു. സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം മാത്രമേ അത്താഴം കഴിക്കാറുള്ളു.

### കിടക്കാൻ നേരം

കുരിശു വരയ്ക്കുക.

ഈശോ മറിയം യൗസേപ്പേ, എന്റെ ആത്മാവിനു കൂട്ടായിരിക്കണമേ (3 പ്രാവശ്യം).

മറിയമേ ശരണമേ, മരണനേരത്തിൽ വരണമേ.

എന്റെ അമ്മേ, എന്റെ ആശ്രയമേ (മാതാവിന്റെ മാദ്ധ്യസ്ഥ്യം തേടി)

എന്നെ കാക്കുന്ന കർത്താവിന്റെ മാലാഖമാരേ, എന്നെ ഈ രാത്രിയിൽ ചാവുദോഷങ്ങളിൽനിന്നും പാപദോഷങ്ങളിൽനിന്നും ദുർവിചാരങ്ങളിൽനിന്നും ദുഃസ്വപ്നങ്ങളിൽനിന്നും എല്ലാ ആപത്തുകളിൽനിന്നും പെട്ടെന്നുള്ള മരണത്തിൽനിന്നും കാത്തുകൊള്ളണമേ (കാവൽ മാലാഖമാരുടെ മാദ്ധ്യസ്ഥ്യം തേടി എല്ലാ അപകടങ്ങളിൽനിന്നും വിഷമതകളിൽനിന്നും സംരക്ഷിച്ച് ദൈവകാരുണ്യം നമ്മിലേക്ക് ഒഴുകാനുള്ള മാർഗ്ഗം.)




ആ ദിവസം നല്കിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയുക, ചെയ്ത തെറ്റുകൾക്ക് മാപ്പപേക്ഷിക്കുക, ഉറക്കത്തെ സമർപ്പിച്ച് പ്രാർത്ഥിക്കുക.

യൂദന്മാരുടെ രാജാവായ നസ്രായൻ ഈശോയേ, പെട്ടെന്നുള്ള മരണത്തിൽനിന്ന് എന്നെ കാത്തുകൊള്ളണമേ എന്നു പ്രാർത്ഥിച്ച് (യൂ, രാ, ന, ഈ) എന്ന് വലതുകൈയുടെ പെരുവിരൽ കൊണ്ട് നെറ്റിയിൽ എഴുതുക. കൊച്ചുകുഞ്ഞുങ്ങളുടെ നെറ്റിയിൽ മാതാപിതാക്കൾ എഴുതിക്കേണ്ടതാണ്. ഇത് രാത്രിയിൽ ദുഃസ്വപ്നം കാണാതിരിക്കാനും അപകടം ഉണ്ടാകാതിരിക്കാനും നല്ലതാണ്. കിടക്കുന്ന കട്ടിലിന്റെ നാലു കോണുകളിലും പലരും കുരിശു വരയ്ക്കുന്ന പതിവുണ്ട്.

### ജപമാല മാസം

ഒക്ടോബർ ജപമാല മാസമായി ആചരിക്കുന്നു. ദേവാലയങ്ങളിലും കുരിശുപള്ളികളിലും ക്രൈസ്തവ സ്ഥാപനങ്ങളിലും കുടുംബയൂണിറ്റുകളിലും പത്തു ദിവസങ്ങൾ പ്രത്യേകമായി ജപമാല ആഘോഷമായി ചൊല്ലി പ്രാർത്ഥിക്കുന്നു.

### സ്തോത്രഗീതം

ലത്തീൻ റീത്തിലെ 'തെ ദേവും' (TE DEUM = ദൈവത്തിനു സ്തുതി) എന്ന ഗീതമാണിത്. ഇതു സുറിയാനിയിൽ "ലാഹ് ആലാഹാ' എന്ന പേരിൽ ആഘോഷ അവസരങ്ങളിൽ കുർബ്ബാനയ്ക്കു ശേഷം സ്തോത്രഗീതം പാടിയിരുന്നു.

1. ദൈവമേ ഞങ്ങളങ്ങയെ വാഴ്ത്തുന്നു
അങ്ങേയ്ക്കായെന്നും സ്തോത്രങ്ങൾ
പാരിതിന്നതിനാഥനായങ്ങേ
ഞങ്ങളെന്നും സ്തുതിക്കുന്നു
നിത്യ സൽപിതാവാകുമങ്ങയെ
ആരാധിക്കുന്നു പാരാകെ
ആരാധിക്കുന്നു പാരാകെ
2. ദൈവദൂതന്മാരേവരും പിന്നെ
സ്വർഗ്ഗവാസികൾ സർവ്വരും
സ്വർഗ്ഗവും ക്രോവേസ്രാപ്പേൻ വൃന്ദവും
സ്വർഗ്ഗസംഗീതം മീട്ടുന്നു
സൈന്യാധീശനായിടും ദൈവം
സംശുദ്ധൻ; സംശുദ്ധൻ, സംശുദ്ധൻ
നിത്യം സംശുദ്ധൻ! സംശുദ്ധൻ
1. ഭൂവും വാനവും തൻ മഹിമയാൽ
തിങ്ങിടുന്നല്ലോ സന്തതം
ശ്രീയെഴും ദിവ്യപ്രേഷിതർ ധന്യൻ
നിവ്യന്മാർ വേദസാക്ഷികൾ
നിത്യാനന്ദ പ്രതാപവാനങ്ങേ
വാഴ്ത്തിടുന്നു നിരന്തരം (2)
2. നിസ്തുലൻ പ്രഭാപൂരിതൻ താതാ
നിത്യനാം ഏക സൂനുവേ
പാവനാത്മ! ത്രിയേക ദൈവമേ
സ്തോത്രമെന്നുമെന്നേയ്ക്കുമേ
ലോകമാകവെ പാവനം സഭ
കീർത്തിക്കുന്നങ്ങേ സാദരം (2)
1. പ്രാഭവമെഴും രാജനാണു നീ
ക്രിസ്തുനാഥാ മഹോന്നതാ
ഉന്നതനായ താതൻ തന്നുടെ
ദിവ്യനാം സൂനുവാണു നീ
മർത്ത്യരക്ഷയ്ക്കായ് കന്യകയിൽനി-
ന്നങ്ങുമന്നിടെ ജാതനായ് (2)
2. മൃത്യുവേ ജയിച്ചങ്ങു മക്കൾക്കായ്
സ്വർഗ്ഗവാതിൽ തുറന്നഹോ
ദൈവത്തിന്റെ വലതുഭാഗത്തായ്
വാഴ്ത്തു നീ ദിവ്യശോഭയിൽ
അങ്ങുതാൻ വിധിയാളനായ് വരൂ-
മെന്നും വിശ്വസിക്കുന്നിവർ (2)

❖

ചോദ്യോത്തരം

## വിശുദ്ധ കുർബാനയിലുള്ള ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് സഭ എന്താണ് പഠിപ്പിക്കുന്നത്?



ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ
മേരിമാതാ മേജർ സെമിനാരി,
തൃശൂർ

വിശുദ്ധ കുർബാനയിലുള്ള ക്രിസ്തുവിന്റെ യഥാർത്ഥസാന്നിദ്ധ്യത്തെക്കുറിച്ച് തെറ്റായ പഠനങ്ങളുണ്ടായപ്പോൾ ത്രെന്തോസ് സൂനഹദോസ് സഭയുടെ പരമ്പരാഗതമായ വിശ്വാസം വ്യക്തമാക്കി.

1. അപ്പവും വീഞ്ഞും കൂദാശചെയ്തുകഴിയുമ്പോൾ യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമായ യേശുക്രിസ്തു സത്യമായും യഥാർത്ഥമായും സത്താപരമായും വിശുദ്ധ കുർബാനയിൽ സന്നിഹിതനാണ്.
2. വിശുദ്ധ കുർബാനയിലെ ഇരുസാദൃശ്യങ്ങളിലോരോന്നിലും യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ട്. ഓരോ സാദൃശ്യത്തിന്റെയും ഓരോ അംശത്തിലും ക്രിസ്തുവിന്റെ സാന്നിദ്ധ്യം പൂർണ്ണമായുണ്ട്.
3. ദിവ്യകാരുണ്യസ്വീകരണാവസരത്തിൽ മാത്രമല്ല, വിശുദ്ധ കുർബാനസ്വീകരണത്തിനുമുമ്പും അതിനുശേഷവും യഥാർത്ഥ സാന്നിദ്ധ്യമുണ്ട്.
4. വിശുദ്ധ കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യം ഉണ്ടാകുന്നത് സത്താഭേദത്തിലൂടെയാണ് (ND 1512-1519). കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ത്രെന്തോസ് സൂനഹദോസിന്റെ ഈ പഠനങ്ങൾ ആവർത്തിക്കുന്നു.
5. വിശുദ്ധ കുർബാനയിലെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം അനന്യമാണ് (CCC 1374).
6. കൗദാശികമായ രീതിയിലാണ് യേശുക്രിസ്തു വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്നത്. അതായത് അപ്പത്തിന്റെയും വീഞ്ഞിന്റെയും ദിവ്യകാരുണ്യസാദൃശ്യത്തിൽ ദൈവവും മനുഷ്യനുമായ ക്രിസ്തു മുഴുവനായും സന്നിഹിതനായിരിക്കുന്നു (CCCC 282).

**സത്താഭേദം എന്നാൽ എന്താണ്? വിശുദ്ധ കുർബാനയിൽ സംഭവിക്കുന്ന മാറ്റത്തെ എന്തുകൊണ്ടാണ് സത്താഭേദം എന്നു വിളിക്കുന്നത്?**

ഒരു വസ്തു എന്തായിരിക്കുന്നുവോ അതാണ് അതിന്റെ സാരാംശം അഥവാ സത്ത. അത് വസ്തുവിന്റെ ആന്തരിക യാഥാർത്ഥ്യമാണ്. വിശുദ്ധ കുർബാനയിൽ അപ്പവും വീഞ്ഞും കൂദാശ ചെയ്യപ്പെടുമ്പോൾ അപ്പത്തിന്റെ മുഴുവൻ സത്തയും നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ ശരീരത്തിന്റെ സത്തയാവുകയും വീഞ്ഞിന്റെ മുഴുവൻ സത്തയും അവിടുത്തെ രക്തത്തിന്റെ സത്തയാവുകയും ചെയ്യുന്ന ഒരു മാറ്റം സംഭവിക്കുന്നു. ഈ മാറ്റത്തെയാണ് സത്താഭേദം എന്നു വിളിക്കുന്നത് (CCC 376). സത്താഭേദം സംഭവിച്ചതിനുശേഷവും അപ്പത്തിന്റെയും വീഞ്ഞിന്റെയും ഇന്ദ്രിയഗോചരമായ പ്രത്യേകതകൾ മാറ്റമില്ലാതെ നിലകൊള്ളുന്നു. വിശുദ്ധ കുർബാനയിൽ മാത്രമാണ് ഈ രീതിയിൽ ഒരു മാറ്റം സംഭവിക്കുന്നത്. ഇത് ശാസ്ത്രീയമായി തെളിയിക്കാവുന്നതല്ല, വിശ്വസിക്കേണ്ട കാര്യമാണ്. വിശുദ്ധ കുർബാനയിലുള്ള മാറ്റത്തെ ഉദ്ദേശിച്ച് 'സത്താഭേദം' എന്ന പദം ഉപയോഗിച്ചുതുടങ്ങിയത് പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷമാണ്. സഭ ഔദ്യോഗികമായി സത്താഭേദത്തെക്കുറിച്ച് പഠിപ്പിക്കുന്നത് നാലാം ലാറ്ററൻ കൗൺസിലിൽവച്ചാണ് (ND 1505).

❖

സ്ഥലം വിൽപ്പനയ്ക്ക്

പൊൻകുന്നം തച്ചപ്പുഴ പള്ളിക്കു സമീപം ഒരേക്കർ സ്ഥലം പ്ലോട്ടുകളായി തിരിച്ച് വിൽപ്പനയ്ക്ക്. വറ്റാത്ത വെള്ളം, എല്ലാ പ്ലോട്ടിലേക്കും വഴി സൗകര്യം. മെയിൻ റോഡിന് അടുത്ത്. ഫോൺ: 9446756407.

ഞങ്ങളുടെ തങ്കിമോളുടെ വേർപാടിന്റെ 10-ാം വർഷം

'നിങ്ങൾക്കെല്ലാം ഞാൻ പ്രിയപ്പെട്ടവളായിരുന്നു. പക്ഷേ, നിങ്ങളിലുപരി എന്നെ സ്നേഹിക്കുന്നവൻ എന്നെ നിത്യജീവിതത്തിലേയ്ക്ക് ക്ഷണിച്ചു. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുംവരെ നിങ്ങൾ എനിക്കായി പ്രാർത്ഥിക്കണമേ'.



ഐറിൻ അന്ന തോമസ് (തങ്കി)
അരങ്ങത്ത്, നരിയംപാറ

ജനനം: 18-12-1994 മരണം: 09-04-2015
തോരാത്ത കണ്ണീരും ഹൃദയം നുറുങ്ങുന്ന വേദനയും തന്ന് മറഞ്ഞുപോയി നീ. എന്നാലും ഞങ്ങളുടെ ഹൃദയത്തിലും പ്രാർത്ഥനയിലും എന്നും നീയുണ്ടാകും.
അച്ചാച്ച, അമ്മ, ലിറ്റിൽ മരിയ, അമൽ തോമസ്.

# ഉത്ഥാനം: പൊരുളും പാഠവും





ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

**റോമൻ ആധിപത്യത്തിന്റെ അടയാളരേഖകൾ തകർത്ത് കാവൽ നിൽക്കുന്ന കർമ്മനിരതരായ സേനയുടെ കണ്ണുവെട്ടിച്ച്, നിർഭയരായ ശിഷ്യന്മാർ യേശുവിന്റെ ശരീരം മോഷ്ടിച്ചെടുക്കുമോ? രണ്ട് ടണ്ണോളം ഭാരം വരുന്ന വലിയ ഗുഹാകവചം കാവൽക്കാരെ ഉണർത്താതെ ഉരുട്ടി മാറ്റിയതാരാണ്? മേലധികാരിയുടെ ക്രോധം മരണശിക്ഷയെ വിളിച്ചു വരുത്തുമെന്ന് നല്ല ധാരണകളുള്ള കാവൽ ഭടന്മാർ യൂദയാ കണ്ട ഏറ്റവും "കുപ്രസിദ്ധനായ കുറ്റവാളിയുടെ കല്ലറയ്ക്ക് അശ്രദ്ധമായി കാവൽ നിൽക്കുമോ? കൃത്യവിലോപം നടത്തിയ പടയാളിയെ നഗ്നനാക്കി പച്ചയ്ക്ക് കത്തിക്കാൻ നിയമം അനുവദിച്ചിരുന്ന ഒരു നാട്ടിൽ കാവൽഭടന്മാർക്ക് ഈ അശ്രദ്ധയുണ്ടാകുമോ?**

ചരിത്രത്തിൽ സംഭവിച്ചതിങ്ങനെയെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. ജൂതാചാരപ്രകാരം യേശുവിന്റെ ശരീരം കച്ചയിൽ പൊതിഞ്ഞു. നൂറു റാത്തൽ സുഗന്ധദ്രവ്യങ്ങൾ ചാലിച്ച് പശപോലെയാക്കി പൊതിഞ്ഞ തുണിയിൽ തേച്ചുപിടിച്ചു. മൃതദേഹം പിന്നീട് പാറവെട്ടിയുണ്ടാക്കിയ ഒരു കല്ലറയിൽ വച്ചശേഷം ഒന്നര ടൺ മുതൽ രണ്ട് ടൺവരെ ഭാരം വരുന്ന ഒരു വലിയ കല്ല് ഗുഹാമുഖത്ത് ഉരുട്ടിവച്ചു. കാര്യനിർവഹണശേഷി ഒട്ടും കുറയാത്ത ഒരു കൂട്ടം റോമൻ പടയാളികൾ കല്ലറയ്ക്ക് കാവൽനിന്നു. അവർ റോമൻ അധികാരത്തിന്റെ മുദ്ര കല്ലറയ്ക്കു മുകളിൽ പതിപ്പിച്ചു. ഇനി കല്ലുരുട്ടി മാറ്റാൻ ഒരുങ്ങുന്നവർ ദാക്ഷിണ്യമില്ലാത്ത റോമിന്റെ ക്രോധത്തിനിരയായിത്തീരുന്നു. മൂന്നുദിനങ്ങൾ. ഒടുവിൽ കല്ലറ ശൂന്യമാകുന്നു.

**തെളിവ്**

ഉത്ഥാനം എന്ന പ്രക്രിയ/സംഭവം നേരിൽക്കണ്ട ആരെയുംപറ്റി സുവിശേഷത്തിലോ, അതിനുവെളിയിലോ സൂചനകളില്ല. പിന്നെ ക്രിസ്തു ഉയിർപ്പിക്കപ്പെട്ടു എന്ന് എങ്ങനെ ഉറപ്പിച്ചു? പ്രധാനമായും ആറ് കാരണങ്ങൾ ഉത്ഥാനസംഭവത്തിൽ വ്യക്തത ഒരുക്കുന്നു. തകർക്കപ്പെട്ട റോമൻ മുദ്ര, ശൂന്യമായ കല്ലറ, ഉരുട്ടിമാറ്റിയ ഗുഹാകവചം, അവശേഷിച്ച മൃതദേഹവസ്ത്രം, അപ്രത്യക്ഷമായ മൃതദേഹം ഏറ്റവും ഒടുവിൽ ക്രിസ്തുവിന്റെ വിവിധയിടങ്ങളിലെ പ്രത്യക്ഷീകരണങ്ങൾ...

ഉത്ഥാനരഹസ്യത്തിന്റെ മറനീക്കപ്പെടുമ്പോൾ സ്വതവേ ഭയനിർഭരരായ അവന്റെ ശിഷ്യന്മാർ നേരെ പോയി അത് സാക്ഷ്യപ്പെടുത്തിയത് ആഥൻസിലോ, റോമിലോ ആയിരുന്നില്ല മറിച്ച് ജറുസലേം നഗരവീഥികളിലായിരുന്നു.

ശൂന്യമായ കല്ലറയുടെ യാഥാർത്ഥ്യത്തെ ശരിവയ്ക്കുന്നത് സുവിശേഷങ്ങൾ മാത്രമല്ല, ശത്രുപക്ഷം കൂടിയാണ് എന്നത് സത്യത്തിന്റെ തോജോമയമായ മറ്റൊരു മുഖം. ചരിത്രകാരൻ ജോസേഫൂസിന്റെ വിവരണങ്ങളിൽ തുടങ്ങി, ആന്റി ക്രിസ്റ്റ്യൻ നിലപാടിൽ വിരചിതമായ, ക്രിസ്തു ഒരു പ്രലോഭകനും ദൈവനിഷേധിയുമാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന 5–ാം നൂറ്റാണ്ടിലെ തോലതോത് യേശു (Toledot Jeshu) വരെ ശൂന്യമായ കല്ലറയെ നിഷേധിക്കുന്നില്ല. ക്രിസ്തീയതയെ വേരോടെ പിഴുതെറിയാൻ വെമ്പൽകൊണ്ടവർ കുറിയിട്ട രേഖകളിൽനിന്നാണ് ഈ വാസ്തവം വെളിപ്പെടുന്നത് എന്നത് ഉത്ഥാനസത്യത്തെ കൂടുതൽ പ്രകാശപൂരിതമാക്കുന്നു.

ക്രിസ്തുതരംഗം സീയോന്റെ വീഥികളിൽ നിഷേധിക്കാനാവാത്ത അലയടികളുതിർത്തപ്പോൾ പരിഭ്രാന്തരായ ജൂതപ്രമാണിമാർ വിളിച്ചു ചേർത്ത സെൻഹദ്രീൻ സംഘത്തിലിരുന്ന് ഗമാലിയേൽ ഉച്ചരിച്ച ആ പരാമർശം 'അവരുടെ ഉദ്യമം ദൈവത്തിൽ നിന്നാണെങ്കിൽ അത് പരാജയപ്പെടുത്താൻ നിങ്ങൾക്ക് കഴിയുകയില്ല' – കല്ലറ ശൂന്യമല്ലായിരുന്നെങ്കിൽ അയാൾ പറയുമായിരുന്നില്ല. ശൂന്യമായ കല്ലറയെ നിഷേധിക്കാൻ സാഹിത്യത്തിലോ ചരിത്രത്തിലോ മറ്റ് തെളിവുകളുമില്ല.

റോമൻ ആധിപത്യത്തിന്റെ അടയാളരേഖകൾ തകർത്ത് കാവൽ നിൽക്കുന്ന കർമ്മനിരതരായ സേനയുടെ കണ്ണുവെട്ടിച്ച്, നിർഭയരായ ശിഷ്യന്മാർ യേശുവിന്റെ ശരീരം മോഷ്ടിച്ചെടുക്കുമോ? രണ്ട് ടണ്ണോളം ഭാരം വരുന്ന വലിയ ഗുഹാകവചം കാവൽക്കാരെ ഉണർത്താതെ ഉരുട്ടി മാറ്റിയതാരാണ്? മേലധികാരിയുടെ ക്രോധം മരണശിക്ഷയെ വിളിച്ചു വരുത്തുമെന്ന് നല്ല ധാരണകളുള്ള കാവൽ ഭടന്മാർ യൂദയാ കണ്ട ഏറ്റവും "കുപ്രസിദ്ധനായ കുറ്റവാളിയുടെ കല്ലറയ്ക്ക് അശ്രദ്ധമായി കാവൽ നിൽക്കുമോ? കൃത്യവിലോപം നടത്തിയ പടയാളിയെ നഗ്നനാക്കി പച്ചയ്ക്ക് കത്തിക്കാൻ നിയമം അനുവദിച്ചിരുന്ന ഒരു നാട്ടിൽ കാവൽഭടന്മാർക്ക് ഈ അശ്രദ്ധയുണ്ടാകുമോ?

ശൂന്യമായ കല്ലറ സത്യത്തിൽ ശൂന്യമായിരുന്നില്ല. മൃതദേഹവസ്ത്രം ശിഷ്യന്മാർ കണ്ടെടുക്കുന്നുണ്ട്. അവശേഷിച്ച കച്ച ഒഴിഞ്ഞ കല്ലറയിൽ കിടന്നുകൊണ്ട് ഉത്ഥാനത്തെക്കുറിച്ച് പ്രഘോഷിച്ചു.

കല്ലറയിൽനിന്നു കാണാതായവൻ പിന്നീട് വിവിധയിടങ്ങളിൽ വ്യത്യസ്തരായ മനുഷ്യർക്ക് പ്രത്യക്ഷപ്പെട്ടു എന്നതാണ് ഉത്ഥാനപ്പൊരുളിനെ അനിഷേധ്യമായ യാഥാർത്ഥ്യമാക്കി മനുഷ്യമനസ്സുകളിൽ ഉറപ്പിച്ചത്. പൗലോസിന്റെ ഈ വിവരണം ശ്രദ്ധിക്കുക.

"ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീട് പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി. പിന്നീട് അവൻ യാക്കോബിനും തുടർന്ന് മറ്റെല്ലാ അപ്പസ്തോലന്മാർക്കും കാണപ്പെട്ടു. ഏറ്റവും ഒടുവിൽ അകാലജാതന് എന്നപോലെ എനിക്കും അവിടുന്ന് പ്രത്യക്ഷനായി" (1 കൊറി–15/4–8).

കോറിന്തോസുകാർക്കുള്ള ആ ലേഖനം പൗലോസ് എഴുതുന്നത് എ.ഡി. 57–ലാണ്. ഒരുമിച്ച് അഞ്ഞൂറിലധികം പേർക്ക് ക്രിസ്തു പ്രത്യക്ഷനായി എന്നും അവരിൽ പലരും ഇപ്പോൾ ജീവിച്ചിരിക്കുന്നുണ്ടെന്നും പൗലോസ് എഴുതുമ്പോൾ, അയാഥാർത്ഥമായ ഒരു കാര്യമാണ് അയാൾ എഴുതിയതെങ്കിൽ അവന്റെ കാലം അയാളെ വെറുതെ വിടുമായിരുന്നോ? നിങ്ങൾക്ക് ഞാൻ പറയുന്നത് വിശ്വാസമാകുന്നില്ലെങ്കിൽ ഇപ്പോഴും ജീവിച്ചിരിക്കുന്ന സാക്ഷികളെ നേരിൽക്കണ്ട് സത്യം ഉറപ്പു വരുത്തുക എന്നാണ് പൗലോസിന്റെ വാദം. ഒടുവിൽ ക്രിസ്തു പൗലോസിനും പ്രത്യക്ഷനായി. ക്രിസ്തുമതത്തെ വേരോടെ പിഴുതെറിയാൻ അധികാരപത്രവുമായി ദമാസ്കസിലേക്ക് പാഞ്ഞ അതേ ആൾ, സ്തേഫാനൊസെന്ന ഡീക്കനെ കല്ലെറിഞ്ഞു കൊല്ലുന്ന നേരത്ത് അവന്റെ വസ്ത്രങ്ങൾ സൂക്ഷിച്ച അതേ സാവൂളാണ് പൗലോസായി ക്രിസ്തു തനിക്ക് പ്രത്യക്ഷനായി എന്ന് വെളിപ്പെടുത്തുന്നത്. ഉത്ഥാനം ഒരു പുകമറയും പൊള്ളയായ വാദവുമായിരുന്നെങ്കിൽ ക്രിസ്തുമതവിരോധിയായ ഒരാൾ അതിനുവേണ്ടി ജീവൻ കൊടുക്കുമോ?

മറ്റ് ശിഷ്യന്മാരുടെ കാര്യം എടുക്കുക. തികച്ചും അപകടകരമായ ജീവിതസാഹചര്യങ്ങളിൽ മരണഭയം കൂടാതെ ഉത്ഥാനമഹത്വത്തെ അവർ തെരുവീഥികളിൽ ഏറ്റുപാടിയത്, ജീവിതത്തിൽ മനുഷ്യരെ പ്രലോഭിക്കുന്ന ഒന്നിനും വേണ്ടി ആയിരുന്നില്ല എന്നതാണ് മറ്റൊരു തെളിവ്. ധനത്തിനുവേണ്ടിയോ, സ്ഥാനമാനങ്ങൾക്കുവേണ്ടിയോ അംഗീകാരങ്ങൾക്കുവേണ്ടിയോ ഒന്നുമല്ല. മറിച്ച് അവർക്ക് കിട്ടിയതെന്താണ്? യോഹന്നാനെന്ന ഒറ്റ ശിഷ്യനൊഴിച്ച് അവശേഷിച്ച പതിനൊന്നുപേരും റോമാസാമ്രാജ്യം ഭരിച്ച കിരാതചക്രവർത്തിമാരുടെ കരങ്ങളാൽ ദാരുണമായി അറുംകൊലകൾക്ക് വിധേയമായി. വത്തിക്കാനിലെ വധക്കുന്നുകളിലും, റോമിലെ ആംഫീതീയറ്ററുകളിലും, കൊളോസിയങ്ങളിലും വച്ച് മൃഗീയമായി പീഡിപ്പിക്കപ്പെട്ടു, സിംഹങ്ങൾക്ക് ഇരയായി, അവരുടെ പച്ചയായ ജീവൻ റോമിന്റെ വീഥികളിൽ വഴിവിളക്കുകളായി കത്തിനിന്നു.

**(ഒന്ന്) പതഞ്ഞൊഴുകിയ ദൈവസാന്നിധ്യം**

ദുഃഖവെള്ളിയിൽ ഒരു കല്ലറയ്ക്കുള്ളിലേയ്ക്ക് ഒതുക്കി വച്ച ദൈവസാന്നിധ്യം ഉയിർപ്പിന്റെ പുലരിയിൽ കല്ലറ ഭേദിച്ച് പ്രപഞ്ചത്തിന്റെ അഷ്ഠദിക്കുകളിലേയ്ക്കും പരക്കുമ്പോൾ അതിനർത്ഥം സ്ഥലകാലങ്ങൾക്കപ്പുറത്തേക്ക് ക്രിസ്തുസാന്നിധ്യം വളരുന്നു എന്നാണ്. രണ്ടായിരം വർഷങ്ങൾക്കുമുമ്പ് യൂദയായിൽ പരിമിതപ്പെട്ട ക്രിസ്തുസാന്നിധ്യം ഇന്ന് പ്രപഞ്ചത്തിനു മുഴുവൻ സ്വന്തം. ഏഷ്യയിലെ വൃത്തികെട്ട ഗലികളിലൂടെയും അറേബ്യൻ മണൽക്കാട്ടിലൂടെയും ആഫ്രിക്കയിലെ കൊടുംവനാന്തരങ്ങളിലൂടെയും ധ്രുവപ്രദേശത്തെ മഞ്ഞുപാളികളിലൂടെയും ഇനി ക്രിസ്തു പുഞ്ചിരിച്ച് നടന്നുപോകും. ഏത് വിദൂരങ്ങളിൽനിന്ന് നിസ്സഹായൻ ഹൃദയം പൊട്ടി നിലവിളിക്കുമ്പോഴും കേൾക്കാവുന്ന അത്ര അടുത്ത് ഇനി ഉത്ഥിതന്റെ നടനം.

**(രണ്ട്) വിശക്കുന്നവന്റെ മുമ്പിൽ അപ്പമായി**

ഉത്ഥിതന്റെ പ്രത്യക്ഷീകരണങ്ങളെ വായിക്കുക. തോട്ടത്തിൽ കരഞ്ഞുകൊണ്ടുനിന്ന മറിയത്തിനു പിന്നിൽ തോട്ടക്കാരനായി, തിബേരിയൂസിന്റെ തീരത്ത് വിശന്നെത്തിയ ശിമയോനും കൂട്ടാളികൾക്കും മുന്നിൽ പ്രാതലൊരുക്കി കാത്തിരിക്കുന്ന അമ്മയായി, സംശയിച്ച തോമസിന്റെ സന്ദേഹങ്ങളുടെ സന്ധ്യയിൽ ശാസിക്കുന്ന ഗുരുവായി, കത്തിയാളുന്ന കനൽക്കൂനയ്ക്കു മുമ്പിൽ നിർത്തി പത്രോസിനെ കണ്ണീരിൽ സ്നാനപ്പെടുത്തി അയാളുടെ പുനഃസമർപ്പണം നടത്തുന്ന പുരോഹിതനായി അങ്ങനെയങ്ങനെ... മനുഷ്യന് രക്ഷ ആവശ്യമായ ഇടങ്ങളിൽ അവനിണങ്ങിയ രൂപഭാവങ്ങളിൽ ഇനി ഉത്ഥിതൻ സ്വയം വെളിപ്പെടുത്തും.

**(മൂന്ന്) കണ്ടെത്തേണ്ട ഇടങ്ങൾ**

മത്തായി 28:10 ഇങ്ങനെ വായിക്കുന്നു: "യേശു അവരോട് പറഞ്ഞു. ഭയപ്പെടേണ്ട നിങ്ങൾ ചെന്ന് എന്റെ സഹോദരന്മാരോട് ഗലീലിയിലേയ്ക്ക് പോകണമെന്നും അവിടെ അവർ എന്നെ കാണുമെന്നും പറയുക."

ഉത്ഥിതനെ ഒരാൾ ഇനി കണ്ടെത്തേണ്ടത് എവിടെയാകണം എന്നതാണ് സൂചന. ഗലീലിയയിൽ നിങ്ങളവനെ കണ്ടെത്തും. ഇപ്പോൾവരെ ജറുസലേമായിരുന്നു ദൈവസാന്നിധ്യത്തിന്റെ ഔദ്യോഗിക ഇടം. പാളയത്തിനു വെളിയിൽ ക്രൂശിക്കപ്പെട്ട ഗുരു ഇനി സ്വയം വെളിപ്പെടുത്തുക അവനുവേണ്ടി വ്യവസ്ഥിതികൾ പരിമിതപ്പെടുത്തിയ ഇടങ്ങളിലാവില്ല, മറിച്ച് ഗലീലിയിലാവും എന്നതാണ് സുവിശേഷം നൽകുന്ന വിപ്ലവസൂചന. ഗലീലി ഏറ്റവും ഇൻസിഗ്നിഫിക്കന്റ് ആയ ഇടം. ക്രിസ്തു ദൗത്യമാരംഭിച്ചത് അവിടെ നിന്നായിരുന്നു. 'ഗലീലിയൻ' എന്ന വിളിപ്പേര് അപമാനങ്ങളുടെ സൂചനയായിരുന്നു. കുഷ്ഠരോഗികളുടെയും, ഗണികരുടെയും ചുങ്കക്കാരുടെയും, മാറാവ്യാധിക്കാരുടെയും, നിരക്ഷരുടെയും, പാർശ്വവത്കരിക്കപ്പെട്ടവരുടെയും ഗലീലി.

# യുവതലമുറയെ ഇനിയെങ്കിലും രക്ഷിക്കൂ

**കേന്ദ്രത്തിലെ മൾട്ടി ഏജൻസി സെന്റർ മാതൃകയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു പ്രവർത്തിക്കാനും വിവരങ്ങൾ പങ്കുവയ്ക്കാനും യോജിച്ച് ഓപ്പറേഷൻസ് നടത്താനുമുള്ള സംവിധാനം എന്തുകൊണ്ട് കേരള പോലീസും സംസ്ഥാന എക്സൈസ്, കേന്ദ്ര എക്സൈസ് നർക്കോട്ടിക് കൺട്രോൾ ബ്യൂറോ എന്നീ വകുപ്പുകൾക്ക് വിഭാവനം ചെയ്യാനാകുന്നില്ല.**



ഡോ. സിബി മാത്യൂസ്
മുൻ ഡിജിപി



കേരളത്തിൽ അടുത്ത കാലത്തായി അക്രമവും നിഷ്ഠൂരവുമായ കൊലപാതകങ്ങളും ദിവസേനയെന്നോണം സംഭവിക്കുന്നുണ്ട്. അമ്മയെ കൊല്ലുന്ന മകനും (താമരശേരി) അച്ഛനെ കൊല്ലുന്ന മകനും (വെള്ളറ) കുടുംബാംഗങ്ങളെ മുഴുവൻ ചുറ്റിക കൊണ്ടു തലയ്ക്കടിച്ചു കൊല്ലുന്ന 23 വയസുകാരനും (വെഞ്ഞാറമൂട്) വാർത്തകളിൽ നിറയുന്നു. പൂക്കോട് കാർഷിക കോളജിലും കോട്ടയത്ത് സർക്കാർ വക നഴ്സിംഗ് കോളജിലുമൊക്കെ അരങ്ങേറിയത് ക്രൂരമായ റാഗിംഗ് ആയിരുന്നു.

കേരളത്തിലെ സാമൂഹികാന്തരീക്ഷം മാറുകയാണ്. നിസാര കാര്യങ്ങൾക്കുപോലും കത്തിക്കുത്തും തലതല്ലിപ്പൊട്ടിക്കലുമൊക്കെ ദിവസേന സംഭവിക്കുന്നു. ആവേശവും മാർക്കോയും യൂട്യൂബ് വീഡിയോകളും മാത്രമാണോ ഇതിലേക്കു പ്രേരണ നൽകുന്നത്?

അനേകം കൊലപാതകങ്ങളും മദ്യലഹരിയിലാണത്രേ സംഭവിക്കുന്നതെന്ന് വാർത്തകളിൽ കാണുന്നു. മദ്യം യഥേഷ്ടം ഒഴുക്കുന്ന സർക്കാരിനും ചെറിയ അളവിലെ ങ്കിലും ഇത്തരം സംഭവങ്ങൾക്ക് ഉത്തരവാദിത്വമില്ലേ?

കഞ്ചാവിനെ പിന്തള്ളി എംഡിഎംഎ പോലുള്ള ആംഫിറ്റമിൻ ചേർന്ന രാസലഹരികൾ മാർക്കറ്റിൽ ലഭ്യമാണ്. അവയെ വിപണിയിലെത്തിക്കാൻ സംഘടിതമായ വിതരണ ശൃംഖലയും ഏജന്റുമാരുമുണ്ട്. വിദ്യാലയങ്ങളിൽപോലും അവ എത്തിച്ചേരുന്നുണ്ട്. ഈ ഒഴുക്കിനെ തടയാൻ സംസ്ഥാനത്തെ നിയമനിർവഹണവകുപ്പുകൾക്ക് സാധിക്കുന്നുണ്ടോ? ചെറിയ ചെറിയ കച്ചവടക്കാരെ പിടിക്കുന്നുണ്ട്. എന്നാൽ അവർക്ക് സാധനം എത്തുക്കുന്നവരിലേക്ക് അന്വേഷണം എത്തുന്നില്ല. പിടികൂടുന്നവരെ ഉപദ്രവിക്കുകയൊന്നും വേണ്ട. അവരുടെ ഫോൺ പരിശോധിച്ചാൽ കണ്ണികളെ മുഴുവൻ കണ്ടെത്താനാകും.

ജനസംഖ്യയിൽ ഭാരതത്തിന്റെ മൂന്നു ശതമാനം മാത്രമേയുള്ളൂവെങ്കിലും മയക്കുമരുന്നു കേസുകളുടെ കാര്യത്തിൽ കേരളം മുന്നിലാണ്. ഉത്തർപ്രദേശ്, മഹാരാഷ്ട്ര മുതലായ വലിയ സംസ്ഥാനങ്ങളിലെപ്പോലെ പതിനായിരത്തിനടുത്ത് കേസുകളുടെ എണ്ണം ഇല്ലെങ്കിലും 5495 കേസുകൾ (2022 ലെ ഡാറ്റ) എന്നതു കേരളത്തെ സംബന്ധിച്ചിടത്തോളം വലുതാണ്.

2023-2024 വർഷങ്ങളിൽ ധാരാളം കേസുകൾ കേരള പോലീസും സംസ്ഥാന എക്സൈസ് വകുപ്പും രജിസ്റ്റർ ചെയ്തെങ്കിലും കണ്ടെടുത്ത മയക്കുമരുന്നിന്റെ അളവ് തുലോം ചെറുതായിരുന്നു. രണ്ടു ഗ്രാം, നാലു ഗ്രാം മുതലായ അളവിൽ എംഡിഎംഎ കണ്ടെടുത്താൽ അതു പ്രശ്നത്തിന് പരിഹാരമാകുമോ? ബംഗളൂരുവിൽ നിന്നു വരുന്ന മയക്കുമരുന്ന് എന്നു പത്രവാർത്ത നൽകിയാൽ ഉത്തരവാദിത്വം തീരുമോ? ആരാണ് വൻകിട വിതരണക്കാർ? എവിടെയാണ് ഇവ ശേഖരിച്ചുവച്ചിരിക്കുന്നത്? മുതലായ വിവരങ്ങൾ എന്തുകൊണ്ട് കണ്ടെത്താൻ കഴിയുന്നില്ല!

കേന്ദ്രത്തിലെ മൾട്ടി ഏജൻസി സെന്റർ മാതൃകയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു പ്രവർത്തിക്കാനും വിവരങ്ങൾ പങ്കുവയ്ക്കാനും യോജിച്ച് ഓപ്പറേഷൻസ് നടത്താനുമുള്ള സംവിധാനം എന്തുകൊണ്ട് കേരള പോലീസും സംസ്ഥാന എക്സൈസ്, കേന്ദ്ര എക്സൈസ് നർക്കോട്ടിക് കൺട്രോൾ ബ്യൂറോ എന്നീ വകുപ്പുകൾക്ക് വിഭാവനം ചെയ്യാനാകുന്നില്ല. നർക്കോട്ടിക് കേസുകളെ സംബന്ധിച്ചു നടപടികൾ ഏകോപിപ്പിക്കാൻ കേരള പോലീസിന് സംസ്ഥാനതലത്തിൽ ഒരു സീനിയർ ഉദ്യോഗസ്ഥനെ നിയോഗിക്കാൻ കഴിയില്ലേ? കർശനവും കാര്യക്ഷമവുമായ നടപടികൾ ഈ വിപത്തിനെ നേരിടാൻ എടുക്കേണ്ടതാണ്. ❖

# ലഹരി അടിമത്തം കണ്ടെത്തുകയും പരിഹരിക്കുകയും ചെയ്യാം



ഡോ. ചിന്നു മേരി ചാക്കോ
കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ്
എം.എം.ടി. ഹോസ്പിറ്റൽ

മയക്കുമരുന്ന് ദുരുപയോഗവും ഡ്രഗ് അഡിക്ഷനും ലോകമെമ്പാടുമുള്ള പ്രധാന പൊതുജനാരോഗ്യ പ്രശ്നങ്ങളായി മാറിയിരിക്കുന്നു. യുവാക്കളിലും മുതിർന്നവരിലും ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നത് അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്നു. മയക്കുമരുന്ന് അടിമത്തം വ്യക്തിയെ മാത്രമല്ല, കുടുംബങ്ങളെയും സമൂഹങ്ങളെയും നശിപ്പിക്കുന്നു. കാരണങ്ങൾ, പ്രത്യാഘാതങ്ങൾ, പ്രതിരോധ തന്ത്രങ്ങൾ എന്നിവ മനസ്സിലാക്കുന്നത് ഈ വർദ്ധിച്ചുവരുന്ന പ്രതിസന്ധിയെ നേരിടാൻ നിർണായകമാണ്.

**മയക്കുമരുന്ന് ദുരുപയോഗവും ഡ്രഗ് അഡിക്ഷനും മനസ്സിലാക്കുക:**

മദ്യം, നിക്കോട്ടിൻ, ഒപിയോയിഡുകൾ, ഉത്തേജക മരുന്നുകൾ തുടങ്ങിയ വസ്തുക്കളുടെ ദോഷകരമായ അളവിൽ അല്ലെങ്കിൽ അമിതമായ ഉപയോഗത്തെ മയക്കുമരുന്ന് ദുരുപയോഗം എന്ന് വിളിക്കുന്നു. മറുവശത്ത്, ദോഷകരമായ പ്രത്യാഘാതങ്ങൾ ഉണ്ടായിട്ടും നിർബന്ധിത മയക്കുമരുന്ന് തേടലും, അതിന്റെ ഉപയോഗവും കൊണ്ട് സവിശേഷമായ ഒരു വിട്ടുമാറാത്ത ഒരു രോഗാവസ്ഥയാണ് ഡ്രഗ് അഡിക്ഷൻ.

**സാധാരണയായി ദുരുപയോഗം ചെയ്യുന്ന വസ്തുക്കൾ**

1. മദ്യം : എളുപ്പത്തിൽ ലഭ്യമാണ്, എന്നാൽ അമിതമായ ഉപയോഗം കരൾ രോഗം, ഹൃദയപ്രശ്നങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയിലേക്ക് നയിക്കുന്നു.
2. നിക്കോട്ടിൻ (പുകയില) - കാൻസർ, ശ്വാസകോശരോഗങ്ങൾ, ഹൃദയസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടാവാനിടയുള്ള പ്രധാന കാരണം.
3. ഒപിയോയിഡുകൾ (ഹെറോയിൻ, മോർഫിൻ, ഓപ്പിയോയിഡ് വേദനസംഹാരികൾ) : വളരെ അഡിക്ഷൻ ഉള്ളതും അമിത അളവിലുള്ള ഡ്രഗ് ഉപയോഗം മരണംവരെ സംഭവിക്കാൻ ഇടയാക്കുന്നതുമാണ്.
4. ഉത്തേജക മരുന്നുകൾ (കൊക്കെയ്ൻ, മെത്താംഫെറ്റാമൈൻ): ഹൃദയമിടിപ്പും ഊർജ്ജവും വർദ്ധിപ്പിക്കുന്നു. എന്നാൽ ആക്രമണസ്വഭാവം, ഹൃദയസ്തംഭനം എന്നിവയിലേക്ക് നയിച്ചേക്കാം.
5. കഞ്ചാവ് (മരിജുവാന): സാധാരണ ജനങ്ങൾ ദോഷകരമല്ലാത്തതായി കണക്കാക്കുന്നുണ്ടെങ്കിലും ദീർഘകാല ഉപയോഗം വൈജ്ഞാനിക വൈകല്യങ്ങൾക്കും, കോഗ്നിട്ടീവ്, മാനസിക രോഗങ്ങൾക്കും കാരണമാകും.

**മയക്കുമരുന്ന് ദുരുപയോഗത്തിന്റെ കാരണങ്ങളും അപകടസാധ്യതഘടകങ്ങളും.**

*ജനിതകവും ജൈവികവുമായ ഘടകങ്ങൾ*

ഡ്രഗ് അഡിക്ഷനുള്ള ഒരാളുടെ അപകടസാധ്യതയുടെ 40-60% അദ്ദേഹത്തിന്റെ ജനിതകശാസ്ത്രം സംഭാവന ചെയ്യുന്നുവെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

*പാരിസ്ഥിതിക സ്വാധീനങ്ങൾ:*

കുടുംബപശ്ചാത്തലം - ലഹരിവസ്തുക്കളുടെ ദുരുപയോഗം നിലനിൽക്കുന്ന ഒരു കുടുംബത്തിൽ വളരുന്നത് ഡ്രഗ് അഡിക്ഷനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

സഹപ്രവർത്തകരുടെ സമ്മർദ്ദം - സാമൂഹിക സ്വാധീനം കാരണം പല ചെറുപ്പക്കാരും മരുന്നുകൾ ഉപയോഗിക്കാൻ തുടങ്ങുന്നു.

ജോലിസ്ഥലത്തെ സമ്മർദ്ദം, തെറ്റായിട്ടുള്ള ജീവിതശൈലിയുള്ളവർ, ഉയർന്ന സമ്മർദ്ദമുള്ള ജോലികൾ, സാമ്പത്തിക സമ്മർദ്ദം, സാമൂഹിക ഒറ്റപ്പെടൽ എന്നിവ ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിലേക്ക് നയിച്ചേക്കാം.

*മാനസിക ഘടകങ്ങൾ :*

വിഷാദം, ഉത്കണ്ഠ ഉള്ളവർ ആന്റിസോഷ്യൽ പേഴ്സണാലിറ്റി ട്രെയിറ്റ്സ് എന്നിവ ഉള്ളവർ മയക്കുമരുന്ന് ദുരുപയോഗവുമായി അടുത്ത ബന്ധപ്പെട്ടിരിക്കുന്നു. കുറഞ്ഞ ആത്മാഭിമാനമുള്ളവരോ ഏതെങ്കിലും തരത്തിലുള്ള മാനസിക ആഘാതത്തിന്റെ ചരിത്രമുള്ളവരോ ആയ വ്യക്തികൾ ഒരു തരത്തിലുള്ള രക്ഷ എന്ന നിലയിൽ ഇത്തരം മരുന്നുകളെ ആശ്രയിക്കുന്നു.

ശാരീരികവും ആരോഗ്യപരവുമായ പ്രത്യാഘാതങ്ങൾ: വിട്ടുമാറാത്ത രോഗങ്ങൾ (കരൾ രോഗങ്ങൾ, ശ്വാസകോശ, ഹൃദയ പ്രശ്നങ്ങൾ) ഡ്രഗ് ഇൻജക്ട് ചെയ്യാൻ ഉപയോഗിക്കുന്ന സൂചി പങ്കിടുന്നതിനാൽ എച്ച് ഐ വി / എയ്ഡ്സ്. ഹെപ്പറ്റൈറ്റിസ് തുടങ്ങിയ പകർച്ചവ്യാധികൾക്കുള്ള സാധ്യത വർദ്ധിക്കുന്നു.

മയക്കുമരുന്ന് അഡിക്ഷൻ കൂട്ടായ പ്രവർത്തനം ആവശ്യമുള്ള ഒരു സങ്കീർണമായ പ്രശ്നമാണ്. ഇത് ഒരു വെല്ലുവിളി നിറഞ്ഞ പ്രശ്നമാണെങ്കിലും വ്യക്തമായ പ്രതിരോധം, നേരത്തെയുള്ള ഇടപെടൽ, ശരിയായ പുനരധിവാസം എന്നിവയ്ക്ക് ഒരു വ്യക്തിയുടെ ജീവിതം അതുവഴി ഒരു കുടുംബത്തെ, സമൂഹത്തെ രക്ഷിക്കാൻ കഴിയും. ❖



*വിശ്വാസത്തിന്റെ ആഘോഷമായ ഉത്ഥാനോത്സവം സെന്റ് ഡോമിനിക്സ് കത്തീഡ്രലിൽ രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്തതിനുശേഷം.*

# മാതാപിതാക്കൾ ഈ മൂന്നു കാര്യങ്ങൾ ചെയ്താൽ മക്കളുടെ സുരക്ഷ ഉറപ്പ്

ഈ കെട്ടകാലത്ത് എങ്ങനെ മക്കളെ വളർത്തും? പേരന്റിങ് ഈ കാലത്ത് ഒട്ടും എളുപ്പമല്ല! വഴിതെറ്റാതെ എങ്ങനെയാണ് മക്കളെ വളർത്തേണ്ടത് ? കുട്ടികൾക്കിടയിൽ വളർന്നുവരുന്ന തിന്മകളേയും ലഹരി ഉപയോഗത്തേക്കുറിച്ചുമൊക്കെ കേട്ട പല മാതാപിതാക്കളും ഇങ്ങനെയൊക്കെ നെടുവീർപ്പെടുന്നുണ്ടാവാം. ഈ ആകുലതയ്ക്കുത്തരമായി രക്ഷകർതൃത്വത്തെക്കുറിച്ച് നൂറു കണക്കിന് പുസ്തകങ്ങൾ ഇക്കാലത്ത് പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. പേരന്റിങ്ങിനെക്കുറിച്ച് നിരവധി ക്ലാസുകൾ സംഘടിപ്പിക്കപ്പെടുന്നുണ്ട്. എന്നിട്ടും മാതാപിതാക്കൾക്ക് മക്കളെ നഷ്ടപ്പെടുന്നുണ്ട്. ചിലർ വഴിതെറ്റിപ്പോകുന്നു. ചിലർ ലഹരിക്കടിമകളാകുന്നു. ചിലർ മാരകപാപത്തിൽ വീണു പോകുന്നു. ചിലർ ലക്ഷ്യത്തിലെത്താതെ ചിറക് തളർന്ന് അകാലത്തിൽ വീണു പോകുന്നു. മക്കളെ വളർത്തി ജീവിതവിജയത്തിൽ എത്തിക്കാൻ അപ്പോൾ ഇനി വഴികളൊന്നും ഇല്ലായെന്നാണോ? ഒരിക്കലുമല്ല. മൂന്നു കാര്യങ്ങൾ മാതാപിതാക്കൾ ചെയ്താൽ മക്കൾ ജീവിതവിജയം നേടുമെന്നുറപ്പാണ്. കുടുംബം സ്ഥാപിക്കപ്പെട്ട നാൾ മുതൽ ഇന്നുവരെ പലവിധത്തിലുള്ള തിന്മകളും പാപങ്ങളും പെരുകിയിട്ടും ഈ മൂന്നു കാര്യങ്ങൾ ചെയ്ത മാതാപിതാക്കളാരുടെയും മക്കൾ ഇന്നുവരെ നശിച്ചു പോയ ചരിത്രമില്ല. ആ മൂന്നു കാര്യങ്ങൾ ഇവയാണ് - ഒന്ന്: മക്കൾക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്ന മാതാപിതാക്കൾ. രണ്ട്: മക്കൾക്കുവേണ്ടി സ്വയം വിശുദ്ധീകരിക്കുന്ന മാതാപിതാക്കൾ. മൂന്ന്: മക്കളെ ദൈവത്തോട് ചേർത്തു വളർത്തുന്ന മാതാപിതാക്കൾ. ഇവിടെ മക്കളുടെ ജീവിതവിജയമെന്ന് പറയുമ്പോൾ വലിയ സാമ്പത്തികമോ ജോലിയോ നേടുക എന്നു മാത്രമല്ല അർത്ഥം. മറിച്ച് മാരകപാപത്തിൽ വീണ് പോകാതെ, തിന്മകൾക്ക് അടിമപ്പെട്ടു പോകാതെ ഇനി അഥവാ വീണു പോയെങ്കിലും അതിവേഗം വിടുതൽ നേടി ആത്യന്തികമായി നന്മയിൽ ജീവിക്കുക എന്നാണ് അർത്ഥമാക്കുന്നത്.



ബിനീഷ് കളപ്പുരയ്ക്കൽ
പൊളിറ്റിക്സ് അധ്യാപകൻ
നെഹ്റു സ്മാരക പഞ്ചായത്ത്
ഹയർ സെക്കൻഡറി സ്കൂൾ പുറ്റടി.

## മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന മാതാപിതാക്കൾ

പ്രാർത്ഥിക്കുന്ന മാതാപിതാക്കളുണ്ടെങ്കിൽ മക്കളെ ശരീരത്തിന്റെയും ആത്മാവിന്റെയും മരണത്തിൽ നിന്നുപോലും രക്ഷിക്കാനാവും. ജായ്റോസിന്റെ മകൾ മരിച്ചു. എന്നാൽ അവൾക്ക് പ്രാർത്ഥിക്കുന്ന ഒരു പിതാവ് ഉണ്ടായിരുന്നതുകൊണ്ട് ഈശോ അവളുടെ കരം പിടിച്ചു. അവൾ ജീവനിലേക്ക് തിരിച്ചുവന്നു. നായിനിലെ വിധവയുടെ കണ്ണുനീർ കണ്ടപ്പോൾ ഈശോമിശിഹാ ആ അമ്മയുടെ മകന്റെ ശവമഞ്ചത്തിൽ തൊട്ടു. അവൻ ജീവിച്ചു. ഇവിടെ ശരീരത്തിന്റെ മരണമാണെങ്കിൽ, പാപം കൊണ്ടു ആത്മാവിൽ മരിച്ച മക്കളെ പോലും തങ്ങളുടെ പ്രാർത്ഥന കൊണ്ട് ആത്മീയജീവനിലേക്ക് ഉയർപ്പിക്കുവാൻ പ്രാർത്ഥിക്കുന്ന മാതാപിതാക്കൾക്ക് കഴിയും.



വിശുദ്ധ അഗസ്തീനോസ് തന്റെ പാപകരമായ യൗവ്വനത്തിൽ തന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിച്ച അമ്മ മോനിക്കയെക്കുറിച്ച് ഇങ്ങനെ എഴുതി:

"സ്വന്തം മക്കളുടെ മൃതശരീരത്തിൽ മാതാക്കൾ ചൊരിയുന്നതിനേക്കാൾ വളരെയധികം കണ്ണുനീരാണ് എന്റെ അമ്മ എന്നെയോർത്ത് പൊഴിച്ചിരുന്നത്. കാരണം എനിക്ക് സംഭവിച്ച മരണത്തെ നിന്നിൽനിന്ന് കിട്ടിയ വിശ്വാസത്തിന്റെ നേത്രങ്ങൾ കൊണ്ട് അവൾ നേരത്തെ തന്നെ കണ്ടിരുന്നു. അവളുടെ പ്രാർത്ഥന നീ കേട്ടു. കർത്താവേ നീ അവളുടെ പ്രാർത്ഥന കേട്ടു. എവിടെയെല്ലാംവച്ച് അവൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചുവോ അവിടെയെല്ലാം നനയത്തക്ക വിധത്തിൽ അവൾ ഒഴുക്കിയ കണ്ണുനീർ കണ്ടു നിന്റെ മനസ്സലിഞ്ഞു. അവളുടെ പ്രാർത്ഥന നീ കൈക്കൊണ്ടു."

വിശുദ്ധ അംബ്രോസ് വിശുദ്ധ മോനിക്കായോട് പറഞ്ഞതുപോലെ അവളുടെ കണ്ണുനീരിന്റെ പുത്രൻ ഒരിക്കലും നശിച്ചു പോയില്ല. പ്രാർത്ഥിക്കാത്ത ഒരമ്മയായിരുന്നു അഗസ്റ്റിനുണ്ടായിരുന്നതെങ്കിൽ അഗസ്റ്റിൻ വിശുദ്ധനാകുമായിരുന്നോ?



തന്റെ പിതാവിനെ കൊന്നവരോട് പക വീട്ടി കൊലപാതകം എന്ന മാരകപാപത്തിൽ വീഴാൻ കാത്തിരുന്ന മക്കളോടു വിശുദ്ധ റീത്ത പറഞ്ഞു, "മക്കളെ പ്രതികാരം, നമുക്കുള്ളതല്ല." പക മനസ്സിൽ വരുമ്പോൾ ക്രൂശിതരൂപത്തിൽ നോക്കി പ്രാർത്ഥിക്കുക. റീത്ത ഇങ്ങനെ പ്രാർത്ഥിച്ചു, "ദിവ്യനാഥാ ഒന്നുകിൽ മക്കളിലെ പക മാറ്റുക. അല്ലെങ്കിൽ അവരുടെ ജീവൻ എടുത്തുകൊള്ളുക." ദൈവം പ്രാർത്ഥന കേട്ടു.



തന്റെ ആത്മകഥയിൽ ഗാന്ധിജി തന്റെ അമ്മയുടെ ആഴമായ ആത്മീയജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. തന്റെ ഓർമ്മയിൽ അമ്മ നിസ്സാരമായ ഒരു നുണ പോലും പറഞ്ഞിട്ടില്ലത്രേ. അതികഠിനമായ തപശ്ചര്യകൾ പുത്ത്ലി ഭായി എന്ന ആ അമ്മ അനുഷ്ഠിച്ചിരുന്നു. അനുദിന പ്രാർത്ഥനകൾക്കു ശേഷമല്ലാതെ അവർ ഭക്ഷണം കഴിച്ചിട്ടില്ല. ചില പ്രാർത്ഥനാകാലങ്ങളിൽ സൂര്യനെ കണ്ടതിനുശേഷം മാത്രമേ അവർ ഭക്ഷണം കഴിച്ചിരുന്നുള്ളു. മഴമേഘങ്ങൾ മൂടിയ ദിവസങ്ങളിൽ ഭക്ഷണം തന്നെ അങ്ങനെ അവർ ഉപേക്ഷിച്ചു. സത്യാഗ്രഹത്തിന്റെയും അഹിംസയുടെയും പാതയിൽ ആ അമ്മ തന്റെ മനസ്സിൽ പതിപ്പിച്ച മായാത്ത മുദ്രയെക്കുറിച്ച് നിരവധി അധ്യായങ്ങളിൽ ഗാന്ധിജി ഓർത്തെടുക്കുന്നു.



'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥത്തിൽ ഡോ എ.പി.ജെ. അബ്ദുൾ കലാം തന്റെ അമ്മയെക്കുറിച്ചോർക്കുന്നത് ഇങ്ങനെയാണ്;

"ഭൂമിയോളം ക്ഷമാശീലവും ദൈവഭക്തിയുമുള്ള മാന്യയായ സ്ത്രീയായിരുന്നു ഉമ്മ. എന്റെ പിതാവിനെപ്പോലെ ഭക്തിയിൽ സമർപ്പിക്കപ്പെട്ട ഉമ്മയെക്കുറിച്ച് ഓർക്കുമ്പോൾ ദിവസത്തിൽ അഞ്ചു തവണ നമാസ് ചൊല്ലി വളഞ്ഞുനിന്ന് നിസ്കരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന അവരുടെ രൂപം എങ്ങനെ മറക്കാൻ സാധിക്കും?".

തന്റെ പിതാവിനെ കലാം അനുസ്മരിക്കുന്നത് ഇപ്രകാരമാണ്;

"അദ്ദേഹം പ്രാർത്ഥനയെക്കുറിച്ചും മനുഷ്യനുമേലുള്ള അതിന്റെ ശക്തിയെക്കുറിച്ചും എന്നോട് വിവരിച്ചു. ശാസ്ത്ര പഠനമേഖലയിൽ വർഷങ്ങളായി പ്രവർത്തിച്ചിട്ടും അദ്ദേഹത്തിന്റെ വാക്കുകൾ എന്നിൽ ഇപ്പോഴും മുഴങ്ങുന്നു. വിധിയെനിക്ക് ഒരുപാട് തിരിച്ചടികളും പരാജയങ്ങളും തന്നു. അപ്പോഴെല്ലാം എന്റെ പിതാവിന്റെ വാക്കുകളാണ് ധൈര്യം സംഭരിക്കാൻ എന്നെ പ്രാപ്തനാക്കിയത്. ഞാൻ രാമേശ്വരത്ത് നിന്നും ഒരുപാട് ദൂരങ്ങളിലേക്ക് സഞ്ചരിച്ചു. യുദ്ധവിമാനത്തിന്റെ പൈലറ്റ് സീറ്റിൽനിന്നും രാഷ്ട്രത്തിന്റെ പരമോന്നത ഓഫീസ് വരെ ഞാൻ സഞ്ചരിച്ചു. എന്നിട്ടും അദ്ദേഹത്തിന്റെ വാക്കുകൾ എന്നിൽ വീണ്ടും വീണ്ടും അലയടിക്കുന്നുണ്ട്."

## മക്കൾക്കുവേണ്ടി സ്വയം വിശുദ്ധീകരിക്കുന്ന മാതാപിതാക്കൾ

മക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന മാത്രമല്ല, സ്വന്തം ജീവിതം സ്വയം വിശുദ്ധീകരിക്കുന്ന എല്ലാ മാതാപിതാക്കൾക്കും വിശുദ്ധരായ മക്കളെ ലഭിക്കും.

"നല്ല വൃക്ഷം ചീത്ത ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല; ചീത്ത വൃക്ഷം നല്ല ഫലങ്ങളും. ഓരോ വൃക്ഷവും ഫലം കൊണ്ടു തിരിച്ചറിയപ്പെടുന്നു. മുൾച്ചെടിയിൽനിന്ന് അത്തിപ്പഴമോ ഞെരിഞ്ഞിലിൽ നിന്നു മുന്തിരിപ്പഴമോ ലഭിക്കുന്നില്ലല്ലോ" (ലൂക്കാ 6:43-44).

നമ്മൾക്കില്ലാത്തത് മറ്റൊരാൾക്ക് നൽകാൻ സാധിക്കുകയില്ല എന്നത് പരമാർത്ഥമാണല്ലോ. "അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹന്നാൻ 17:19).

ശിഷ്യന്മാരുടെ വിശുദ്ധീകരണത്തിനായി സഹനങ്ങളിലൂടെ സ്വയം വിശുദ്ധീകരിക്കുന്ന ഈശോമിശിഹായെ നമുക്ക് ഇവിടെ കാണാം. കുട്ടികൾ ആദ്യം വായിക്കുന്ന ബൈബിൾ, മാതാപിതാക്കളാണെന്ന് വിശുദ്ധ ആഗസ്തീനോസ് പറയുന്നു. രണ്ടായിരത്തോളം കൗമാരക്കാർക്കിടയിൽ കോവിഡ് കാലത്ത് സംഘടിപ്പിച്ച ഒരു സർവ്വേയിൽ ഉപദേശത്തേക്കാൾ മാതാപിതാക്കളുടെ മാതൃകകളാണ് ഞങ്ങളെ സ്വാധീനിക്കുന്നതെന്ന് 80 ശതമാനത്തോളം വിദ്യാർത്ഥികളും അഭിപ്രായപ്പെട്ടു. വിവാഹമെന്ന കൂദാശ വലിയ ഒരു ഉത്തരവാദിത്വമാണ് ദമ്പതികളെ ഭരമേൽപ്പിക്കുന്നത്. അതിനാൽ തന്നെ മാതാപിതാക്കൾ എല്ലാ ദുഃശ്ശീലങ്ങളിൽനിന്നും വിടുതൽ നേടുകയും വിശുദ്ധ കുമ്പസാരവും വിശുദ്ധ കുർബാനയും തുടർച്ചയായി സ്വീകരിച്ചുകൊണ്ട് സ്വയം വിശുദ്ധീകരിക്കുകയും ചെയ്യണം. പുറമേ നല്ലവരും ആത്മീയരുമാണെന്ന് നമ്മൾ നടിച്ചാലും ഇരുപത്തിനാലു മണിക്കൂറും മക്കളുടെ കുഞ്ഞു കണ്ണുകൾ നമ്മുടെ വാക്കുകളും പ്രവർത്തികളും നിരീക്ഷിക്കുന്നുണ്ടെന്ന് നമ്മൾ ഓർക്കണം. പൗലോസ് ശ്ലീഹയുടെ ഈ ചോദ്യം ഓരോ മാതാപിതാക്കളോടുമാണ്.

"നീ അന്ധൻമാർക്കു വഴികാട്ടിയും ഇരുട്ടിലിരിക്കുന്നവർക്കു വെളിച്ചവും അജ്ഞർക്ക് ഉപദേഷ്ടാവും കുട്ടികൾക്ക് അധ്യാപകനുമാണെന്നു നിനക്ക് ഉറപ്പുണ്ടെങ്കിൽ, മറ്റുള്ളവരെ പഠിപ്പിക്കുന്ന നീ നിന്നെത്തന്നെ പഠിപ്പിക്കാത്തതെന്ത്? മോഷ്ടിക്കരുത് എന്നു പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുതെന്നു പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ?" (റോമാ 2: 20-22)



വിശുദ്ധ കൊച്ചുത്രേസ്യ തന്റെ ബാല്യകാലം അനുസ്മരിക്കുന്നതിങ്ങനെയാണ്;

"പുണ്യമില്ലാത്ത മാതാപിതാക്കന്മാരായിരുന്നു എന്നെ വളർത്തിയിരുന്നതെങ്കിൽ ഞാൻ വലിയ ദുഷ്ടയായി തീരുമായിരുന്നു. നശിച്ചുപോകാൻ തന്നെ സാധ്യതയുണ്ടായിരുന്നു. എന്റെ ചുറ്റിലും സന്മാതൃകകൾ മാത്രം ഉണ്ടായിരുന്നതിനാൽ അവയെ അനുകരിക്കാൻ നൈസർഗികമായി ഞാൻ താല്പര്യപ്പെട്ടു. എനിക്ക് വായിക്കാൻ സാധിച്ച ആദ്യത്തെ അക്ഷരം സ്വർഗം എന്നായിരുന്നു."



കേരളത്തിലെ കൈനകരിയിൽ ഭക്തരും വിശുദ്ധരുമായ രണ്ട് ദമ്പതികളുണ്ടായിരുന്നു- കുര്യാക്കോസും മറിയവും. വിശുദ്ധ ചാവറയച്ചന്റെ മാതാപിതാക്കൾ. അവർ രാത്രി രണ്ടുമണിക്കും മൂന്നു മണിക്കും എഴുന്നേറ്റ് മുട്ടിന്മേൽനിന്ന് പ്രാർത്ഥിച്ചിരുന്നു. ഇത് കണ്ട് ഏലിയാസ് എന്ന ബാലനും അമ്മയുടെ അടുത്തിരുന്ന് പ്രാർത്ഥിച്ചു പോന്നു.

ഏലകൃഷി ചെയ്യുന്നവർക്കറിയാം, ഏലക്ക ഉണ്ടാകാതിരിക്കുകയോ ഉണ്ടാകുന്ന ഏലക്കായ്ക്ക് ഗുണമേന്മ ഇല്ലാതിരിക്കുകയോ ചെയ്താൽ നാം ചികിത്സിക്കുന്നത് ഏലക്കായയെ അല്ല. പകരം ഏലച്ചെടിയെയാണ്. മരുന്നുകളും വളവും ശ്രദ്ധയുമെല്ലാം നമ്മൾ നൽകുന്നത് ഏലച്ചെടിക്കാണ്. അപ്പോൾ മാത്രമേ ഗുണമേന്മയുള്ള ഏലക്ക ലഭിക്കുകയുള്ളൂ. ഇതുപോലെ ഈ കാലഘട്ടത്തിൽ മക്കൾ ദുഷിച്ചു പോകുന്നുണ്ടെങ്കിൽ ആദ്യം ചികിത്സിക്കേണ്ടത് നമ്മൾ മാതാപിതാക്കളെ തന്നെയാണ്.

## മക്കളെ ദൈവത്തോട് ചേർത്തുവളർത്തുന്ന മാതാപിതാക്കൾ

എല്ലാ കാലഘട്ടങ്ങളിലും തിന്മകൾ ഉണ്ടായിരുന്നു - പല രൂപത്തിലും ഭാവത്തിലും. അതുകൊണ്ടുതന്നെയാണ് ഈശോമിശിഹാ പഠിപ്പിച്ച ആ ചെറിയ പ്രാർത്ഥനയിൽ. "ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ" എന്ന് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടത്. തിന്മയിലും പ്രലോഭനത്തിലും വീഴാതെ വിശുദ്ധ ജീവിതം നയിച്ചവരും നയിക്കുന്നവരുമായവർ എന്നുമുണ്ട്. തിന്മയ്ക്കു നടുവിലും നന്മ ചെയ്യാൻ എന്താണ് അവരെ പ്രേരിപ്പിക്കുന്നത്? അത് ഉത്തമ ക്രൈസ്തവ മനസാക്ഷിയാണ്. ദൈവത്തോട് ചേർന്ന് നിൽക്കുന്നവർക്ക് മാത്രമേ ഉത്തമമായ മനസ്സാക്ഷി രൂപപ്പെടുത്തുവാനും തിന്മയെ ചെറുക്കുവാനും പ്രലോഭനങ്ങളെ തോൽപ്പിക്കുവാനും സാധിക്കുകയുള്ളൂ. ദൈവവചനത്തിന്റെ ശക്തിയാലാണ് ഈശോമിശിഹാ പ്രലോഭനങ്ങളെ നേരിട്ടത്.

പരീക്ഷാനേരങ്ങളിൽ ഉണർന്നിരുന്ന് പ്രാർത്ഥിക്കാൻ ഈശോമിശിഹാ ആവശ്യപ്പെടുന്നു;

"പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്നു പ്രാർഥിക്കുവിൻ; ആത്മാവു സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്." (മത്തായി 26 : 41).

തിന്മകൾക്കെതിരെയുള്ള പോരാട്ടത്തിൽ സ്വന്തം ബലത്തിൽ മാത്രം ആശ്രയിക്കുന്ന മനുഷ്യൻ ചിലപ്പോഴൊക്കെ വിജയിച്ചേക്കാമെങ്കിലും അന്തിമ വിജയം ഉണ്ടാകണമെന്നില്ല.

"എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലിപ്പി 4 : 13). എല്ലാം ചെയ്യാൻ നമ്മെ ശക്തനാക്കുന്ന ഈ ദൈവത്തോട് ചേർത്തുനിർത്തി വേണം മാതാപിതാക്കൾ മക്കളെ വളർത്തേണ്ടത്. മക്കളെ ദൈവത്തോട് ചേർത്ത് വളർത്തിയില്ലെങ്കിൽ അവർക്ക് എന്ത് സംഭവിക്കുമെന്ന് പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. ഈ കാലഘട്ടത്തിൽ സംഭവിക്കുന്നതും അത് തന്നെയല്ലേ?

"ദൈവത്തെ അംഗീകരിക്കുന്നതു പോരായ്മയായി അവർ കരുതിയതു നിമിത്തം, അധമവികാരത്തിനും അനുചിതപ്രവൃത്തികൾക്കും ദൈവം അവരെ വിട്ടുകൊടുത്തു. അവർ എല്ലാത്തരത്തിലുമുള്ള അനീതിയും ദുഷ്ടതയും അത്യാഗ്രഹവും തിന്മയും നിറഞ്ഞവരാണ്. അസൂയ, കൊലപാതകം, ഏഷണി, കലഹം, വഞ്ചന, പരദ്രോഹം എന്നിവയിൽ അവർ മുഴുകുന്നു. അവർ പരദൂഷകരും ദൈവനിന്ദകരും ധിക്കാരികളും ഗർവിഷ്ഠരും പൊങ്ങച്ചക്കാരും തിന്മകൾ ആസൂത്രണം ചെയ്യുന്നവരും മാതാപിതാക്കളെ അനുസരിക്കാത്തവരുമായിത്തീർന്നു." (റോമാ 1 : 28-30)



മക്കളെ ദൈവത്തോട് ചേർത്ത് വളർത്തുന്ന മാതാപിതാക്കളെക്കുറിച്ച് ആ മക്കൾ തന്നെ പിന്നീട് സാക്ഷ്യപ്പെടുത്തും. വിയറ്റ്നാം തടവറയെ പ്രേഷിതമേഖലയായി കണ്ടു 13 വർഷങ്ങൾ അവിടെ ബലി ജീവിതം നയിച്ച കാർഡിനൽ വാൻ ത്വാൻ തന്റെ അമ്മയെക്കുറിച്ച് ഇങ്ങനെ എഴുതി;

"ഗർഭാശയത്തിൽ ഞാൻ ഉണ്ടായിരുന്ന കാലം മുതൽ എന്നെ മതബോധനം നൽകി വളർത്തിയതാണ് എന്റെ അമ്മ എലിസബത്ത്. ഞാൻ പിച്ചവച്ച നാൾ മുതൽ എല്ലാ രാത്രിയിലും ബൈബിളിൽ നിന്നുള്ള കഥകൾ എന്നെ പഠിപ്പിച്ചു. നമ്മുടെ രക്തസാക്ഷികളുടെ കഥകൾ അമ്മയെനിക്ക് പറഞ്ഞു തന്നു. എന്റെ രാജ്യത്തോടുള്ള സ്നേഹം അവർ എന്നെ പഠിപ്പിച്ചു. ക്രൈസ്തവ നന്മയുടെ മാതൃകയായി ഉണ്ണീശോയുടെ വിശുദ്ധ കൊച്ചുത്രേസ്യായെ അമ്മ അവതരിപ്പിച്ചു."

ദൈവത്തോട് ചേർന്ന് വളർന്ന മക്കളെ ലഹരി ഉപയോഗിക്കാനായി കൂട്ടുകാർ ക്ഷണിച്ചാലും അതിനോട് നോ പറയാനുള്ള ആത്മീയശക്തി അവർക്കുണ്ടാകും. വ്യക്തിപരമായ പ്രാർത്ഥനയിലൂടെ ഈശോമിശിഹായുമായി വ്യക്തി ബന്ധം സ്ഥാപിച്ച മക്കൾക്ക് ഒരു ഇൻസ്റ്റാഗ്രാം സൗഹൃദം പ്രലോഭനമാവില്ല. ലഘുപാപങ്ങൾ പോലും ഏറ്റുപറഞ്ഞ് സ്ഥിരമായി കുമ്പസാരിക്കുന്ന ഒരു ദൈവപൈതൽ ഒരിക്കലും ഒരു മാരകപാപത്തെക്കുറിച്ച് ചിന്തിക്കുക പോലുമില്ല. പരിശുദ്ധ അമ്മയോട് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന കുട്ടിക്കും ആ അമ്മയുടെ വിശുദ്ധിയുടെ സൗരഭ്യമുണ്ടാകും.



**എല്ലാ പേരന്റിംഗ് സെമിനാറുകൾക്കും പുസ്തകങ്ങൾക്കും പ്രസക്തിയുണ്ട്. എന്നാൽ അവയേക്കാളെല്ലാം ശ്രേഷ്ഠമാണ് ഈ മൂന്നു കാര്യങ്ങൾ. കാലമെത്ര മാറിയാലും തിന്മകളും പ്രലോഭനങ്ങൾ എത്ര പെരുകിയാലും ഈ മൂന്നു കാര്യങ്ങൾ, സാധിക്കുന്ന അത്രയും തീക്ഷ്ണതയോടും ആത്മാർത്ഥതയോടും ചെയ്യാൻ ശ്രമിക്കുന്ന മാതാപിതാക്കളുടെ മക്കളെ തിന്മയുടെ പരുന്തുകൾ റാഞ്ചി കൊണ്ടുപോവുകയില്ല. നമ്മൾ മാതാപിതാക്കൾക്ക് നമ്മുടെ മക്കളെ ചേർത്തുനിർത്തി സ്വർഗ്ഗത്തെ നോക്കി പ്രാർത്ഥിക്കാം; "അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹന്നാൻ 17 : 19).**

# കുട്ടികളുടെ ഉള്ളിലെ കഴിവിനെ എങ്ങനെ കണ്ടെത്താം

**ഒന്നു നിൽക്കാൻ, നോക്കാൻ നമുക്ക് സമയമുണ്ടോ എന്നതാണ് കാര്യം. ഒരു കുഞ്ഞിന്റെ നൈസർഗിക വാസനയെ അറിയാൻ, പ്രചോദിപ്പിക്കാൻ ചിലപ്പോ ഒരൊറ്റ ചോദ്യം മതി – "എന്ത് ചെയ്യാനാ എന്റെ പൊന്നിന് ഏറ്റവും ഇഷ്ടം"**



സാജൻ പാപ്പച്ചൻ
ട്രെയിനർ

നിങ്ങളുടെ കുഞ്ഞുങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങൾ അല്ല
ജീവിതത്തിനു അതിനോട് തന്നെയുള്ള അഭിനിവേശത്തിന്റെ പുത്രന്മാരും പുത്രിമാരുമാണവർ
നിങ്ങളുടെ സ്നേഹം അവർക്കു നൽകാം,
എന്നാൽ ചിന്തകൾ വേണ്ട
അവർക്കു അവരുടേതായ ചിന്തകൾ ഉണ്ട്
സ്വപ്നങ്ങളിൽ പോലും നിങ്ങൾക്ക്
സന്ദർശിക്കാനാകാത്ത
നാളെയുടെ ഭവനങ്ങളിലാണ് അവരുടെ ആത്മാവ് വസിക്കുന്നത്

– ഖലീൽ ജിബ്രാൻ

ഒരു കുഞ്ഞു ഡയറിയിൽ നിന്നാണ് എല്ലാം തുടങ്ങിയത്. എട്ടു വയസുകാരിയുടെ കുഞ്ഞു ചിന്തകളെയും ഓർമ്മകളെയും കോറിയിടുന്ന ക്യാൻവാസ് പോലെയുള്ള ഒരു കുഞ്ഞു ഡയറിയിൽനിന്ന്. മകൾ സേറ, പള്ളിയിൽ നിന്ന് അവൾ പോയ ഒരു വിനോദയാത്രാ അനുഭവം, അതിനായി തലേദിവസം അവൾ നടത്തിയ തയ്യാറെടുപ്പുകൾ, അപ്പന്റെ കയ്യിൽനിന്ന് പോക്കറ്റ് മണി മേടിച്ചെടുക്കാൻ അവൾ നടത്തിയ ശ്രമങ്ങൾ, മുതിർന്നവരുടെ ലോകത്തെ "അരുതുകൾ", യാത്രയിൽ അവൾ കണ്ട വാനരന്മാരുടെ ഹോം വർക്കുകൾ ഇല്ലാത്ത ജീവിതം എല്ലാം അവളുടെ ഡയറിയിൽ ചിത്രങ്ങളായും എഴുത്തായും കോറിയിട്ടിരിക്കുന്നതു കണ്ടപ്പോൾ അവളുടെ കുഞ്ഞെഴുത്തിനെ പ്രോത്സാഹിപ്പിക്കാനാണ് "നമുക്കിത് ഒരു പുസ്തകമാക്കിയാലോ" എന്ന് ഒരു അഭിപ്രായം ചോദിച്ചത്. ആ നാളുകളിൽ ഡി സി ബുക്ക്സ് കോഴിക്കോട് വച്ച് നടത്തിയ കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൽ കുറെ എഴുത്തുകാരെ പരിചയപ്പെട്ടതിന്റെ കൂടി ആവേശത്തിൽ ആവണം, അവൾ പുസ്തകം എന്ന ആശയത്തെ ഏറ്റെടുത്തത്. ചിത്രങ്ങൾ എല്ലാം വരച്ചു തരാമെന്ന് അമ്മ കൂടി ഏറ്റപ്പോൾ അത് ഒരു ടീം വർക്കായി. എല്ലാം ടൈപ്പ് ചെയ്തു തരാമെങ്കിൽ എഡിറ്റ് ചെയ്തു ലേഔട്ട് ചെയ്യുന്ന കാര്യം ഞാൻ നോക്കിക്കോളാം എന്ന് അപ്പന്റെ വക ഒരു ഓഫർ കൂടി ആയപ്പോൾ "The (Mis) adventures of Nila - Trips: Where Fun Begins and Logic Ends" എന്ന ഒരു പുസ്തകം പിറവി എടുത്തു. പക്ഷെ കാര്യങ്ങൾ അവിടെയും തീർന്നില്ല. എട്ടുവയസിൽ സ്വന്തം യാത്രാനുഭവം ഒരു സചിത്ര പുസ്തകമാക്കിയതിന് സേറ, India Book of Records ൽ ഇടം പിടിച്ചു.




**അനുദിന ജീവിത തിരിക്കുകൾക്കിടയിൽ ഒന്ന് കാതോർത്താൽ, കണ്ണ് തുറന്നു നോക്കിയാൽ നമ്മുടെ കുഞ്ഞുങ്ങൾ വ്യാപരിക്കുന്ന, അവർ സൃഷ്ടിക്കുന്ന ഒരു അത്ഭുത ലോകം കാണാം**

ഒരു പിതാവെന്ന നിലയിൽ, ഞാൻ ഇത് അത്ഭുതത്തോടെയും വിനയത്തോടെയും നോക്കിനിന്നു. അവളുടെ അമ്മ ഓരോ ചിത്രവും വരച്ച് അവളുടെ വാക്കുകൾക്ക് ജീവൻ നൽകി, ഞാൻ എഡിറ്റ് ചെയ്ത് ലേഔട്ട് രൂപപ്പെടുത്തി. പക്ഷേ ആ തീപ്പൊരി? അത് പൂർണമായും സേറയുടേതായിരുന്നു. നമ്മുടെ കുട്ടികളിൽ എത്രയോ തീപ്പൊരികൾ ഒളിഞ്ഞിരിക്കുന്നു. ചുറ്റും പ്രകാശം പരത്തുന്ന ജ്വാലയായി മാറാൻ സഹായിക്കുന്ന മൃദുവായ കാറ്റിനായി അത് ആ കുഞ്ഞുങ്ങളുടെ ഉള്ളിൽ കാത്തിരിക്കുന്നു.

അനുദിന ജീവിത തിരിക്കുകൾക്കിടയിൽ ഒന്ന് കാതോർത്താൽ, കണ്ണ് തുറന്നു നോക്കിയാൽ നമ്മുടെ കുഞ്ഞുങ്ങൾ വ്യാപരിക്കുന്ന, അവർ സൃഷ്ടിക്കുന്ന ഒരു അത്ഭുത ലോകം കാണാം – ചിലപ്പോൾ അശ്രദ്ധമായി അവർ പാടുന്ന ഒരു മൂളിപ്പാട്ടിൽ ഒരു ഗായകനെ കണ്ടെത്താം, അവർ വരച്ചു വച്ചിരിക്കുന്ന ചുവർ ചിത്രങ്ങളിൽനിന്ന് ഒരു ചിത്രകാരി രൂപപ്പെടാം, കളിപ്പാട്ടം കിട്ടിയാലുടൻ അഴിച്ചു നോക്കി അതിനുള്ളിൽ ഇരിക്കുന്ന യന്ത്രങ്ങളെ നോക്കിയിരിക്കുന്ന കുഞ്ഞിൽ നാളെയുടെ റോബോട്ടിക്സ് എൻജിനീയറെ കാണാം. രസകരവും അത്ഭുതത്തോടെയും യുക്തിഭാരമില്ലാതെയും ഓരോ കുഞ്ഞും അവരുടെ "ഡയറിയിൽ" എന്തൊക്കെയോ വരച്ചിടുന്നുണ്ട്. ഒറ്റക്കാഴ്ചയിൽ നമ്മൾ മുതിർന്നവർക്ക് നിസ്സാരമെന്നു തോന്നുന്ന ആ ആവിഷ്കാരങ്ങളിൽ അവർ ഒളിപ്പിച്ചു വയ്ക്കുന്നത് അവർ ലോകത്തെ മനസ്സിലാക്കുന്ന രീതിയാണ്. ഒന്നു നിൽക്കാൻ, നോക്കാൻ നമുക്ക് സമയമുണ്ടോ എന്നതാണ് കാര്യം. ഒരു കുഞ്ഞിന്റെ നൈസർഗിക വാസനയെ അറിയാൻ, പ്രചോദിപ്പിക്കാൻ ചിലപ്പോ ഒരൊറ്റ ചോദ്യം മതി – "എന്ത് ചെയ്യാനാ എന്റെ പൊന്നിന് ഏറ്റവും ഇഷ്ടം"

ഒരു കുഞ്ഞിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന താലന്തുകളെ എങ്ങനെ തിരിച്ചറിയാം? ഞങ്ങളുടെ കുടുംബ കഥയിൽനിന്ന് ചില കാര്യങ്ങൾ പറഞ്ഞോട്ടെ :

1. അവരെ കേൾക്കുകയും നിരീക്ഷിക്കുകയും ചെയ്യുക: കുഞ്ഞിന്റെ കണ്ണുകളെ പ്രകാശിപ്പിക്കുന്നത് എന്താണെന്ന് ശ്രദ്ധിക്കുക. സേറയുടെ ഡയറി ഹോംവർക്കോ അവളെ നിർബന്ധപൂർവം ഏല്പിച്ചിരുന്ന ഒരു പ്രക്രിയയെ ആയിരുന്നില്ല; അത് അവളുടെ സന്തോഷമായിരുന്നു. വളരെ സ്വാഭാവികമായി അവർ എന്തിലേക്കാണ് ആകർഷിക്കപ്പെടുന്നത്? ഏറെ സന്തോഷത്തോടെ അവർ എന്തിലാണ് ഏർപ്പെടുന്നത് ?

2. സമ്മർദമല്ല, ഉപകരണങ്ങളും സാധ്യതകളും നൽകുക: ഞങ്ങൾ സേറയ്ക്ക് ഒരു ഡയറി നൽകി, സമയപരിധി നൽകിയില്ല. എഴുത്തുകാരെ പരിചയപ്പെടുത്തി, അവരെപ്പോലെ ആകാൻ സമ്മർദ്ദം ചെലുത്തിയില്ല. പുസ്തകങ്ങൾ, ക്രയോണുകൾ, ഒരു മാഗ്നിഫൈയിംഗ് ഗ്ലാസ്, മഹാന്മാരുടെ ചിത്രങ്ങൾ ഒക്കെ നൽകാം എന്നിട്ടു അവർക്ക് അവരുടെ വേഗതയിൽ, ആസ്വദിച്ചു ഇവയൊക്കെ പരീക്ഷിച്ചു നോക്കാൻ അവസരം നൽകുക.

3. ചെറിയ ചുവടുകളെ ആഘോഷിക്കുക: സേറയുടെ ഡയറി ഒരു പുസ്തകമാക്കി മാറ്റുന്നത് ഞങ്ങളുടെ ഒരുമിച്ചുള്ള ആഘോഷമോ സന്തോഷമോ ഒക്കെ ആയിരുന്നു, ഒരു റെക്കോർഡ് ഭേദിക്കൽ ലക്ഷ്യമേ ആയിരുന്നില്ല. ഫലത്തേക്കാൾ പ്രക്രിയയെ പ്രശംസിക്കുക, ആസ്വദിക്കുക.

4. പുതിയ ലോകങ്ങളെ പരിചയപ്പെടുത്തുക : കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിൽ അവൾ കണ്ട എഴുത്തുകാർ, അവരോടു ആളുടെ മാതാപിതാക്കൾ ഏറ്റവും ആദരവോടെ പെരുമാറുന്നത് ഒക്കെ അവളെ സ്വാധീനിച്ചിട്ടുണ്ടാകാം. ഒരുമിച്ചൊരു പ്രകൃതി നടത്തത്തിൽ, വീടിനടുത്തുള്ള ഒരു വർക്ക് ഷോപ്പിൽ, ഒരു നാടക പ്രദർശനത്തിലൊക്കെ അവരുടെ ഉള്ളിലെ തീപ്പൊരിയെ പ്രചോദിപ്പിക്കാൻ സാധ്യതയുള്ള, അവരെ തൊടാൻ സാധ്യതയുള്ള എന്തെങ്കിലും ഉണ്ടാവാം.

5. അവരുടെ സ്വപ്നങ്ങളുടെ സംവിധായകരല്ല, സഹ-സ്രഷ്ടാക്കളായിരിക്കുക : അവളുടെ അമ്മ ചിത്രങ്ങൾ വരച്ചു, ഞാൻ എഡിറ്റ് ചെയ്തു. അവളുടെ യാത്രക്ക് ഞങ്ങൾ കൂട്ട് പോയി.. ചിലപ്പോൾ വഴി പറഞ്ഞും, ചില മാർഗ്ഗ തടസ്സങ്ങൾ മാറ്റിക്കൊടുത്തും. ❖

# ആനോണിന്റെ ആഗ്രഹം സഫലമായി; മോഹൻലാൽ അരികെ



ജോജി പേഴത്തുവയലിൽ

മോഹൻലാലിനെ കാണണമെന്നുള്ള ദീർഘനാളത്തെ ആഗ്രഹം സഫലമായതിന്റെ സന്തോഷത്തിലാണ് ആനോൺ. ചിറക്കടവ് കത്തലാങ്കൽപ്പടി കല്ലൂക്കുളങ്ങര സലീലൻ ഏബ്രഹാമിന്റെയും ജെസിയുടെയും രണ്ടാമത്തെ മകനാണ് ആനോൺ ഏബ്രഹാം (20). സെറിബറൽ പാൾസി ബാധിച്ച ആനോണിന് മോഹൻലാലിനെ കാണണമെന്ന ആഗ്രഹം സഫലമാക്കിയത് മോഹൻലാൽ ഫാൻസ് ആൻഡ് കൾച്ചറൽ വെൽഫെയർ അസോസിയേഷനാണ്.

മാർച്ച് 11 ന് ഇടുക്കി വണ്ടിപ്പെരിയാറ്റിൽ ഷൂട്ടിംഗ് ലൊക്കേഷനിലെത്തിയാണ് ആനോണും കുടുംബം മോഹൻലാലിനെ കണ്ടത്. സത്യൻ അന്തിക്കാടിന്റെ ഹൃദയപൂർവം എന്ന സിനിമയുടെ ചിത്രീകരണത്തിനിടെയാണ് ആനോണിനും കുടുംബത്തിനുമൊപ്പം ചെലവഴിക്കാൻ മോഹൻലാൽ സമയം കണ്ടെത്തിയത്. ഇവരോടൊപ്പം 15 മിനിറ്റ് ചെലവഴിച്ച മോഹൻലാൽ ആനോണിന്റെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞും കുടുംബത്തിനുമൊപ്പം ഫോട്ടോയും വീഡിയോയും എടുത്തശേഷമാണ് മടങ്ങിയത്.



*മോഹൻലാലിനൊപ്പം ആനോണും കുടുംബവും*

ആനോണിന്റെ മനസിൽ അഞ്ചു വയസുമുതൽ കയറിക്കൂടിയതാണു ലാലേട്ടൻ. മോഹൻലാലിന്റെ ആക്ഷൻ സിനിമകളാണ് ഇഷ്ടം. നരസിംഹവും നരനുമെല്ലാം ടിവിയിൽ വന്നാൽ ആനോൺ പിന്നെ ഹാപ്പിയാണ്.

ആനോണിന്റെ ആഗ്രഹമറിഞ്ഞ് മാതാവിന്റെ സുഹൃത്താണ് ഫാൻസ് അസോസിയോഷൻ ഭാരവാഹികളുമായി ബന്ധപ്പെടുന്നത്. ആനോണും മാതാപിതാക്കളും സഹോദരൻ എബിന്റെ ഭാര്യ കുക്കുവും മകൻ ഒരുവയസുകാരൻ അയോണും വല്യമ്മ മറിയക്കുട്ടിക്കുമൊപ്പമെത്തിയാണ് മോഹൻലാലിനെ കണ്ടത്.

ശാരീരിക വൈകല്യത്തെ അതിജീവിച്ച് പ്ലസ്ടു ഹ്യുമാനിറ്റീസ് 60 ശതമാനം മാർക്കോടെയാണ് വിജയിച്ചത്. പത്താം ക്ലാസ് വരെ ചിറക്കടവ് സെന്റ് ഇഫ്രേംസ് സ്കൂളിലും പ്ലസ്ടു കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സിലുമായിരുന്നു.

സിനിമകൾക്കൊപ്പം ക്രിക്കറ്റും ഫുട്ബോളും ഇഷ്ടപ്പെടുന്ന ആനോണിന്റെ ഇഷ്ട കായിക താരം രോഹിത് ശർമയാണ്.

❖

വി. കുർബാന ഒരു പഠനം

# വിശുദ്ധിയുടെ പരിമളം



സി. റോസ്‌ലിൻ അറവാക്കൽ MTS
ബേസ് തോമാ ദയറാ, പാലമറ്റം



പൗരസ്ത്യ പാരമ്പര്യത്തിൽപ്പെട്ട എല്ലാ സഭകളിലും പരിശുദ്ധകുർബാനയർപ്പണത്തിലും, ഇതര കൂദാശകളുടെയും, യാമശുശ്രൂഷകളുടെയും, കൂദാശാനുകരണങ്ങളുടെയും പരികർമവേളകളിലും ധൂപാർപ്പണം ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്. ഓറശ്ലേം ദൈവാലയത്തിൽ ദൈവമഹത്ത്വത്തിനും പാപപരിഹാരത്തിനുമായി നടത്തിയിരുന്ന ധൂപ ബലികളെക്കുറിച്ചുള്ള നിരവധി പരാമർശങ്ങൾ പഴയ നിയമത്തിൽ കാണാം. മാർ തോമാ നസ്രാണിസഭകളെല്ലാം തന്നെ ദൈവാരാധനയിൽ സമൃദ്ധമായി ധൂപം അർപ്പിക്കുന്ന ധന്യമായ പൗരസ്ത്യപാരമ്പര്യം തുടരുന്നുണ്ട്.

ദൈവമഹത്ത്വത്തിനായി നാം അർപ്പിക്കുന്ന ധൂപം സ്വർഗത്തിലേയ്ക്കുയരുന്ന നമ്മുടെ പ്രാർഥനയുടെയും (സങ്കീ 140:2, വെളി 8: 3-4) ഒപ്പം കർത്താവിൽ നിന്നു നാം സ്വീകരിക്കുന്ന പാപമോചനത്തിന്റെയും പവിത്രീകരണത്തിന്റെയും പ്രതീകമാണ്. ഈ പ്രപഞ്ചത്തെ സൂചിപ്പിക്കുന്ന ധൂപകലശത്തിന്റെ മേൽത്തട്ട് ആകാശത്തെയും കീഴ്ത്തട്ട് ഭൂമിയേയും പ്രതിനിധീകരിക്കുന്നു. ധൂപകലശത്തിലെ കരി മനുഷ്യവംശത്തിന്റെ പാപാവസ്ഥയെ സൂചിപ്പിക്കുന്നു; അതിലെ അഗ്നിയും കുന്തിരിക്കവും മിശിഹായുടെ സ്നേഹാഗ്നിയിൽ നമ്മുടെ പാപങ്ങൾ ദഹിച്ച് ഇല്ലാതായി നാം മിശിഹായുടെ പരിമളമായി തീരുന്ന യാഥാർഥ്യത്തെ പ്രകാശിപ്പിക്കുന്നു. അതിന്റെ നാലു ചങ്ങലകളിൽ ഒന്ന് പിതാവായ ദൈവത്തെയും രണ്ടെണ്ണം ദൈവവും മനുഷ്യനുമായ ഈശോയെയും മറ്റൊന്നു റൂഹാദ്ഖുദ്ശായെയും സൂചിപ്പിക്കുന്നു. മ്ശംശാന പള്ളിയുടെ മദ്ധ്യത്തിലൂടെ നടന്നു വിശ്വാസികളെ ധൂപിക്കുമ്പോൾ മാർ തോമാ നസ്രാണികൾ 'എന്റെ കർത്താവേ പാപിയായ എന്നിൽ കനിയണമേ' എന്നു പ്രാർഥിച്ചു കൊണ്ടു ധൂപം തങ്ങളിലേയ്ക്ക് ആവാഹിച്ചിരുന്നതായി പുരാതന രേഖകൾ സാക്ഷിക്കുന്നുണ്ട്.

നമുക്കുവേണ്ടി സ്വയം സുരഭിലബലിയായിതീർന്നു ദൈവപിതാവിനു മഹത്ത്വമേകിയ പുത്രന്റെ പരിമളമായി തീരാനുള്ള വലിയ ഉത്തരവാദിത്തമാണ് ധൂപാർപ്പണത്തിന്റെ പഞ്ചേന്ദ്രിയ അനുഭവം നമ്മെ ഓർമിപ്പിക്കേണ്ടത്. സഭയാകുന്ന ആതുരാലയത്തിൽ ചികിത്സ തേടിയണയുന്ന നമ്മെ യഥാർഥ വൈദ്യൻ സ്വയം മരുന്നായിമാറി സുഖമാക്കുമ്പോൾ നമ്മിൽ നിന്നും സ്നേഹത്തിന്റെയും വിശുദ്ധിയുടെയും സുഗന്ധം പരക്കുന്നുവെന്നും അതു നമ്മെ മിശിഹായുടെ പരിമളമാക്കി പരിണമിപ്പിക്കുന്നുവെന്നുമുള്ള അവബോധം ധൂപാർപ്പണശുശ്രൂഷകളിൽ ബോധപൂർവം പങ്കുചേരാൻ നമ്മെ പ്രചോദിപ്പിക്കും. ❖

നോവൽ

അദ്ധ്യായം - 10

# സ്നേഹനിലാവ്



എം.ജെ. ജിൻസ്

ഉണ്ണിക്കുട്ടനോട് പറഞ്ഞ വാക്ക് അനുപമ ടീച്ചർ മറന്നിട്ടുണ്ടായിരുന്നില്ല. അവന്റെ മദറമ്മയേയും ദിയേച്ചിയേയും മറ്റു കൂട്ടുകാരെയും കാണുവാനായി ഒരു ശനിയാഴ്ച രാവിലെ ടീച്ചർ ഹോളി ഫാമിലി ഓർഫനേജിലെത്തി. സുഹൃത്തും അധ്യാപികയുമായ ആൻലിനും അനുപമ ടീച്ചർക്കൊപ്പമുണ്ടായിരുന്നു.

ഒട്ടും പ്രതീക്ഷിക്കാതെ തന്റെ പ്രിയപ്പെട്ട അധ്യാപികയെ കണ്ടപ്പോൾ ഒരു നിമിഷം എന്തുചെയ്യണമെന്നറിയാതെ നിന്നുപോയി ഉണ്ണിക്കുട്ടൻ. പിന്നെ ഓടിച്ചെന്ന് ടീച്ചറെ കെട്ടിപ്പിടിച്ചു. ആ സ്നേഹദൃശ്യം സംഗീത ടീച്ചറിലും ഹൃദ്യമായൊരു പുഞ്ചിരി സൃഷ്ടിച്ചു. അപ്പോഴേക്കും മദറമ്മയും അവിടേയ്ക്കെത്തി.

'മദറമ്മേ, ഇതാ എന്റെ അനുപമ ടീച്ചർ', ഉണ്ണിക്കുട്ടൻ ആവേശത്തോടെ പറഞ്ഞു. 'ആഹാ ഉണ്ണിക്കുട്ടനെപ്പോഴും പറയും ടീച്ചറെക്കുറിച്ച്, ഒത്തിരി ഇഷ്ടവാ ടീച്ചറിനെ, വാ മക്കളേ ഗസ്റ്റ് റൂമിലേക്ക് ഇരിക്കാം' മദറമ്മ പറഞ്ഞു.

മദറമ്മയോടൊപ്പം ഗസ്റ്റ് റൂമിലേക്ക് നടക്കവേ ആൻലിനെ മദറമ്മയ്ക്കു പരിചയപ്പെടുത്തി അനുപമ ടീച്ചർ, പിന്നെ ഉണ്ണിക്കുട്ടനു നേരെ തിരിഞ്ഞു പറഞ്ഞു ; 'ഈ ടീച്ചർ എന്നെപ്പോലെ ഒന്നുവല്ല കേട്ടോ, പറഞ്ഞാൽ അനുസരിച്ചില്ലെങ്കിൽ നല്ല തല്ലൊക്കെ തരും. അടുത്തവർഷം മിക്കവാറും നിന്റെ ക്ലാസ് ടീച്ചർ ആയിരിക്കും, ഇപ്പോളേ കുറച്ചൊരു ബഹുമാനമൊക്കെ കാണിച്ചോ'.

അതു കേട്ട ഉണ്ണിക്കുട്ടൻ ഒരു നിമിഷം ആൻലിൻ ടീച്ചറിന്റെ മുഖത്തേയ്ക്കു നോക്കി, എന്നിട്ടു പറഞ്ഞു;

'ചുമ്മാ നുണ പറയല്ലേ ടീച്ചറെ, ടീച്ചറുടെ മുഖം കണ്ടാൽതന്നെ അറിയാം ടീച്ചറെക്കാളും പാവവാന്ന്' . ഉണ്ണിക്കുട്ടന്റെ മറുപടി സർവ്വരിലും ചിരി പടർത്തി. 'ഇതാ ഇവൻെറ കഴിവ്, ഇങ്ങനെ സോപ്പിടാൻ മറ്റൊരാൾക്കും പറ്റില്ല! ചിരികൾക്കിടെ മദറമ്മയുടെ വാക്കുകൾ. അതുകേട്ട് ഒരു കുസൃതിച്ചിരി ചിരിച്ചു ഉണ്ണിക്കുട്ടനും. അപ്പോഴേക്കും ദിയ സിസ്റ്ററും ഗസ്റ്റ് റൂമിലേക്കെത്തി. പിന്നാലെ ചായയും പലഹാരവുമായി സൂസന്നയും.

ഓർഫനേജിന്റെ നടത്തിപ്പിനെ കുറിച്ചും ഇവിടെയുള്ള കുഞ്ഞുങ്ങളെക്കുറിച്ചും എല്ലാം വിശദമായി ചോദിച്ചു മനസ്സിലാക്കി അനുപമ ടീച്ചർ. പിന്നെ അവരുടെ സംസാരം സ്കൂൾ വിശേഷങ്ങളിലേക്കായി.

കുഞ്ഞുങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെക്കുറിച്ച് ആൻലിൻ ടീച്ചർ പറഞ്ഞത് ഭയാശങ്കകളോടെയാണ് മറ്റുള്ളവർ കേട്ടിരുന്നത്. ആറിലും ഏഴിലും ഒക്കെ പഠിക്കുന്ന കുഞ്ഞുങ്ങൾക്ക് പോലും ഐസ്ക്രീമിലും മിട്ടായിലുമൊക്കെ ലഹരിപദാർത്ഥങ്ങൾ കലർത്തി നൽകി ക്രമേണ അവരെ ലഹരിക്ക് അടിമയാക്കുന്നു എന്ന വാർത്ത മദറമ്മയ്ക്കും മറ്റും അവിശ്വസനീയമായിരുന്നു.

'എന്തൊക്കെയാ കർത്താവേ ഈ ലോകത്ത് നടക്കുന്നേ! ഇവിടുത്തെ പിള്ളേരും നാളെ ആ പ്രായത്തിലോട്ടാണല്ലോ എന്നോർക്കുമ്പോ പേടിയാവുന്നു.' ,

മദറമ്മയുടെ വാക്കുകളിൽ വലിയ ഭീതി നിറഞ്ഞു നിന്നു. 'അങ്ങനെ പേടിക്കുവൊന്നും വേണ്ടമ്മേ, നമ്മുടെ പിള്ളേരൊന്നും ഒരു തെറ്റിലോട്ടും പോവില്ല. ഈശോ അല്ലേ അവരുടെ കൈ പിടിച്ചിരിക്കുന്നേ', ദിയ സിസ്റ്റർ മദറമ്മയ്ക്ക് ധൈര്യം പകർന്നു.

'അതെയമ്മേ, പ്രാർത്ഥനയിലും ദൈവവിശ്വാസത്തിലും വളരുന്ന പിള്ളാരെ ഒരു ചെകുത്താനും തൊടാൻ പറ്റില്ല', അക്കാര്യത്തിൽ നല്ല ഉറപ്പുണ്ടായിരുന്നു അനുപമ ടീച്ചർക്കും.

'ഇപ്പോ ഉണ്ടാവുന്ന ഈ പ്രശ്നങ്ങൾക്ക് പിള്ളാരെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല ടീച്ചറേ, ഒരുപാട് നോട്ടപ്പിഴ മാതാപിതാക്കൾക്കും ഉണ്ടാവുന്നുണ്ട്', ആ ശബ്ദം സൂസന്നയുടേതായിരുന്നു.

'ഒരു കഷ്ടപ്പാടും അറിയിക്കാതെ പിള്ളാരെ വളർത്തും. അവര് ചോദിക്കുന്നതെല്ലാം വാങ്ങിച്ചും കൊടുക്കും. മൊബൈൽ ഉൾപ്പെടെ. എന്നിട്ടോ, അവർ എന്തൊക്കെ അതിൽ ചെയ്യുന്നേന്നോ ആരോടൊക്കെയാ കൂട്ടുകൂടുന്നേന്നോ ഒന്നും ശ്രദ്ധിക്കുവേം ഇല്ല... പിന്നെ ഓരോ ദുരിതങ്ങൾ ഉണ്ടായിക്കഴിഞ്ഞു നെഞ്ചത്തടിച്ച് നിലവിളിച്ചിട്ട് എന്താ കാര്യം ! സൂസന്നയുടെ വാക്കുകളോട് യോജിപ്പായിരുന്നു എല്ലാവർക്കും. തങ്ങളുടെ കുഞ്ഞുങ്ങളിൽ ബദ്ധശ്രദ്ധരായിരിക്കേണ്ടത്, അവരുടെ വഴി നേർവഴി തന്നെ എന്നുറപ്പിക്കേണ്ടത് ഓരോ മാതാപിതാക്കളുടെയും ഉത്തരവാദിത്വമാണല്ലോ.

അവരുടെ സംസാരം പിന്നീട് ഓരോരുത്തരുടെയും വ്യക്തിവിശേഷങ്ങളിലേക്കും വീട്ടുവിശേഷങ്ങളിലേക്കും കടന്നു. വളരെ വേഗം സമയം കടന്നു പോയി. 'ഇനിയിപ്പോ ഏതായാലും ഊണ് കഴിച്ചിട്ട് പോകാം' . ദിയ സിസ്റ്ററുടെ ഈ വാക്കുകൾ കേട്ടാണ് അനുപമ ടീച്ചർ തന്റെ വാച്ചിലേക്ക് നോക്കുന്നത്.

ഒരു മണി കഴിഞ്ഞിരിക്കുന്നു. 'അയ്യോ ഇത്രയും നേരമായോ! അവിടെ ഹോസ്റ്റലിൽ ഉള്ള കൂട്ടുകാര് ഞങ്ങളെ നോക്കിയിരിക്കും സിസ്റ്ററേ, ഞങ്ങൾ ചെന്നിട്ടേ അവരും കഴിക്കൂ... അതുമാത്രമല്ല ഒരു ലോഡ് ആൻസർ ഷീറ്റും അസൈമെൻറ്സും ഒക്കെ നോക്കാനും കിടക്കുന്നു. 'അനുപമ ടീച്ചർ പറഞ്ഞു. അവരങ്ങനെ യാത്ര പറഞ്ഞിറങ്ങി.

'ഇടയ്ക്കൊക്കെ ഈ വഴി വാ കേട്ടോ' , മദറമ്മയുടെ സ്നേഹപൂർണ്ണമായ അഭ്യർത്ഥനയ്ക്ക് 'ഉറപ്പായും മദറേ' എന്ന് മറുപടി പറഞ്ഞത് ആൻലിൻ ടീച്ചറായിരുന്നു. ഓർഫനേജിന്റെ ഗേറ്റ് കടക്കുമ്പോൾ ഇരുവരും ഒരിക്കൽ കൂടി തിരിഞ്ഞുനോക്കി, ഉണ്ണിക്കുട്ടനോടും സിസ്റ്റേഴ്സിനോടും കൈ വീശി യാത്ര പറഞ്ഞു. ❖

**ഒരു മിഷനറിയാകുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ...**
**മിഷൻ രൂപതയായ ജമ്മു കാശ്മീരിലെ ജമ്മു - ശ്രീനഗർ രൂപതയിലേക്ക് നിങ്ങളെ ക്ഷണിക്കുന്നു..**

ഇന്ത്യയിൽ ദൈവത്തിന്റെ പറുദീസ എന്നറിയപ്പെടുന്ന ജമ്മു & കാശ്മീരിൽ 1952 ൽ ഇംഗ്ലണ്ടിൽ നിന്നുള്ള മിൽ ഹിൽ മിഷനറി അച്ചന്മാരുടെ നേതൃത്വത്തിൽ ക്രൈസ്തവസഭയ്ക്കു ജന്മം കൊണ്ടു. 1986 ൽ ജമ്മു - കാശ്മീരിലുള്ള എല്ലാ സഭാ മക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ജമ്മു - ശ്രീനഗർ എന്ന പേരിൽ സ്ഥാപിതമായി. ഇന്ന് ജമ്മു - കാശ്മീർ സംസ്ഥാനം മുഴുവനായി രൂപത വ്യാപിച്ചു കിടക്കുന്നു. രൂപതാധ്യക്ഷൻ അഭിവന്ദ്യ ഐവാൻ പെരേര പിതാവിനോടൊപ്പം രൂപത വൈദികർ ഇടവകകളിലും, സ്കൂളുകളിലും ആശുപത്രികളിലും മറ്റ് ആത്മീയ പ്രവർത്തനങ്ങളിലും പങ്കാളികളാകുന്നു. ദൈവത്തിന്റെ വിളി സ്വീകരിച്ചു ഒരു വൈദികനായി ജമ്മു - ശ്രീനഗർ രൂപതയിൽ ശുശ്രൂഷ ചെയ്യാൻ ഈശോ നിങ്ങളെ ക്ഷണിക്കുന്നു...



Vocation Promoter, Bishop's House, Jammu Cantt.,
NH 44, Jammu- 180003, Jammu & Kashmir
**Contact:- 7012360453, 9419129230**

**വിവാഹ ഒരുക്ക ധ്യാനം**

ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക ധ്യാനം 4, 5, 6 തീയതികളിൽ പൊടിമറ്റം നിർമല റിന്യുവൽ സെന്ററിൽ വച്ചും 10, 11, 12 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിലും വച്ചും നടക്കും. മെയ് മാസത്തെ വിവാഹ ഒരുക്ക ധ്യാനം 2, 3, 4 തീയതികളിൽ പൊടിമറ്റത്തും 23, 24, 25 തീയതികളിൽ അണക്കരയിലും നടക്കും.

**പാന വായനാ മത്സരം**

രൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നോമ്പുകാലത്തോട് അനുബന്ധിച്ച് നടത്തിയ പാന വായന മത്സരത്തിൽ 22 ടീമുകൾ പങ്കെടുത്തു. ഒന്നാം സ്ഥാനം ക്രിസ്തുരാജ് ചർച്ച് രാജഗിരിക്കും, രണ്ടാം സ്ഥാനം സെന്റ് ആന്റണീസ് ചർച്ച് തരകനാട്ടുകുന്നിനും, മൂന്നാം സ്ഥാനം സെന്റ് ജോസഫ് ചർച്ച് കൂവപ്പള്ളിക്കും ലഭിച്ചു. രൂപത ചാൻസിലർ റവ.ഡോ. മാത്യു ശൗര്യാംകുഴി സമ്മാനങ്ങൾ വിതരണം ചെയ്തു.



*ഒന്നാം സ്ഥാനം നേടിയ രാജഗിരി ക്രിസ്തുരാജ് ഇടവക ടീം സമ്മാനം ഏറ്റുവാങ്ങുന്നു.*

നമ്മുടെ രൂപത

# കലാകേരളം പറയുന്നു, കാഞ്ഞിരപ്പള്ളി അമല സൂപ്പറാണ്!



റെജി കാരിവേലിൽ







"അമ്മച്ചീ ഞാൻ ജോമാനാ... നമ്മുടെ പള്ളിപ്പെരുനാളിന് ഇത്തവണ, 'കാഞ്ഞിരപ്പള്ളി അമലേടെ' നാടകമാ- തച്ചൻ. ക്ഷീണമാണെങ്കിലും പോയി കാണണം.." ഇടുക്കിയിലെ മലയോരഗ്രാമത്തിലുള്ള വല്യമ്മച്ചിയോട് ഇറ്റലിയിലെ മാൾട്ടയിലുള്ള കൊച്ചുമകന്റെ ഫോൺ സംഭാഷണമാണിത്. തലമുറകൾ എത്ര മാറിയാലും നാടകത്തിന്റെ പ്രസക്തി കൂടിവരുകയാണെന്നതിന് തെളിവാണിത്.

നാടകമെന്ന കലയെ സ്നേഹിക്കുന്നവർ പതിറ്റാണ്ടുകളായി നെഞ്ചിലേറ്റുന്ന നാമമാണ്- കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷൻസ്. കലാകേരളത്തിൽ തരംഗം സൃഷ്ടിച്ചുകൊണ്ട് അമല ജൈത്രയാത്ര തുടങ്ങിയിട്ട് 42 വർഷങ്ങൾ പിന്നിടുന്നു. സംഗീതാസ്വാദകർക്ക് വിരുന്നൊരുക്കി അമലയുടെ ഗാനമേളയും അരങ്ങിലെത്തിയിട്ട് നാളേറെയായി.

നാടകസമിതികൾ മത്സരബുദ്ധിയോടെ അരങ്ങുവാഴുന്ന കാലത്താണ് 1983-ൽ കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിൽ അമല കലാരംഗത്തേക്ക് കടന്നുവരുന്നത്. ആദ്യ നാടകമായ 'വി. പൗലോസ്' തുടങ്ങി 37-ാമത് നാടകമായ 'തച്ചനി'ൽ എത്തിനില്ക്കുമ്പോഴും അമല കാണികളെ ആവേശം കൊള്ളിച്ച് വേദികളിൽ മുന്നേറുകയാണ്. അഭിവന്ദ്യ ജോസഫ് പൗവ്വത്തിൽ പിതാവ് തിരിതെളിച്ച ഈ നാടകസമിതിയെ പരിമിതമായ സാഹചര്യങ്ങളിൽ വെല്ലുവിളികളെ അതിജീവിച്ച് പ്രാരംഭഘട്ടത്തിൽ മുന്നോട്ടു നയിച്ചത്, ഫാ. ജോസഫ് കല്ലുകളമായിരുന്നു.

എത്രയെത്ര നാടകങ്ങൾ അമല വേദിയിലെത്തിച്ച് ഈടുറ്റ സന്ദേശങ്ങൾ ജനങ്ങൾക്ക് നൽകി. പകൽവീട്, ദി റോബ്, പോർമുഖങ്ങൾ, ഉല്ലാസപറവകൾ, മലമുകളിലെ കഴുകൻ, കാറ്റത്ത് അണയാത്ത കൽവിളക്ക്, ദൂരം, ഇവരെന്റെ പൊന്നോമനകൾ, ശാന്തം... തുടങ്ങിയ നിരവധി നാടകങ്ങൾ പ്രേക്ഷകമനസിൽ മായാതെ നിൽക്കുന്നു.

നാടകരചനയിൽ കീർത്തി പരത്തിയ നിരവധി പ്രതിഭകൾ അമലയ്ക്കായി കഥകളെഴുതി. ആലപ്പി രംഗനാഥനും, അഡ്വ.മണിലാലും, ഫ്രാൻസിസ് ടി. മാവേലിക്കരയും, ഹേമന്ത്കുമാറുമൊക്കെ ഇക്കൂട്ടത്തിൽ മുൻനിരയിലാണ്. സംവിധാന മികവിൽ പ്രദീപ് റോയ്, രാജേഷ് ഇരുളവുമൊക്കെ തിളങ്ങി നിൽക്കുന്നു. രംഗസജ്ജീകരണത്തിൽ ആർട്ടിസ്റ്റ് സുജാതന്റെ പാടവം പ്രതിഫലിക്കുന്നു. നാടകത്തിലെ പ്രകാശസന്നിവേശം കാണികളെ വിസ്മയിപ്പിക്കുന്നു.

പ്രശസ്തരായ നടീ-നടന്മാരാണ് അമലയുടെ കൈമുതൽ. ഒപ്പം പിന്നണിയിൽ പ്രവർത്തിക്കുന്ന വിദഗ്ധരായ കലാകാരന്മാരും. ഓരോ കഥാപാത്രത്തെയും ഒരു പിഴവും കൂടാതെ വേദിയിലവതരിപ്പിക്കാൻ അഭിനേതാക്കൾ മത്സരിക്കുന്നു. നാടകാവസാനം നടീ-നടന്മാരെ നേരിൽക്കണ്ട് അഭിനന്ദനങ്ങളും ആശംസകളും നേരാൻ വേദിക്കുചുറ്റും കൂടുന്ന ജനക്കൂട്ടം അഭിനേതാക്കൾക്ക് ലഭിക്കുന്ന 'അവാർഡ്' തന്നെയാണ്.

വസ്ത്രത്തിന്റെ രാഷ്ട്രീയം മികവാർന്ന രീതിയിൽ അവതരിപ്പിക്കുന്ന അമലയുടെ 'ശാന്തം' എന്ന നാടകത്തിന് പത്തരമാറ്റ് തിളക്കമാണ്. സംസ്ഥാന സർക്കാരിന്റെ മികച്ച നാടകസംവിധാനത്തിനുള്ള അവാർഡ് 'ശാന്തം' സംവിധാനം ചെയ്ത രാജേഷ് ഇരുളയത്തിനു ലഭിച്ചു. മികച്ച രണ്ടാമത്തെ നാടകരചനയായി, 'ശാന്തം' തൂലികയിൽ വിരിയിച്ച ഹേമന്ത് കുമാർ കരസ്ഥമാക്കി. ശാന്തത്തിൽ ഗിരീഷ് രവി മികച്ച നടനുള്ള സംസ്ഥാന അവാർഡ് സ്വന്തമാക്കി. റിക്കാർഡ് മറികടന്ന് ഈ നാടകം 350-ൽ പരം വേദികളിൽ അവതരിപ്പിച്ച് മുന്നേറുന്നു.

വി. യൗസേപ്പിതാവിന്റെ ജീവിതം രണ്ടര മണിക്കൂറിൽ വേദിയിൽ അവതരിപ്പിച്ച് വിശ്വാസ സമൂഹത്തെ പ്രശോഭിപ്പിച്ച ബൈബിൾ നാടകമാണ് 'തച്ചൻ'. ഈ നാടകം ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു.

അമലയുടെ ഗാനമേളയും - അമല കുടുംബത്തിന് പൊൻകിരീടമാണ്. കേരളത്തിലെ സംഗീതാസ്വാദകർ ഈ കലാവിരുന്ന് ഏറ്റെടുത്തു കഴിഞ്ഞു. അനുഗ്രഹീതഗായകരുടെ നീണ്ട നിരതന്നെ അമലയ്ക്കു സ്വന്തം.

'കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷന്-വിദേശങ്ങളിൽവരെ പരിപാടിക്കായി ക്ഷണം ലഭിക്കുന്നു. ഒരു പറ്റം പുരോഹിതരുടെയും കലാകാരന്മാരുടെയും കഠിനാധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും കഥയാണ് അമലയുടെ വളർച്ചയ്ക്ക് പിന്നിൽ. കടന്നുവന്ന വഴികളിൽ കൈപിടിച്ചുയർത്തിയ അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി, മാർ മാത്യു അറയ്ക്കൽ എന്നിവരും- കലാരംഗം സൂക്ഷ്മതയോടെ നിരീക്ഷിക്കുകയും കലയേയും കലാകാരന്മാരേയും വിലമതിക്കുകയും ചെയ്യുന്ന മാർ ജോസ് പുളിക്കൽപിതാവും ഇപ്പോൾ അമലയ്ക്ക് താങ്ങുംതണലുമായി നിലകൊള്ളുന്നു. പിന്നിട്ട വഴികളിൽ അമലയെ നയിച്ച ഫാ. ജോസ് കല്ലുകളം, റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ, ഫാ. സെബാസ്റ്റ്യൻ കിടങ്ങത്താഴെ, ഫാ. മാത്യു പുത്തൻപറമ്പിൽ എന്നിവർ അമലയ്ക്ക് ഓജസ്സും തേജസ്സും നൽകി. കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷന്റെ അമരക്കാരനായി നെടുംതൂണായി ഇപ്പോൾ സേവനം ചെയ്യുന്നത് ഫാ. ജോസഫ് കൊച്ചുവീട്ടിലാണ്.

അമലയുടെ ഇക്കൊല്ലത്തെ സാമൂഹ്യനാടകമായ 'ഒറ്റ'യും ബൈബിൾ നാടകമായ 'മറിയ'വും അണിയറയിൽ അണിഞ്ഞൊരുങ്ങുകയാണ്. കലയെന്ന തൊഴിൽ ജീവിതമാർഗമായ 72-ൽപരം കുടുംബങ്ങളുടെ അഭയവും അത്താണിയുമാണ് 'അമല കമ്മ്യൂണിക്കേഷൻസ്'.

## ബിബിയ 2025 (ബൈബിൾ ക്വിസ്)

ആനവിലാസം സെന്റ് ജോർജ് പള്ളിയുടെ രജത ജൂബിലിയോട് അനുബന്ധിച്ച്, കാഞ്ഞിരപ്പള്ളി രൂപതയുടെ മുഖപത്രമായ ദർശകൻ മാസികയോട് ചേർന്ന്, ബിബിയ ഓൺലൈൻ ബൈബിൾ ക്വിസ് ഒരുക്കുന്നു. ഏപ്രിൽ മാസം മുപ്പതാം തീയതി ബുധനാഴ്ച വൈകുന്നേരം എട്ടുമണിക്ക് നടത്തപ്പെടുന്ന രണ്ടാമത്തെ ബൈബിൾ ക്വിസ്സിന്റെ പഠിക്കേണ്ട ഭാഗങ്ങൾ ചുവടെ ചേർക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ തന്നിരിക്കുന്ന ക്യുആർ കോഡ് സ്കാൻ ചെയ്ത് വാട്സ്ആപ്പ് ഗ്രൂപ്പിൽ ചേരുമല്ലോ.

ഏപ്രിൽ മാസം പഠിക്കേണ്ട ഭാഗങ്ങൾ: ന്യായാ. 13,14 അധ്യായങ്ങൾ, പ്രഭാ. 43, 44 അധ്യായങ്ങൾ, ലൂക്ക 19, 20 അധ്യായങ്ങൾ, എഫേ. 2-ാം അധ്യായം.

(കൂടാതെ ഏപ്രിൽ മാസം ദർശകൻ മാസികയിൽ നിന്നും മൂന്നു ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നതാണ്. ദർശകൻ മാസികയുടെ PDF പിന്നീട് ഈ ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നതാണ്.)

**സമ്മാനങ്ങൾ**

| | | | |
|---|---|---|---|
| I | - 2000 | VII | - 400 |
| II | - 1500 | VIII | - 300 |
| III | - 1250 | IX | - 250 |
| IV | - 1000 | X | - 200 |
| V | - 750 | XI | -150 (5 പേർക്ക്) |
| VI | - 500 | XII | -100 (5 പേർക്ക് ) |

വാട്സ്ആപ്പ് ഗ്രൂപ്പിൽ ചേരാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.

**മാർച്ച് മാസം നടത്തിയ ബിബിയ ബൈബിൾ ക്വിസിൽ സമ്മാനാർഹരായ, ആദ്യ 20 സ്ഥാനങ്ങളിൽ എത്തിയവർ.**

1. ആശ വടക്കേയിൽ, ചേനപ്പാടി. 2. ടെസ്സി പ്ലാപ്പള്ളിൽ, ഇടക്കുന്നം. 3. വത്സമ്മ അമ്പലത്തിൽ, തോട്ടയ്ക്കാട്. 4. എൽസമ്മ ചെങ്ങളത്ത്, ചെങ്ങളം. 5. മേരിക്കുട്ടി പുതുപ്പറമ്പിൽ, ഉപ്പുതറ. 6. എൽസ മേരി തഴക്കമറ്റം, ചെങ്കൽ. 7. ടെസ്സി മുതുപ്ലാക്കൽ,മുക്കൂട്ടുതറ. 8. ഷാന്റി പന്തിരുവേലിൽ,പൊൻകുന്നം. 9. മേരിക്കുട്ടി ഇടപ്പാടികരോട്ട്, തരകനാട്ടുകുന്ന്. 10. ഷെറിൻ മുഴയിൽ, പൊടിമറ്റം. 11. A. ബേസിൽ ഡേവിസ് കപ്പലുമാക്കൽ,കപ്പാട്. 11. B. സാന്റീന ട്രീസാ സിജോ, വെളുത്തേടത്തു പറമ്പിൽ, കാര്യവട്ടം. 11. C. റിൻസി കോലാടി കുളത്തുങ്കൽ, കപ്പാട്. 11. D. ടോംസി നാഗത്തുങ്കൽ, പച്ചടി. 11. E. ജെസ്സി ജോണി മുണ്ടക്കൽ, അരീക്കുഴ. 12. A. ആൻസി ഫിലിപ്പ് ആനന്ദഭവൻ, പുറ്റടി. 12. B. അമൽ ഷാജി മീൻപന്താനം, അമലഗിരി. 12. C. ലൈജു ചരളയിൽ, വെളിച്ചിയാനി. 12. D. ത്രേസ്യാമ്മ കുരീക്കാട്ട്, ചമ്പക്കര. 12. E. ബിനിക്സ് തേക്കുംകാട്ടിൽ, ആനവിലാസം.

## 1000 കേന്ദ്രങ്ങളിൽ മയക്കുമരുന്ന് വിരുദ്ധ ജനകീയ പ്രതിരോധ സദസുകൾ സംഘടിപ്പിക്കുവാൻ കത്തോലിക്ക കോൺഗ്രസ്

**കൊച്ചി:** മയക്കുമരുന്ന് മുക്ത കേരളം എന്ന ലക്ഷ്യവുമായി കത്തോലിക്ക കോൺഗ്രസ് 1000 കേന്ദ്രങ്ങളിൽ മയക്കുമരുന്ന് വിരുദ്ധ ജനകീയ പ്രതിരോധ സദസുകൾ സംഘടിപ്പിക്കുന്നു. പ്രതിരോധപ്രവർത്തനങ്ങൾക്കായി ലഹരി വിരുദ്ധ കർമസേനകളും രൂപീകരിക്കും. വിദ്യാർഥികളുടെ ഇടയിൽ ലഹരി ഉപയോഗം വ്യാപകമായത് കൊലപാതകങ്ങളിലേക്ക് വരെ എത്തിച്ചേർന്ന് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന സാഹചര്യത്തിലാണ്, മയക്കുമരുന്ന് മരണമാണ് എന്ന സന്ദേശമുയർത്തി കത്തോലിക്ക കോൺഗ്രസ് പ്രതിരോധ സദസുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

രാഷ്ട്രീയ ഗുണ്ടകളെ വളർത്താൻ ലഹരി മാഫിയയെ പിന്തുണയ്ക്കുന്ന നയം രഹസ്യമായി പല രാഷ്ട്രീയ യുവജന സംഘടനകളും എടുത്തുവരുന്നുണ്ട്. ഇത് കേരളത്തിന്റെ നാശത്തിനാണ് എന്നും അതിൽ നിന്ന് പിൻമാറി സർക്കാരും വിവിധ രാഷ്ട്രീയ പാർട്ടികളും ഒന്നിച്ച് പോരാടേണ്ട സമയമാണ് ഇതെന്നും കത്തോലിക്ക കോൺഗ്രസ് പറഞ്ഞു. സമരത്തിന്റെ രണ്ടാം ഘട്ടമായി വിവിധ കേന്ദ്രങ്ങളിൽ ബോധവത്കരണവും കർമസേനയുടെ നേതൃത്വത്തിൽ നിയമപരമായ ഇടപെടലുകളും നടത്തും.

ലഹരിക്കെതിരേ പോരാടുന്ന ഉദ്യോഗസ്ഥർക്ക് വേണ്ട പിന്തുണ കൊടുക്കും. ജനകീയ പ്രതിരോധ സദസിന് വിവിധ കേന്ദ്രങ്ങളിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ, രൂപത ഭാരവാഹികൾ നേതൃത്വം നൽകും. ഏപ്രിൽ 27 ന് പാലക്കാട് നടക്കുന്ന കത്തോലിക്ക കോൺഗ്രസ് മഹാറാലിയിൽ ലഹരി മാഫിയയ്ക്കെതിരായ ജനകീയ മുന്നേറ്റം ഉണ്ടാകുമെന്നും പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസ്കുട്ടി ഒഴുകയിൽ എന്നിവർ പറഞ്ഞു.

# കുട്ടി ദർശകൻ



കൂട്ടുകാരെ,

1 സാമുവൽ  പതിനേഴാം അദ്ധ്യായം 41 മുതൽ 51 വരെയുള്ള വാകൃങ്ങൾ വായിക്കുമല്ലോ. നാം ആരാധിക്കുന്ന നമ്മുടെ ദൈവം ശക്തനാണെന്നും, ദുഷ്ടശക്തികളെ അവിടുന്ന് കീഴടക്കുമെന്നും, ദൈവത്തിൽ വിശ്വസിക്കുന്നവർ ബലഹീനതകൾ മറികടന്ന് വിജയം പ്രാപിക്കുമെന്നുമാണ് ഈ വചനഭാഗത്തിന്റെ പൊരുൾ. ദൈവത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന നല്ല മക്കളായി നമുക്ക് വളരാം.....

## ദാവീദും ഗോലിയാത്തും

### ഗോലിയാത്തിനെ തോൽപ്പിക്കാൻ ദാവീദിന് വഴി കാട്ടാമോ?




സൺഡേസ്കൂളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായുള്ള ദർശകന്റെ മത്സര പരിപാടിയാണിത്. നറുക്കെടുപ്പിലൂടെ 5 വിജയികൾക്കു സമ്മാനങ്ങൾ നൽകും. അയക്കുന്ന

കുട്ടിയുടെ പേര്, വീട്ടുപേര്, ക്ലാസ്, ഇടവക എന്നിവ വ്യക്തമായി നൽകേണ്ടതാണ്. ഈ മാസം 20ന് മുമ്പായി ഉത്തരങ്ങൾ അയക്കേണ്ടതാണ്. തന്നിരിക്കുന്ന സുവിശേഷം വായിച്ച് അതിൽ നിന്ന് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു വാക്യംകൂടി അയക്കുമല്ലോ. കൂടാതെ തഴെതന്നിരിക്കുന്ന ചിത്രം നിറം നൽകി മനോഹരമാക്കു. ശേഷം ഫോട്ടോ എടുത്ത്  7025466111 എന്ന വാട്ട്സ്അപ്പ് നമ്പരിലേക്ക് അയക്കുക.

**കഴിഞ്ഞ ലക്കത്തിലെ വിജയികൾ**

1) ആൽബർട്ട് സിജിൻ വേങ്ങത്താനം, വലിയതോവാള. 2) ജോൺ പള്ളിപ്പറമ്പിൽ, ഉപ്പുതറ. 3) മെറിൽ മേരി ജിൻസ് പുല്ലാട്ട്, ഇളങ്ങുളം. 4) ട്രീസ കല്ലുങ്കൽ, പൊൻകുന്നം. 5) ഡിസ്ന മരിയ സജു പുലിക്കുഴിയിൽ, രാജഗിരി.

നിറം നൽകി മനോഹരമാക്കു



## ഒരു ‘മുട്ട’ക്കഥ

### സ്വത്ത് എത്ര സമ്പാദിക്കാം



സിൽബാരിപുരംദേശത്തിലെ ഒരു ഗുരുകുലമാണ് രംഗം.

അവിടെ ആഴ്ചയിൽ ഒരിക്കൽ പൊതുജനങ്ങളുടെ സംശയ നിവൃത്തി വരുത്തുന്നതിനും ഉപദേശം നൽകുന്നതിനുമായി ഗുരുജി എല്ലാവർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്.

ഒരിക്കൽ ഒരാൾ ചോദിച്ചു –

‘ഗുരുജീ.. ഒരുവന് സമ്പത്ത് എത്ര വരെയാകാം? സമ്പാദിക്കുന്നത് ഒരു തെറ്റാണോ?‘

ഗുരുജി പ്രതിവചിച്ചു –

‘സമ്പാദിക്കുന്നത് ഒരു തെറ്റല്ല. പക്ഷേ അമിതമായും അന്യായ മാർഗത്തിലൂടെയും ഒരു വെള്ളിനാണയം പോലും ആരും സമ്പാദിക്കാൻ പാടില്ല‘

അതിനു ശേഷം, ഗുരുജി എണീറ്റു പോയി. അവിടെ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് മുട്ട കൊടുക്കുന്നതിനായി ധാരാളം കോഴികളെ വളർത്തുന്നുണ്ടായിരുന്നു. അദ്ദേഹം, അടുക്കളയിൽ നിന്ന് ഒരു ചെറിയ കുട്ടയുമായി നേരേ കോഴിക്കൂട്ടിലേക്ക് നടന്നു. ഏകദേശം ഇരുപതു മുട്ടയോളം കുട്ടയിൽ വച്ച് തിരികെ സദസ്സിലേക്കു വന്നു.

എന്നിട്ട്, സംശയം ചോദിച്ചയാളിനെ ഗുരുജി അടുത്തേക്കു വിളിച്ചു. കൈനീട്ടാൻ ആവശ്യപ്പെട്ടു. അയാളുടെ കയ്യിലേക്ക് മുട്ടകൾ ഓരോന്നായി കൊടുക്കാൻ തുടങ്ങി. അയാൾ ആദ്യമൊക്കെ മുട്ടകൾ ഇരുകയ്യും ചേർത്തു പിടിച്ചു ശേഖരിച്ചു. എന്നാൽ, ഗുരുജി ഒന്നും മിണ്ടാതെ കൊടുത്തു കൊണ്ടിരുന്നു.

അയാൾ മുട്ട താഴെപ്പോകാതിരിക്കാൻ വിഷമിച്ചു!

‘ഗുരുജീ.. മതി..എനിക്കു പിടിക്കാനാവില്ല. ദയവായി നിർത്തൂ..‘

എങ്കിലും, ഗുരുജി അതിനുമേൽ വച്ചുകൊണ്ടേയിരുന്നു. മുട്ട താഴെ വീഴാതിരിക്കാൻ വെപ്രാളപ്പെട്ടപ്പോൾ കയ്യിലെ പത്തിലധികം മുട്ടകളെല്ലാം ഒന്നിനു പിറകേ ഒന്നായി താഴെ വീണു പൊട്ടിച്ചിതറി!

അതിനു ശേഷം ഗുരുജി എല്ലാവരോടുമായി പറഞ്ഞു –

‘സമ്പത്തു സമ്പാദിക്കുന്നതും ഇതുപോലെയാണ്. നമുക്കു വേണ്ടതു മാത്രമേ കയ്യിൽ ശേഖരിക്കാവൂ. കൂടുതൽ സമ്പത്താവുമ്പോൾ ആദ്യം ഇതെല്ലാം കൈവിട്ട് താഴെപ്പോകുമോ എന്നു പേടി തുടങ്ങി മനസ്സമാധാനം പോകും. ദു:ഖിക്കും, അത് രോഗങ്ങളിലെത്തിക്കും. അങ്ങനെയുള്ള ചിലർക്ക് മാനസിക ശാരീരിക ആത്മീയ ആരോഗ്യവും നഷ്ടപ്പെട്ട് സർവ്വ സമ്പത്തും അനുഭവിക്കാനാവാതെ പോയേക്കാം‘

കംപ്യൂട്ടർ രംഗത്തെ നൂതന വിപ്ലവങ്ങൾ

# സെർച്ച് ജി–പിറ്റി



**ഡോ. ജൂബി മാത്യു**
HOD കംപ്യൂട്ടർ സയൻസ് & എൻജിനിയറിംഗ്,
അമൽജ്യോതി കോളേജ്

**സെർച്ച്ജിപിറ്റി, സെർച്ച് എഞ്ചിൻ സാങ്കേതികവിദ്യയിലെ ഒരു വലിയ നേട്ടമാണെന്ന് പറയാൻ കഴിയും. ഇത് വിവരങ്ങൾ കണ്ടെത്തുന്ന രീതിയിൽ ഒരു വിപ്ലവം സൃഷ്ടിക്കാൻ സാധ്യതയുണ്ട്.**




വർഷങ്ങളായി ഗൂഗിളിന്റെ ആധിപത്യമേഖലയാണ് 'വെബ് സെർച്ച്'. വിവിധ സെർച്ച് എഞ്ചിനുകൾ വേറെ ഉണ്ടായിരുന്നുവെങ്കിലും ഗൂഗിളിന് വെല്ലുവിളി സൃഷ്ടിക്കാൻ അവയ്ക്ക് ഇതുവരെ സാധിച്ചിരുന്നില്ല. എന്നാൽ ഗൂഗിൾ സെർച്ചിന് വെല്ലുവിളി ആയേക്കുമെന്ന വിലയിരുത്തലുകളോടെ രംഗപ്രവേശം ചെയ്തിരിക്കുകയാണ് ഓപ്പൺ എഐയുടെ സെർച്ച് ജിപിറ്റി(SearchGPT).

സെർച്ച് ജിപിറ്റി (SearchGPT) എന്ന പേരു കേട്ടാൽ ചിലർക്ക് ഇതു ഒരു സാധാരണ സെർച്ച് എഞ്ചിൻ ആയിരിക്കുമെന്ന് തോന്നാം. എന്നാൽ, ഇത് പുതിയ തലമുറ സെർച്ച് എഞ്ചിന്റെ ഒരു പ്രതിനിധിയാണ്. ഇത് പരമ്പരാഗത സെർച്ച് എഞ്ചിനുകളിൽനിന്ന് വ്യത്യസ്തമായി, ഒരു സംഭാഷണ ബോട്ടിനെപ്പോലെ പ്രവർത്തിക്കുന്നു. നിങ്ങൾ ഒരു ചോദ്യം ചോദിക്കുമ്പോൾ, സെർച്ച്ജിപിറ്റി അത് മനസ്സിലാക്കി, അതിനനുസരിച്ചുള്ള ഉത്തരം നൽകുന്നു. അതായത്, നിങ്ങൾക്ക് ഒരു ചോദ്യം ചോദിച്ചു തുടങ്ങി, അതിനെക്കുറിച്ച് കൂടുതൽ അറിയാൻ ആവശ്യമെങ്കിൽ, നിങ്ങൾക്ക് തുടർ ചോദ്യങ്ങൾ ചോദിക്കാം. ലളിതമായി പറഞ്ഞാൽ, ഇത് ഒരു സുഹൃത്തിനോട് സംസാരിക്കുന്നതുപോലെയാണ്.

തിരഞ്ഞെടുത്ത ഉപയോക്താക്കൾക്കും പ്രസാധകർക്കും നിലവിൽ ഉപയോഗിക്കാവുന്ന ഒരു പ്രോട്ടോടൈപ്പ് മോഡലാണ് സെർച്ച് ജിപിറ്റി.(https://openai.com/index/searchgpt-prototype/) തിരയുന്ന വിവരങ്ങൾ ലഭിക്കുന്ന ലിങ്കുകൾ നിർദേശിക്കുന്നതിലുപരി ഉപഭോക്താവിന്റെ ചോദ്യങ്ങൾക്ക് ഓരോ വെബ്സൈറ്റുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ചുള്ള സംഗ്രഹം നൽകാൻ സെർച്ച് ജിപിറ്റിയ്ക്ക് സാധിക്കും. ആദ്യം ചോദിച്ച ചോദ്യത്തിന് തുടർച്ചയെന്നോണം അധിക വിവരങ്ങൾ ചോദിക്കാനും ഇതിലാവും. ഓപ്പൺ എഐയുടെ വിപുലമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മോഡലുകളുടെ കഴിവുകളും ഉപയോഗിക്കുന്നുണ്ട്.

പരമ്പരാഗത സെർച്ച് എഞ്ചിനുകൾ കീവേഡ് ഗവേഷണത്തെ വളരെയധികം ആശ്രയിക്കുന്നു. ഇത് ഉപയോക്താക്കളുടെ തനതായ ആവശ്യങ്ങൾ മനസ്സിലാക്കുന്നത് ബുദ്ധിമുട്ടാക്കും. ഇതിനു വിപരീതമായി, ചോദ്യങ്ങൾ കൂടുതൽ ആഴത്തിലും കൃത്യമായും വ്യാഖ്യാനിക്കാൻ സെർച്ച്ജിപിറ്റി, നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ് (NLP) ഉപയോഗിക്കുന്നു. ചോദ്യങ്ങളുടെ പിന്നിലെ ഉദ്ദേശം മനസ്സിലാക്കാനും സംഭാഷണ സ്വരത്തിൽ പ്രതികരിക്കാനും ഈ സാങ്കേതികവിദ്യ സെർച്ച്ജിപിറ്റിയെ സഹായിക്കുന്നു. തൽഫലമായി, ഉപയോക്താക്കൾക്ക് അവരുടെ നിർദ്ദിഷ്ട ചോദ്യങ്ങളെ അടിസ്ഥാനമാക്കി കൂടുതൽ പ്രസക്തവും സന്ദർഭോചിതവുമായ ഉത്തരങ്ങൾ ലഭിക്കും.

തത്സമയ ഡേറ്റ സംയോജനം സെർച്ച്ജിപിറ്റിയുടെ കൃത്യതയും ഉപയോക്ത സൗഹൃദവും വർദ്ധിപ്പിക്കുന്നു. ഏറ്റവും പുതിയ വാർത്തകളും അപ്ഡേറ്റുകളും ഉൾപ്പെടെ, കാലികമായ വിവരങ്ങൾ നൽകുന്നതിലൂടെ, ഉപയോക്താക്കൾക്ക് നിലവിലുള്ളതും പ്രസക്തവുമായ ഫലങ്ങൾ ലഭിക്കുന്നുണ്ടെന്ന് സെർച്ച്ജിപിറ്റി ഉറപ്പാക്കുന്നു.

സെർച്ച് ജിപിറ്റിയുടെ ഏറ്റവും ആകർഷകമായ സവിശേഷതകളിലൊന്ന് അതിന്റെ സന്ദർഭോചിതമായ അവബോധമാണ്. സംഭാഷണത്തിന്റെ ഒഴുക്ക് നിലനിർത്തിക്കൊണ്ട് ഒന്നിലധികം ചോദ്യങ്ങൾ കൈകാര്യം ചെയ്യാൻ ഈ കഴിവ് സഹായിക്കുന്നു. നിങ്ങൾ ഫോളോ-അപ്പ് ചോദ്യങ്ങൾ ചോദിക്കുമ്പോൾ, നടന്നുകൊണ്ടിരിക്കുന്ന ചർച്ചയെ അടിസ്ഥാനമാക്കി കൂടുതൽ കൃത്യവും സംക്ഷിപ്തവുമായ പ്രതികരണങ്ങൾ നൽകിക്കൊണ്ട് സെർച്ച്ജിപിറ്റി മുമ്പത്തെ സന്ദർഭം ഓർക്കുന്നു.

സെർച്ച് ജിപിറ്റി, ഓപ്പൺ എഐയുടെ GPT (Generative Pretrained Transformer) സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള ഒരു സേർച്ച് എഞ്ചിൻ ആയതിനാൽ, അത് പരമ്പരാഗത സേർച്ച് എഞ്ചിനുകളിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ പ്രവർത്തിക്കുന്നു. ഇതിന് അതിന്റെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന നിരവധി സാങ്കേതിക ഘടകങ്ങളുണ്ട്. സേർച്ച് ജിപിറ്റിയുടെ പ്രവർത്തനത്തിന്റെ പ്രധാന സവിശേഷത നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ് (NLP) ആണ്. നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ്, ഉപഭോക്ത പ്രോംപ്റ്റുകളെ (ചോദ്യങ്ങൾ അല്ലെങ്കിൽ ആവശ്യങ്ങൾ) മനസിലാക്കാൻ സഹായിക്കുന്നു. ഉപയോക്താവ് നിഷ്കർഷിക്കുന്ന വ്യാകരണം, ആശയം എന്നിവ വിശകലനം ഇതിലൂടെ ചെയ്യുന്നു. സെർച്ച്ജിപിറ്റി, ഡീപ്പ്ലേണിംഗ് അൽഗോരിതങ്ങൾ ഉപയോഗിച്ച്, ഡാറ്റ സെറ്റുകൾ പഠിക്കുകയും, ഉപയോക്തൃആവശ്യങ്ങൾക്ക് അനുയോജ്യമായ മികച്ച ഫലങ്ങൾ നൽകുകയും ചെയ്യുന്നു. ഡീപ്പ് ലേണിംഗ്, പഴയ കാര്യങ്ങളിൽ നിന്നും പഠിക്കാനും, ഉത്തമമായ തിരയൽ ഫലങ്ങൾ നൽകാനുമുള്ള ഒരു ബുദ്ധിപരമായ സംവിധാനമാണ്.

സെർച്ച് ജിപിറ്റി ഒരു കംപ്യൂട്ടർ പ്രോഗ്രമായതിനാൽ ഇത് എല്ലായ്പ്പോഴും കൃത്യമായ ഉത്തരങ്ങൾ നൽകണമെന്നില്ല. സെർച്ച് ജിപിറ്റി, സെർച്ച് എഞ്ചിൻ സാങ്കേതികവിദ്യയിലെ ഒരു വലിയ നേട്ടമാണെന്ന് പറയാൻ കഴിയും. ഇത് വിവരങ്ങൾ കണ്ടെത്തുന്ന രീതിയിൽ ഒരു വിപ്ലവം സൃഷ്ടിക്കാൻ സാധ്യതയുണ്ട്. എന്നാൽ, ഇത് ഒരു പുതിയ സാങ്കേതികവിദ്യയായതിനാൽ, ഇതിനെക്കുറിച്ച് കൂടുതൽ പഠിക്കാനും മനസ്സിലാക്കാനും ഇനിയും ധാരാളം ഉണ്ട്. സെർച്ച് ജിപിറ്റി, ഭാവിയിൽ സെർച്ച് എഞ്ചിനുകളുടെ പ്രവർത്തനരീതിയെ തന്നെ പുനർനിർമ്മിക്കാൻ സാധ്യതയുള്ള സാങ്കേതികവിദ്യയാണ്. ❖

വലിയകുടുംബം സന്തുഷ്ട കുടുംബം

# കൂടുതൽ സമയം കുടുംബത്തിന്

**ഡോ. മാമ്മൻ പി. ചെറിയാൻ, മൂത്തേടത്ത്**
മെഡിക്കൽ ഓഫീസർ, PHC പെരുവ

വിവാഹിതനായ ഒരു വ്യക്തി മറ്റെന്തിനെക്കാളും, മറ്റാരെക്കാളും കുടുംബത്തിനു പ്രാധാന്യം കൊടുക്കേണ്ടിയിരിക്കുന്നു. അതിനനുസരിച്ച് സമയവും, സ്വഭാവവും, ജീവിതരീതികളും ബന്ധങ്ങളും ക്രമപ്പെടുത്താനുള്ള ഒരു പ്രാർത്ഥനാപൂർവമായ ശ്രമം ദമ്പതിമാരുടെ ഭാഗത്തുനിന്നും ഉണ്ടാകണം. മറ്റെന്തിനെക്കാളും തന്റെ പങ്കാളി എനിക്കാണ് പ്രാധാന്യം നൽകുന്നതെന്ന് പങ്കാളിക്ക് അനുഭവപ്പെടുന്നിടത്താണ് വിശ്വാസവും സ്നേഹവും വളരുന്നത്. ഒരു പ്രശ്നവുമായി ഭാര്യ വരുമ്പോൾ അതിനു പരിഹാരം കണ്ടെത്തുന്നത് അവൾ തന്നെ കേൾക്കുന്ന ശബ്ദത്തിൽ തനിക്ക് വിശ്വാസവും സ്നേഹവുമുള്ള ഒരു വ്യക്തിയോട് വീണ്ടും സംസാരിക്കുമ്പോഴാണ്. അവൾക്കുള്ള പ്രശനങ്ങൾക്ക് പരിഹാരം അവൾ തന്നെ കണ്ടുപിടിക്കുകയും അഥവാ കണ്ടെത്തിയില്ലെങ്കിൽ പ്രശ്നത്തിനു മാറ്റമുണ്ടാകുന്നതുവരെ അത് അംഗീകരിക്കാനുള്ള മാനസിക അവസ്ഥയിലേക്ക് അവർ എത്തിച്ചേരുകയും ചെയ്യും.

നമ്മുടെ സമയം പങ്കാളിക്ക് മാത്രമല്ല മക്കൾക്കും ആവശ്യമാണ്. ചെടിയോ മൃഗമോ പോലെയല്ല നമ്മുടെ മക്കൾ വളരേണ്ടത്. അവർക്ക് കൃത്യമായ സമയത്ത് കൊടുക്കേണ്ടത് കൊടുത്തും കൊടുക്കരുതാത്തത് ഒഴിവാക്കിയും വളർത്തുക എന്നതാണ് മാതാപിതാക്കളിൽ നിക്ഷിപ്തമായ കർത്തവ്യം. ഈ കർത്തവ്യം നിറവേറ്റുന്നതിനു മാതാപിതാക്കൾ മക്കളോടൊപ്പം ചേർന്ന് നടക്കണം. അവരോടൊപ്പം ആയിരിക്കണം. മക്കളോടൊപ്പം സമയം കണ്ടെത്തി അവരോടൊപ്പം കളിക്കണം അവരുടെ വിശേഷങ്ങൾ കേൾക്കണം, അവരോടൊപ്പം പുറത്തുപോകണം, യാത്രകൾ ചെയ്യണം ഇതൊക്കെ ആവശ്യമാണ്.

നമ്മുടെ മക്കളെ അറിയണമെങ്കിൽ അവർക്കുവേണ്ടി സമ്പാദ്യം ഉണ്ടാക്കിയതു കൊണ്ടോ, അവർക്ക് വേണ്ട സൗകര്യങ്ങൾ ചെയ്തതു കൊണ്ടോ മാത്രം കാര്യമില്ല, അവരോടൊപ്പം സമയം കണ്ടെത്തണം. അവർ നമ്മുടെ സ്നേഹം അനുഭവിക്കണം.

നമ്മുടെ കുടുംബത്തിനുള്ള സ്ഥാനം നാലിൽ നിന്നും മൂന്നിൽ നിന്നും രണ്ടിൽ നിന്നും ഒന്നിലേക്ക് മാറട്ടെ. കുടുംബം ഏറ്റവും അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. അപൂർണമായതൊക്കെ പൂർണമാക്കുന്ന ദൈവം ഈ ദൗത്യത്തിൽ നമ്മോടൊപ്പമുണ്ട്. കുടുംബജീവിതമെന്ന വിളിയും ദൗത്യവും ഉന്നതവും ശ്രേഷ്ഠവും ആകുന്നത് വിളിച്ച ദൈവം ശ്രേഷ്ഠനായതുകൊണ്ടാണ്. ആ ദൗത്യം മനോഹരമായി കൈകാര്യം ചെയ്യാൻ ദൈവം കൃപ നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



*ഡോ. മാമ്മൻ പി. ചെറിയാൻ കുടുംബത്തോടൊപ്പം*

# 'പാഷൻ ഓഫ് ദ ക്രൈസ്റ്റ്' രണ്ടാം ഭാഗത്തിന്റെ ചിത്രീകരണം ഓഗസ്റ്റിൽ ആരംഭിക്കും




**ന്യൂയോർക്ക്:** യേശു ക്രിസ്തുവിന്റെ പീഡാനുഭവങ്ങളെ ആസ്പദമാക്കി നിർമിച്ച് വൻ വിജയമായ 'ദ പാഷൻ ഓഫ് ദ ക്രൈസ്റ്റ്' സിനിമയുടെ രണ്ടാം ഭാഗമായ "ദി റിസറക്ഷൻ ഓഫ് ദി ക്രൈസ്റ്റ്" ഓഗസ്റ്റിൽ നിർമ്മാണം ആരംഭിക്കുമെന്ന് റോമിലെ സിനിസിറ്റ സ്റ്റുഡിയോയുടെ സിഇഒ മാനുവേല കാസിയാമനി. മെൽ ഗിബ്സൺ സംവിധാനം ചെയ്ത് ഐക്കൺ പ്രൊഡക്ഷൻസ് നിർമ്മിക്കുന്ന അടുത്ത ചിത്രമായ 'ദി റിസറക്ഷൻ ഓഫ് ക്രൈസ്റ്റ്' ഈ വരുന്ന ഓഗസ്റ്റിൽ ഇറ്റലിയിലെ സിനിസിറ്റയിൽ ചിത്രീകരിക്കുമെന്ന് സ്ഥിരീകരിക്കാൻ കഴിയുമെന്നും ഇതിന് വലിയ ഒരുക്കങ്ങൾ ആവശ്യമാണെന്നും ഇറ്റാലിയൻ പത്രമായ ഇൽ സോൾ 24 ഓറിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. 2004-ൽ മെൽ ഗിബ്സൻ സംവിധാനം ചെയ്ത 'പാഷൻ ഓഫ് ക്രൈസ്റ്റ്' ചിത്രം സിനിമാ ചരിത്രത്തിലെ നാഴികകല്ലായിരുന്നു. 30 ദശലക്ഷം ഡോളർ ചിലവിൽ നിർമ്മിച്ച സിനിമ ആഗോള തലത്തിൽ 611 ദശലക്ഷം ഡോളറാണ് വാരിക്കൂട്ടിയത്.

# ഇൻഫാം കാർഷികമേഖലയുടെ മുഖച്ഛായ മാറ്റി: മാർ ജോസ് പുളിക്കൽ

**പാറത്തോട്:** കാർഷികമേഖലയുടെ മുഖച്ഛായ മാറ്റിയ പ്രസ്ഥാനമാണ് ഇൻഫാമെന്ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷികജില്ല അസംബ്ലി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ സമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലകളെ സ്പർശിക്കുന്ന ഒരു ദേശീയ പ്രസ്ഥാനമായി മാറാൻ ഇൻഫാമിനു കഴിഞ്ഞു. നാടിന്റെ വളർച്ചയ്ക്കും പുരോഗതിക്കുംവേണ്ടി പ്രവർത്തിക്കുന്ന കർഷകനും കാർഷിക മേഖലയും എല്ലാ രീതിയിലും വലിയ ആദരവ് അർഹിക്കുന്നവരാണെന്ന് തെളിയിക്കുവാൻ കഴിഞ്ഞ നാളുകൾകൊണ്ട് ഇൻഫാം എന്ന ദേശീയ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്നും മാർ ജോസ് പുളിക്കൽ കൂട്ടിച്ചേർത്തു.



*ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷികജില്ല അസംബ്ലി രക്ഷാധികാരിയും രൂപതാധ്യക്ഷനുമായ മാർ ജോസ് പുളിക്കൽ ഉദ്ഘാടനം ചെയ്യുന്നു. ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ സമീപം.*

കർഷകന്റെയും കാർഷിക മേഖലയുടെയും അന്തസും അഭിമാനവും പൊതുസമൂഹത്തിന്റെ മുമ്പിൽ ഉയർത്തുവാൻ ഇൻഫാമിനു കഴിഞ്ഞുവെന്ന് അനുഗ്രപ്രഭാഷണം നടത്തിയ കാഞ്ഞിരപ്പള്ളി രൂപത വികാരി ജനാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ പറഞ്ഞു.

വികേന്ദ്രീകൃത വികസന പദ്ധതികളിലൂടെ കർഷകനെയും കാർഷിക മേഖലയെയും ശാക്തീകരിക്കുവാനുള്ള പ്രവർത്തനങ്ങളുമായി ഇൻഫാം മുന്നോട്ടുപോകുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ പറഞ്ഞു.



**അണക്കര കാർഷികതാലൂക്ക്**



**എരുമേലി കാർഷികതാലൂക്ക്**



**കാഞ്ഞിരപ്പള്ളി കാർഷികതാലൂക്ക്**



**കട്ടപ്പന കാർഷികതാലൂക്ക്**



**കുമളി കാർഷികതാലൂക്ക്**



**മുണ്ടക്കയം കാർഷികതാലൂക്ക്**



**മുണ്ടിയെരുമ കാർഷികതാലൂക്ക്**



**പത്തനംതിട്ട കാർഷികതാലൂക്ക്**



**പെരുവന്താനം കാർഷികതാലൂക്ക്**



**പൊൻകുന്നം കാർഷികതാലൂക്ക്**



**റാന്നി കാർഷികതാലൂക്ക്**



**ഉപ്പുതറ കാർഷികതാലൂക്ക്**



**വെളിച്ചിയാനി കാർഷികതാലൂക്ക്**



*ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷികജില്ലയുടെ ഹൈറേഞ്ച് മേഖല വനിതാദിനാചരണം കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ റവ.ഡോ. ജോസഫ് വെള്ളമറ്റം ഉദ്ഘാടനം ചെയ്യുന്നു.*



*ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷികജില്ലയുടെ ലോറേഞ്ച് മേഖല വനിതാദിനാചരണം കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ ഫാ. ജോസഫ് വെള്ളമറ്റം ഉദ്ഘാടനം ചെയ്യുന്നു.*

RNI Reg. No. KERMAL/2012/45157 Annual Subscription Rs. 150/-
Postal Reg. No. KL/CHC/64/2023-25 Published on April 1

MARIAN COLLEGE
KUTTIKKANAM
AUTONOMOUS
MAKING COMPLETE

ACCREDITED A++ NAAC GRADE : 3.71/4

ONLINE APPLICATIONS
NOW OPEN
www.mariancollege.org

- **B.Com** (Honours) with ACCA (UK) / CA (IND) / CPA (US) / CMA (US)/CIMA (UK)
- **BBA** (Honours)
- **BCA** (Honours)
- **BSW** (Honours)
- **B.Sc Mathematics** (Honours)
- **BA** (Honours) English Literature, Communication & Journalism
- **BA** (Honours) Applied Economics
- Integrated **M.Sc** (Basic Sciences, Physics)
- **MBA** (Finance, Marketing, Human Resources, Operations)
- **MA** Hospitality and Tourism Management
- **MA** Communication and Media Studies
- **M.Com** with ACCA
- **MSW**
- **MCA**
- **Ph.D** (Commerce, Social Work)

PLACEMENT WITH HIGH SALARY PACKAGE

STATE-OF-THE-ART INFRASTRUCTURE

OUTCOME BASED TEACHING PEDAGOGY





**Kuttikkanam P.O, Peermade,**
**Idukki District, Kerala - 685531**
**mariancollege@mariancollege.org**
**www.mariancollege.org**
**CONTACT 75949 71020, 75949 71004**




Printed & Published by Fr. Boby Alex Mannamplackal, Diocese of Kanjirapally. Printed at Rashtra Deepika Limited, Vadavathoor. Chief Editor: Fr. Justin Mathiyath. Designed at Divine Graphics KPLY.